# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# അരുവിക്കര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം

**തിരുവനന്തപുരം.-695001**

**ഇ-മെയിൽ: lfadtvm@yahoo.in**

**ഫോൺ : 0471-2331231**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ ജി.പി.7/1897/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 22/12/2024
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അരുവിക്കര ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക്

ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1897/2024 തീയ്യതി: 22/12/2024

# തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 59 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 45 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ്

ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രതാപ്കുമാർ ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 11-11-2024 | 19-11-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-11-2024 | 19-11-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലിഷ കെ.വി, ഓഡിറ്റ് ഓഫീസർ
ശ്രീ. പ്രദീപ്കുമാർ ആർ.എസ്., അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്വപ്ന എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അജിത്ത് ആർ.ജെ., ഓഡിറ്റർ
ശ്രീ. ജിജോ ജെ. നായർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| ശ്രീമതി ആർ. കല | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ. ഷിബു പ്രണബ് ആർ.എസ്. | സെക്രട്ടറി | 01-04-2023 | 10-11-2023 |
| ശ്രീമതി അജിത എസ്.എസ്. | സെക്രട്ടറി | 10-11-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പ്രശാന്ത് ബി. | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ. ലിന്റാ ജോൺസ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2023 | 31-03-2024 |
| ഡോ. വി.എസ്. അജിത്ത് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2023 | 31-03-2024 |
| ഡോ. ജാസ്മിൻ എസ്.എം. | മെഡിക്കൽ ഓഫീസർ, അലോപ്പതി | 01-04-2023 | 31-03-2024 |
| ഡോ. അരുൺ പി. രാജ് | സിദ്ധ മെഡിക്കൽ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി നയനതാര ജി.ജി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീ. പ്രേംകുമാർ വി.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സർക്കിൾ - 2 | 01-04-2023 | 11-07-2023 |

| | | | |
|---|---|---|---|
| ശ്രീമതി അശ്വതി എ. വിജയൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സർക്കിൾ - 2 | 20-07-2023 | 31-03-2024 |
| ശ്രീമതി പുഷ്പകുമാരി വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സർക്കിൾ - 1 | 01-04-2023 | 31-03-2024 |
| ശ്രീമതി ബിന്ദു സി.ആർ. | ഹെഡ്മിസ്ട്രസ്സ് | 01-04-2023 | 09-06-2023 |
| ശ്രീമതി ഷിജ്ജു എസ്.എൽ. | ഹെഡ്മിസ്ട്രസ്സ് | 14-06-2023 | 31-08-2023 |
| ശ്രീമതി സിന്ധുമോൾ റ്റി.ജെ. | ഹെഡ്മിസ്ട്രസ്സ് | 01-09-2023 | 31-03-2024 |
| ശ്രീ. അശ്വൻ ദാസ് വി.കെ. | അസി. എഞ്ചിനീയർ (LSGD) | 01-04-2023 | 31-03-2024 |
| ശ്രീ. പ്രശാന്ത് എസ്. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ. അനിയൻ എ.കെ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീ. ഷിബു പ്രണബ് ആർ.എസ്. | സെക്രട്ടറി | 01-04-2023 | 10-11-2023 |
| ശ്രീമതി അജിത എസ്.എസ്. | സെക്രട്ടറി | 10-11-2023 | 31-03-2024 |
| ശ്രീമതി റാണി എസ്. | അസി. സെക്രട്ടറി | 01-04-2023 | 31-03-2024 |
| ഡോ. മേരി വിനി ഏഞ്ചൽ | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ-2 12/07/2023 മുതൽ 19/07/2023വരെ ഒഴിവ്
ഹെഡ്മിസ്ട്രസ്സ് 10.06.2023 മുതൽ 13.06.2023 വരെ ഒഴിവ്

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
| --- | --- | --- |
| 1 | വാർഷിക അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രിക യ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | തൻവർഷത്തെ വരവ് ചെലവ് കണക്കുകൾ ക്രമീകരിച്ച ബി-1 ഷെഡ്യൂൾ സമർപ്പിച്ചിട്ടില്ല | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | 2023-24 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല | 1-1-4 |
| 6 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ്ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ആസ്തി സൃഷ്ടിക്കുന്നതിനായി നൽകിയ പാർട്ട് ബില്ലിലെ തുകയും Capital Work In Progress ആയി ഉൾപ്പെടുത്തിയ തുകയും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | വിവിധ അക്കൗണ്ടുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല | 1-1-8 |
| 10 | പ്രത്യേക ഗ്രാന്റ് തുകയുടെ നീക്കിയിരിപ്പിൽ വ്യത്യാസം | 1-1-9 |
| 11 | ഗ്രോസ് ഡെഫിസിറ്റായി ഉൾപ്പെടുത്തിയ തുകയിൽ വ്യത്യാസം | 1-1-10 |
| 12 | തെറ്റായി രേഖപ്പെടുത്തിയ ബാങ്ക് അക്കൗണ്ട് വാർഷിക ധനകാര്യപത്രികയിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്. | 1-1-11 |
| 13 | ദുരിതാശ്വാസ നിധിയുടെ നീക്കിയിരിപ്പിൽ വ്യത്യാസം | 1-1-12 |

| | | |
|---|---|---|
| 14 | തൊഴിലുറപ്പ് പദ്ധതി - ഭരണച്ചെലവുകൾ, ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുകകൾ എന്നിവ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല | 1-1-13 |
| 15 | തൊഴിലുറപ്പ് - മുൻകൂറിനത്തിൽ തിരികെ അടവാക്കാനവശേഷിക്കുന്ന തുക പൊരുത്തപ്പെടുന്നില്ല | 1-1-14 |
| 16 | നിക്ഷേപ പ്രവർത്തി - ചെലവ് തുക B18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയില്ല | 1-1-15 |
| 17 | സ്പിൽ ഓവർ പദ്ധതികൾ - സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടില്ല | 1-1-16 |
| 18 | ബജറ്റ് | 1-2 |
| 19 | സാമ്പത്തിക വിശകലനം | 1-3 |
| 20 | ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ | 1-4-1 |
| 21 | ഗ്രാന്റ് വിനിയോഗം | 1-4 |
| 22 | പദ്ധതി ആസൂത്രണം - അവലോകനം | 1-5 |
| 23 | ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ | 1-6 |
| 24 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 25 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 26 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - പൊതുസ്ഥലങ്ങളിൽ തണൽ വൃക്ഷങ്ങളും ഫലവൃക്ഷങ്ങളും നട്ട് പരിപാലിക്കൽ - അപാകങ്ങൾ | 1-9-1 |
| 27 | എം.ജി.എൻ.ആർ.ഇ.ജി.എസ് - അവലോകനം | 1-9 |
| 28 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 29 | ലൈസൻസ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ കാലികമാക്കി സൂക്ഷിക്കുന്നില്ല. | 1-11 |
| 30 | രസീത് ബുക്ക് പരിപാലനത്തിലെ അപാകങ്ങൾ. | 1-12 |
| 31 | വാടക കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. | 1-13 |

| | | |
|---|---|---|
| 32 | മാർക്കറ്റ് ഗേറ്റ് ഫീസ് പിരിച്ചെടുക്കാത്തതിലൂടെ വരുമാന നഷ്ടം സംഭവിക്കുന്നു-മാർക്കറ്റുകൾ പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 1-14 |
| 33 | തൊഴിൽ നികുതി - സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കിയിട്ടില്ല | 1-15-1 |
| 34 | റേഷൻ കട ഉടമകളിൽ നിന്ന് തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല. | 1-15-2 |
| 35 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല | 1-15-3 |
| 36 | തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല | 1-15-4 |
| 37 | വസ്തു നികുതി അപാകങ്ങൾ | 1-15 |
| 38 | പൊളിച്ചു കളയുന്ന കെട്ടിടത്തിന് മുൻകാല പ്രാബല്ല്യത്തിൽ നികുതി ഒഴിവാക്കി നൽകി | 1-16-1 |
| 39 | വസ്തു നികുതി പരിഷ്കരണം പുതുക്കിയ നിരക്കിലുള്ള നികുതി ഈടാക്കിയില്ല | 1-16-2 |
| 40 | മൊബൈൽ ടവറുകളുടെ കുടിശ്ശിക | 1-16-3 |
| 41 | വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല | 1-16-4 |
| 42 | പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുന്നില്ല | 1-16-5 |
| 43 | വസ്തു നികുതി അപാകങ്ങൾ | 1-16 |
| 44 | വസ്തു നികുതി പിരിവിൽ ഗണ്യമായ കുറവ് | 1-17 |
| 45 | തനത് വരുമാനം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല | 1-18 |
| 46 | കോർപ്പറേറ്റ് സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ | 1-19 |
| 47 | ദുരന്ത മാനേജ്മെന്റ് പ്രവർത്തനങ്ങൾ അനിവാര്യം | 1-20 |
| 48 | വനിതകൾക്ക് അലങ്കാരമത്സ്യവിത്ത് ഉത്പാദനവും വളർത്തലും - 40,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |

| | | |
|---|---|---|
| 49 | അനുപൂരക പോഷകാഹാരം അങ്കണവാടികളിൽ (പൊതുവിഭാഗം) - 14,11,895/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 50 | കേരളോത്സവം - ചെലവുരേഖകൾ ലഭ്യമല്ല - 1,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 51 | ഉപയോഗ ശൂന്യമായ പൊതു ടാപ്പുകൾ നീക്കം ചെയ്യൽ - നടത്തിപ്പിലെ അപാകങ്ങൾ - 2,50,946/- രൂപ തടസ്സപ്പെടുത്തുന്നു | 1-24 |
| 52 | പോസ്റ്റ് മാറ്റൽ - വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 1,99,606/- തടസ്സപ്പെടുത്തുന്നു | 1-25 |
| 53 | ആശ്വാസ് പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല- 72,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു | 1-26 |
| 54 | തെരുവ് വിളക്ക് പരിപാലനം - നടത്തിപ്പിലെ അപാകങ്ങൾ | 1-27 |
| 55 | സ്പിൽ ഓവർ പദ്ധതികളുടെ ചെലവ് സുലേഖ പത്രികയിൽ ഉൾപ്പെടുത്തിയില്ല. | 1-28 |
| 56 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി - 2,80,577/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-29 |
| 57 | സിദ്ധ ആശുപത്രിയിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ രൂപീകരണം സംബന്ധിച്ച് | 1-30 |
| 58 | ഹരിതകർമ്മസേന - പ്രവർത്തനാവലോകനം | 1-31 |
| 59 | ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 1-32 |
| 60 | ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കാനുള്ള തുക പൂർണ്ണമായും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചില്ല - ലഭിച്ച തുക ഗ്രാമ പഞ്ചായത്തിൽ ഒടുക്കുവരുത്തിയിട്ടുമില്ല. | 1-33 |
| 61 | സകർമ്മ മിനുട്സ് യഥാസമയം പ്രസിദ്ധപ്പെടുത്തുന്നില്ല | 1-34 |
| 62 | എസ്.എൽ.ബി.പി പദ്ധതിക്കായി തുക കൈമാറൽ വിനിയോഗവിവരം ലഭ്യമല്ല - 1,69,991/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-35 |

| | | |
|---|---|---|
| 63 | ടോയ്‌ലറ്റ് നിർമ്മാണത്തിനായി തുക നൽകൽ - രേഖകൾ ലഭ്യമല്ല - 2,16,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-36 |
| 64 | ഭവന പുനരുദ്ധാരണം - വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല - 1,50,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. | 1-37 |
| 65 | ലൈഫ് ഭവന നിർമ്മാണം - അപാകങ്ങൾ | 1-38 |
| 66 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി. | 1-39 |
| 67 | മരാമത്ത് പ്രവർത്തികൾ - ഇൻഷൂറൻസ് എടുക്കാത്ത പ്രവർത്തികൾക്ക് പിഴ ഈടാക്കിയില്ല. | 1-40 |
| 68 | തുമ്പൂർ മുഴി മാലിന്യ സംസ്ക്കരണ സംവിധാനം പ്രവർത്തനം ആരംഭിച്ചില്ല | 1-41 |
| 69 | കരാർ വക്കുന്നതിന് കാലതാമസം - പിഴ ഈടാക്കിയില്ല | 1-42 |
| 70 | ആസ്തിയിലുൾപ്പെടുത്തിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-43-1 |
| 71 | പുറമ്പോക്ക് ഭൂമിയുടെ കയ്യേറ്റം - തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ് | 1-43-2 |
| 72 | കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ വാട്ടർ ചാർജ്ജ് കുടിശ്ശിക- തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്. | 1-43-3 |
| 73 | കമ്മിറ്റി തീരുമാനങ്ങളിൻ മേൽ എടുത്ത തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്. | 1-43 |
| 74 | ടേക്ക് എ ബ്രേക്ക് - നിർമ്മാണം പൂർത്തീകരിച്ചില്ല | 1-44 |
| 75 | എം.സി.എഫ് - അജൈവ മാലിന്യം നീക്കം ചെയ്യാത്ത നിലയിലും കെട്ടിടം തീപ്പിടുത്തത്തിൽ കേടു പാടുകൾ സംഭവിച്ച നിലയിലും | 1-45 |
| 76 | അരുവിക്കര മാർക്കറ്റിൽ ജില്ലാ പഞ്ചായത്ത് നിർമ്മിച്ച് ഗ്രാമ പഞ്ചായത്തിന് കൈമാറിയ കെട്ടിടം വാടകക്ക് നല്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 1-46 |

| | | |
|---|---|---|
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 വാർഷിക അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രിക യ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. മേൽ വിഷയവുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻകയറി ( 19/23-24, 16.11.2024 )ക്ക് അടുത്ത വാർഷിക ധനകാര്യ പത്രികയിൽ വാർഷിക അനുപാതങ്ങൾ ഉൾപ്പെടുത്തുന്നതാണെന്നറിയിച്ചു. അക്കൗണ്ടിംഗ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.അരുവിക്കര ഗ്രാമ പഞ്ചായത്തിന്റെ 2024മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 11.06.2024ലെ 1(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 21-06-2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ (2023-24) വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

## 1-1-2 തൻവർഷത്തെ വരവ് ചെലവ് കണക്കുകൾ ക്രമീകരിച്ച ബി-1 ഷെഡ്യൂൾ സമർപ്പിച്ചിട്ടില്ല

തൻ വർഷത്തെ വരവ് ചെലവ് കണക്കുകൾ ക്രമീകരിച്ച ബി-1 ഷെഡ്യൂൾ വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിക്കാത്തതിന്റെ കാരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി ( 19/23-24, 16.11.2024)ക്ക് ഐ എൽ ജി എം എസിൽ ബി-1 ഷെഡ്യൂൾ

ലഭ്യമല്ലാത്തതിനാലാണ് വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കാത്തതെന്ന് മറുപടി നൽകി. അക്കൗണ്ടിംഗ് ചട്ടങ്ങളിലെ നിബന്ധനകൾക്കനുസൃതമായി രേഖകൾ തയ്യാറാക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി, തൊഴിൽ നികുതി എന്നിവയിൽ പ്രതിമാസം ഡിമാന്റ് ചെയ്തിട്ടില്ല. 2023-24 വർഷാവസാനം മാത്രമാണ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നമ്പർ / തീയതി |
|---|---|---|
| 110100101 | Property Tax On Residential Buildings | 42301633/31.03.2024 |
| 110100102 | Property Tax On Non Residential | 42301632/31.03.2024 |
| **110200101** | Profession Tax - Institutions | 42301656/31.03.2024 |
| 110200105 | Profession Tax - Traders | 42301657/31.03.2024 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി ( 19/23-24, 16.11.2024 )ക്ക് പ്രതി മാസ ഡിമാന്റ് തയ്യാറാക്കുക എന്നത് സാധ്യമല്ലാത്തതാണെന്നും അടുത്ത സാമ്പത്തിക വർഷം ഡിമാന്റ് ജേണൽ എൻട്രി മുഖേന ക്രമീകരിക്കുമ്പോൾ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചു. അക്കൌണ്ടിംഗ് ചട്ടങ്ങളിലെ നിബന്ധനകൾക്കനുസൃതമായി രേഖകൾ തയ്യാറാക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-1-4 2023-24 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല

2023-24 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂൾ പ്രകാരം തുകയില്ല. എന്നാൽ തൻ വർഷം വിവിധ പദ്ധതികളിലായി വാങ്ങലുകൾ ഉണ്ട്. ആയതിന്റെ മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (19/23-24,

16.11.2024)ക്ക് അടുത്ത വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി നൽകി. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-5 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ്ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase In Cash And Cash Equivalents" പ്രകാരമുള്ള 26,630,406/- തുകയും "Net Cash Generated By Operating + Investing + Financing Activities (A+B+C)" പ്രകാരമുള്ള 13,171,157/- തുകയും പൊരുത്തപ്പെടുന്നില്ല. വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി ( 19/23-24, 16.11.2024 )ക്ക് ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് ഐ എൽ ജി എം എസിൽ ഓട്ടോമാറ്റിക്കായി ജനറേറ്റ് ചെയ്യുന്നതാണ് എന്ന മറുപടിയാണ് നൽകിയത്. സോഫ്റ്റ് വെയറിലെ അപാകം പരിഹരിക്കുവാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-6 ആസ്തി സൃഷ്ടിക്കുന്നതിനായി നൽകിയ പാർട്ട് ബില്ലിലെ തുകയും Capital Work In Progress ആയി ഉൾപ്പെടുത്തിയ തുകയും പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B-11(B) ഷെഡ്യൂൾ പ്രകാരം Capital Work In Progress ഇനത്തിൽ 22,26,836/- രൂപയെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. Part Bill സംബന്ധിച്ച് എ ഇ യുടെ റിപ്പോർട്ട് പ്രകാരം 1,64,287/-രൂപയുടെ പ്രവൃത്തിയാണ് തൻവർഷം Capital Work In Progress ഇനത്തിൽ ഉള്ളത്. അസിസ്റ്റന്റ് എഞ്ചിനിയർ ലഭ്യമാക്കിയ രേഖകളുടെ അടിസ്ഥാനത്തിലാണ് B-11(B) ഷെഡ്യൂളിലെ തുക ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് ഓഡിറ്റ് എൻക്വയറി (19/23-24, 16.11.2024)ക്ക് മറുപടിയായി അറിയിച്ചു. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-7 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്നിനും (ഉദാഹരണമായി 2023 മാർച്ചിലെ ശമ്പളം, ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ്) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ബില്ല്

ലഭ്യമാകുന്ന മുറയ്ക്കാണ് ചെലവ് ചെയ്ത് വരുന്നതെന്നാണ് പ്രൊവിഷൻ രേഖപ്പെടുത്താത്തതിന്റെ കാരണമായി അറിയിച്ചത്. ഓഡിറ്റ് എൻകയറി ( 19/23-24, 16.11.2024 ). അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-8 വിവിധ അക്കൗണ്ടുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല

ബാങ്ക് പാസ്ബുക്ക്, റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് , ഐ എൽ ജി എം എസ് റിക്കൺസിലിയേഷൻ എന്നിവ പ്രകാരമുള്ള ചുവടെ ചേർത്തിരിക്കുന്ന അക്കൗണ്ടുകൾ വാർഷിക ധനകാര്യ പത്രികയുടെ RP 40(A), RP 40(B) എന്നിവയിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ

1)ട്രഷറി അക്കൗണ്ട് നമ്പർ : 799013100000370 -ജോയിന്റ് വെഞ്ചർ അക്കൗണ്ട്

2)ട്രഷറി അക്കൗണ്ട് നമ്പർ - 799011400000133

3)സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ അക്കൗണ്ട് നമ്പർ – 41745741639 എം ജി എൻ ആർ ഇ ജി എസ്

2023-24 സാമ്പത്തിക വർഷം മേൽ അക്കൗണ്ടുകളിൽ ട്രാൻസാക്ഷനൊന്നും നടക്കാത്തതിനാലാണ് വാർഷിക ധനകാര്യ പത്രത്തിൽ ഉൾപ്പടുത്താത്തതെന്നറിയിച്ചു. ഓഡിറ്റ് എൻകയറി (19/23-24, 16.11.2024). സ്ഥാപനത്തിലെ എല്ലാ അക്കൗണ്ടുകളുടേയും വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-1-9 പ്രത്യേക ഗ്രാന്റ് തുകയുടെ നീക്കിയിരിപ്പിൽ വ്യത്യാസം

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് തുകയുടെ 31/3/24 ലെ നീക്കിയിരിപ്പും അവയുടെ ബാങ്ക് അക്കൗണ്ടിലെ 31/3/24 ലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ.

| ക്രമ നമ്പർ | ശീർഷകം | ഇനം | ബി -4 പ്രകാരം | ബി -17 /ബാങ്ക് റിക്കൺസിലിയേഷൻ എന്നിവ പ്രകാരം |
|---|---|---|---|---|
| 1 | 320200104 , 320200113 | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1,10,72,005 | 1,10,22,16(Federal Bank -19360100093068 |

ബി 4 ഷെഡ്യൂളിൽ ചെലവ് തുക ജേർണൽ മുഖേന ക്രമീകരിച്ചപ്പോൾ റിഡക്ഷൻ തുക കുറവ് ചെയ്യാത്തതുൾപ്പെടെ പ്രോജക്ട് തുക ക്രമീകരിച്ചതിനാലാണ് ഇത്തരത്തിൽ വ്യത്യാസം വന്നതെന്ന്

ഓഡിറ്റ് എൻകചയറി ( 19/23-24, 16.11.2024) ക്ക് മറുപടിയായി അറിയിച്ചു. തുടർ വർഷങ്ങളിൽ അപാകം പരിഹരിക്കുവാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-10 ഗ്രോസ് ഡെഫിസിറ്റായി ഉൾപ്പെടുത്തിയ തുകയിൽ വ്യത്യാസം

വാർഷിക ധനകാര്യപത്രികയിലെ Income & Expenditure ഷെഡ്യൂൾ പ്രകാരം വരവ് തുക 14,93,32,761/- രൂപയും, ചെലവ് തുക 15,42,84,229/- രൂപയുമാണ്. Gross Deficit (-)49,51,468/-രൂപ. Prior Period Income 20053 (I-19), Prior Period Expenses -545261 (I-18) തമ്മിലുള്ള Net Difference (I-19 – I-18) [20053-(-)545261] കണക്കാക്കി -5,25,208/- എന്ന് രേഖപ്പെടുത്തി യിരിക്കുന്നു. 565314/- എന്ന് രേഖപ്പെടുത്തി Gross Deficit ൽ കുറവ് ചെയ്യുന്നതിന് പകരം 5,25,208/- രൂപയാണ് ഡെഫിസിറ്റ് തുകയിൽ നിന്നും കുറവ് ചെയ്യതിട്ടുള്ളത്. ഗ്രോസ് ഡെഫിസിറ്റായി ഉൾപ്പെടുത്തിയ തുക 44,26,260/- രൂപയാണ്. 43,86,154/- രൂപയാണ് ഉൾപ്പെടുത്തേണ്ടിയിരുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകചയറി (19/23-24,16.11.2024)ക്ക് തുകകൾ സോഫ്റ്റ് വെയറിൽ ഓട്ടോമാറ്റിക്കായാണ് വരുന്നതെന്നറിയിച്ചു. ഭാവിയിൽ അക്കൗണ്ട്സ് തയ്യാറാക്കുമ്പോൾ കൃത്യമായ തുകകളാണോ ഉൾപ്പെട്ടതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-1-11 തെറ്റായി രേഖപ്പെടുത്തിയ ബാങ്ക് അക്കൗണ്ട് വാർഷിക ധനകാര്യപത്രികയിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.

വാർഷിക ധനകാര്യ പത്രിക RP 40(B)യിൽ സർവശിക്ഷാ അഭിയാന് ഇൻഡ്യൻ ബാങ്കിൽ രണ്ട് അക്കൗണ്ടുകളാണുള്ളത് A/C 5764547173 നീക്കിയിരിപ്പ് – 0/-, A/C No 576547173 നീക്കിയിരിപ്പ് 1,68,617/- എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ്, റികൺസിലിയേഷൻ സ്റ്റേറ്റ് മെന്റ് എന്നിവ പരിശോധിച്ചതിൽ A/C 5764547173 ഇല്ലാത്തതാണെന്ന് വ്യക്തമായി. പ്രസ്തുത അക്കൗണ്ട് RP 40(B)യിൽ ഉൾപ്പെടുത്താനിടയായ സാഹചര്യം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകചയറി ( 19/23-24, 16.11.2024 )ക്ക് മറുപടിയായി സാംഖ്യയിൽ നിന്നും ILGMS ലേക്ക് മാറിയപ്പോൾ 576547173 എന്ന അക്കൗണ്ടിനു പകരം 5764547173 എന്ന് ILGMS ൽ തെറ്റായി രേഖപ്പെടുത്തി. ആയത് കൃത്യമാക്കുന്നതിനായി ശരിയായ അക്കൗണ്ട് ചേർത്തുവെങ്കിലും ആദ്യം ചേർത്ത തെറ്റായ അക്കൗണ്ട് ഒഴിവാക്കുവാൻ സാധിച്ചില്ല എന്നറിയിച്ചു. അപാകം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-12 ദുരിതാശ്വാസ നിധിയുടെ നീക്കിയിരിപ്പിൽ വ്യത്യാസം

പഞ്ചായത്തിന്റെ ദുരിതാശ്വാസനിധിയുടെ B-2 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് 51,263/- രൂപയാണ്. B-17, RP-40(B) ഷെഡ്യൂളുകൾ എന്നിവ പ്രകാരം ദുരിതാശ്വാസനിധിക്കായി കോർപ്പറേറ്റീവ്

ബാങ്കിലാണ് അക്കൗണ്ടുള്ളത് (Co-Operative Bank (7904)) പ്രസ്തുത അക്കൗണ്ടിലെ 31.03.2024 ലെ നീക്കിയിരിപ്പ് 33,470/- രൂപയുമാണ്. പ്രസ്തുത വ്യത്യാസത്തിന്റെ കാരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (19/23-24, 16.11.2024 )ക്ക് ഐ എൽ ജി എം എസിൽ 2 വർഷത്തെ ലെഡ്ജർ മാത്രമേ ലഭ്യമായിട്ടുള്ളുവെന്നും സാംഖ്യ രേഖകൾ പരിശോധിക്കുവാൻ കഴിയാത്തതിനാലാണ് തുക ക്രമീകരിക്കുവാൻ കഴിയാത്തതെന്നും അറിയിച്ചു. ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## <u>1-1-13 തൊഴിലുറപ്പ് പദ്ധതി - ഭരണച്ചെലവുകൾ, ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുകകൾ എന്നിവ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല</u>

| ഇനം | മുന്നിരിപ്പ് (Cash Book പ്രകാരം) | വരവ്(RP-30) | ആകെ | ചെലവ് | നീക്കിയിരിപ്പ് (Cash Book പ്രകാരം) | നീക്കിയിരിപ്പ്(RP 40 B പ്രകാരം) |
|---|---|---|---|---|---|---|
| ഭരണചെലവുകൾ | 15912.09* | 9,471 | 25,383 | 10,080 | 15,303.09 | 15,303 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്** | - | 5,55,30,000 | 5,55,30,000 | 5,55,30,000 | - | |
| ആകെ | 15,912.09 | 5,55,39,471 | 5,55,55,383 | 5,55,40,080 | 15,303.09 | |

* അക്കൗണ്ട്സിലെ RP 40 A പ്രകാരം മുന്നിരിപ്പ് 10,732/- ആണ്. Cash Book പ്രകാരമുള്ള തുക 15,912.09/- ആയതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (19/23-24,16.11.2024)ക്ക് അൺക്യാഷ്ഡ് ചെക്ക് തുക കൂടി ഉൾപ്പെടുത്തിയതിനാലാണ് ക്യാഷ് ബുക്കിൽ മുന്നിരിപ്പിൽ വ്യത്യാസം വന്നതെന്നറിയിച്ചു.

** വാർഷിക ധനകാര്യ പത്രിക I–6 പ്രകാരം 4,900/- രൂപയാണ് എൻ ആർ ഇ ജി എസ് വരവായി ഉൾപ്പെടുത്തിയിട്ടുള്ളത്. എൻ ആർ ഇ ജി എസിന്റെ ഭരണചെലവുകൾ, ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക എന്നിവ സംബന്ധിച്ച് വിശദാംശം വാർഷിക ധനകാര്യ പത്രികയിൽ ലഭ്യമല്ല. ആയതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി ( 19/23-24, 16.11.2024)ക്ക് ഭരണചെലവുകൾ ഹെഡ് മാറി പോസ്റ്റ് ചെയ്തതിനാലാണ് വ്യത്യാസം വന്നതെന്നും ഗുണഭോക്താക്കൾക്ക് നേരിട്ട് കൊടുത്ത തുക ജേണൽ മുഖേന ക്രമീകരിക്കുവാൻ വിട്ടു പോയതിനാലാണ് ഉൾപ്പെടുത്താത്തതെന്നും അറിയിച്ചു. വരുവർഷങ്ങളിൽ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുമ്പോൾ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-1-14 തൊഴിലുറപ്പ് - മുൻകൂറിനത്തിൽ തിരികെ അടവാക്കാനവശേഷിക്കുന്ന തുക പൊരുത്തപ്പെടുന്നില്ല

തൊഴിലുറപ്പ് പദ്ധതിയുടെ മുൻകൂറിനത്തിൽ തിരികെ അടവാക്കാനവശേഷിക്കുന്ന തുക അക്കൗണ്ട്സ്, ക്യാഷ്ബുക്ക് എന്നിവിടങ്ങളിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ

| | റീകൂപ്പ് ചെയ്യാനവ ശേഷിക്കുന്ന തുക | മുൻകൂർ അനുവദിച്ച തുക | തൻവർഷം റീകൂപ്പ് ചെയ്ത തുക | റീകൂപ്പ് ചെയ്യാനവ ശേഷിക്കുന്ന തുക |
|---|---|---|---|---|
| അക്കൗണ്ട്സ് പ്രകാരം | 20,59,387 | 16,09,519 | 14,12,000 | 22,56,906 |
| ക്യാഷ് ബുക്ക് പ്രകാരം | ലഭ്യമല്ല | 14,12,000 | 14,12,000 | ലഭ്യമല്ല |

എൻ ആർ ഇ ജി എസ് ക്യാഷ് ബുക്ക് പ്രകാരം റിക്കൂപ്പ്മെന്റ് തുക മാത്രമാണ് വരവായും ചെലവായും ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് ഓഡിറ്റ് എൻകയറി ( 19/23-24, 16.11.2024 )ക്ക് മറുപടിയായി അറിയിച്ചു.

## 1-1-15 നിക്ഷേപ പ്രവർത്തി - ചെലവ് തുക B18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയില്ല

നിക്ഷേപ പ്രവർത്തികൾക്കായി 2023-24 വർഷം ചെലവ് ചെയ്ത തുക പ്രസ്തുത ഹെഡുകളിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശം ചുവടെ

| | 2022-23 B18ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2023-24 വർഷത്തെ നിക്ഷേപം (AFS ൽ ഉൾപ്പെട്ടില്ല) | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിന്റെ വിവരം | 2023-24 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 22,02,059 | 1,99,606 | 24,01,665 | 19,18,958 | 2,83,101 |
| കെ.ഡബ്ല്യു.എ.* | 16,45,580 | 2,50,946 | 18,96,526 | --- | 14,704 |

* ILGMS ൽ ഹെഡ് നമ്പർ 460500201 കെ.ഡബ്ല്യു.എ പ്രകാരം Opening Balance ആയ 1,645,580.00 രൂപയിൽ, 1,394,668.00(Public Drinking Water Programmes- Pipe Line ), 276,666.00 (Capital Contribution Narration - Amount Refunded In Py ) എന്നീ ഇനങ്ങളിൽ ക്രഡിറ്റ് ചെയ്യുകയും 40,458.00 Prior Period Expenses - Operations And Maintenance Expenses ഇനത്തിൽ ഡെബിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. നീക്കിയിരിപ്പായി 14,704.00 എന്ന്

രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത തുകകളുടെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (28/23-24, 18.11.2024)ക്ക് 276,666, 40,458 എന്നീ തുകകൾ 2022-23 വർഷം തിരികെ ലഭിച്ചതാണെന്നും ആയത് തൻ വർഷം ക്രമീകരിച്ചതാണെന്നും മറുപടി നൽകി.

പോസ്റ്റ് ഷിഫ്റ്റിംഗിനായി കെ.എസ്.ഇ.ബിക്ക് നൽകിയ 1,99,606/- രൂപയും വാട്ടർ അതോറിറ്റിക്ക് ടാപ്പ് ഡിസ്മാന്റിലിംഗിനായി നൽകിയ 2,50,946/- രൂപയും B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്താത്തതിന്റെ കാരണം പ്രസ്തുത പ്രവർത്തികൾ തൻവർഷം പൂർത്തിയാകുമെന്നുള്ളതിനാലാണ് എന്ന മറുപടിയാണ് നൽകിയത്. എന്നാൽ പ്രവർത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം തൻവർഷം ലഭിക്കാത്തതിനാൽ തുക ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു.

## 1-1-16 സ്പിൽ ഓവർ പദ്ധതികൾ - സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടില്ല

മെഡിക്കൽ ഓഫീസർ പി എച്ച് സി നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള SO 174/24, SO176/24 എന്നീ സ്പിൽ ഓവർ പദ്ധതികളുടെ വിശദാംശം സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. എന്നാൽ തനത് ഫണ്ടിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം പ്രസ്തുത പ്രോജക്ടുകളിൽ ചെലവുണ്ട്. പദ്ധതികളുടെ വിശദാംശം സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടാത്തതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (28/23-24, 18.11.2024)ക്ക് പ്രോജക്ട് ചെലവ് ചെയ്തതിന് ശേഷം റിവിഷൻ അയച്ചതായും തുടർ നടപടി സ്വീകരിക്കാത്തതിനാലാണ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടാത്തതെന്നും അറിയിച്ചു. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു

| | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| അംഗീകരിച്ച തീയതി | 22.03.2023 | 09.02.2024 |
| ഭരണസമിതി തീരുമാനം | 1(1) | 1(1) |
| മുന്നിരിപ്പ് | 9,913,754 | 31,31,415 |
| പ്രതീക്ഷിത വരവ് | 30,38,13,120 | 27,67,77,590 |
| ആകെ | 31,37,26,874 | 27,99,09,005 |
| | | |

| | | |
|---|---|---|
| പ്രതീക്ഷിത ചെലവ് | 31,12,30,410 | 27,81,43,280 |
| നീക്കിയിരിപ്പ് | 24,96,464 | 17,65,725 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,60,31,530/- |
| ഓഡിറ്റ് വർഷത്തെ വരവ് | 9,65,37,699/- |
| ആകെ | 12,25,69,229/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 6,99,07,293/- |
| നീക്കിയിരിപ്പ് | 5,26,61,936/- |

## 1-4-1 ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ

വിവിധ ഫണ്ട് ഇനത്തിൽ പഞ്ചായത്തിന് ലഭിച്ച ഗ്രാന്റ് വിവരങ്ങൾ, എ.സി.ആർ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ ( മറ്റുള്ളവ ഒഴികെ) | ചെലവ് ( മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 72,37,195 | 55,60,223 | 76.8 |
| സേവനം | പൊതുവിഭാഗം | 158988873 | 41796680 | 26.2 |
| | പട്ടിക ജാതി | 2,23,48,980 | 85,67,023 | 38.33 |
| പശ്ചാത്തലം | പൊതുവിഭാഗം | 2,83,08,173 | 1,05,74,633 | 37.35 |

ചെലവ് കുറയാനിടയായ സാഹചര്യം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 26/2023-24, 18.11.2024ക്ക് മറുപടി നൽകി. ഭാവിയിൽ തുക പൂർണ്ണമായും ചെലവ് ചെയ്യുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 മേൽ ഉത്തരവ് ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 10 ശതമാനം വനിതാഘടക പദ്ധതിക്ക് വകയിരുത്തണം. പ്രസ്തുത വിഭാഗത്തിന് വകയിരുത്തേണ്ട കുറഞ്ഞ തുകയേക്കാൾ വകയിരുത്തിയെങ്കിലും, വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല.

| വിഭാഗം | അടങ്കൽ തുക ( മറ്റുള്ളവ ഒഴികെ) | ചെലവഴിച്ച തുക ( മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം(%) |
|---|---|---|---|
| വനിതാ ഘടക പദ്ധതി | 31,07,615 | 19,81,351 | 63.75 |

ഇത്തരത്തിൽ നിയമാനുസൃതം വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കാത്തതിന്റെ കാരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 26/2023-24, 18.11.2024. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റുകളുടെ വിനിയോഗവിവരം ചുവടെ ചേർക്കുന്നു.

| Fund/Grant | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 2,00,99,528 | 2,27,51,530 | -26,52,002 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 46,38,117 | 50,50,030 | -4,11,913 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 30,74,000 | 1173676 | 1900324 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 40,99,000 | 38,26,397 | 2,72,603 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 1,33,32,600 | 86,44,707 | 46,87,893 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 72,19,350 | 57,03,349 | 15,16,001 |
| കേന്ദ്രാവിഷ്കൃത ഫണ്ട്(സി.എസ്.എസ്) | 0 | 0 | 42,23,571 | -42,23,571 |
| സംസ്ഥാനവിഷ്കൃത ഫണ്ട്(എസ്.എസ്.എസ്) | 0 | 0 | 14,20,000 | -14,20,000 |

1) ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി) എന്നീ ഫണ്ടുകളുടെ Receipt ഭാഗത്ത് Source Deduction കൂടാതെയുള്ള തുകകളും Expenditure ഭാഗത്ത് Source Deduction ഉൾപ്പെടെയുള്ള തുകകളുമാണ് കാണപ്പെടുന്നത്. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ഫണ്ടുകളിൽ

വരവിനേക്കാൾ കൂടുതൽ ചെലവും നീക്കിയിരിപ്പായി നെഗറ്റീവ് തുകകളും കാണപ്പെടാറുണ്ട്.

2) ധനകാര്യ കമ്മീഷൻ ഗ്രാന്റ് (സി.എഫ്.സി Tied &Untied)മുന്നിരിപ്പ് തുക ഉൾപ്പെടെയാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ മുന്നിരിപ്പ് തുക ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ പ്രസ്തുത ഗ്രാന്റുകൾക്ക് നീക്കിയിരിപ്പായി നെഗറ്റീവ് തുകകൾ കാണപ്പെടുന്നുണ്ട്.

3) കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെയും(സി.എസ്.എസ്), സംസ്ഥാനവിഷ്കൃത ഫണ്ടുകളുടെയും (എസ്.എസ്.എസ്) മുന്നിരിപ്പ്, വരവ് തുകകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുന്നുണ്ടെങ്കിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ഫണ്ടുകളുടെ മുന്നിരിപ്പ്, വരവ്, തുകകൾ ഉൾപ്പെടാതെ ചെലവ് തുകകൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ നീക്കിയിരിപ്പ് തുക നെഗറ്റീവ് തുകയായി കാണപ്പെടുന്നു.

4) വെബ്സാംഖ്യ മുഖേന ലഭ്യമാകുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ, നിർവഹണ ഉദ്യോഗസ്ഥർ ബിൽ ജനറേറ്റ് ചെയ്യുമ്പോൾ തന്നെ ചെലവ് രേഖപ്പെടുത്തുന്നതിനാൽ ആയതിൽ ക്യൂബില്ലുകളും ട്രഷറിയിൽ നിന്നും പേയ്മെന്റ് ചെയ്യാത്ത(ട്രഷറി റിജക്ട് ചെയ്യുന്ന ബില്ലുകൾ, ട്രഷറിയിൽ സമയ പരിധിക്കുള്ളിൽ സമർപ്പിക്കാത്ത ബില്ലുകൾ മുതലായവ) ബില്ലുകളുടെ വിവരങ്ങളും ഉൾപ്പെടുന്നുണ്ട്. കൂടാതെ സോഴ്സ് ഡിഡക്ഷൻ വരവ് ചെലവ് തുകകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ഉൾപ്പെടുന്നില്ല.

5) ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം മുഖേനയുള്ള ചെലവുകൾക്ക് വെബ്സാംഖ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ഇരട്ടിപ്പ് കാണപ്പെടുന്നുണ്ട്.

മേൽ കാരണങ്ങളാൽ വാർഷിക ധനകാര്യ പത്രിക , ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , എ.സി.ആർ എന്നിവയിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി ആസൂത്രണം - അവലോകനം

അരുവിക്കര ഗ്രാമപ്പഞ്ചായത്തിന്റെ 2023-24 സാമ്പത്തികവർഷത്തെ പദ്ധതി ആസൂത്രണം സംബന്ധിച്ച അവലോകനം: (ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ രണ്ട് സ്പിൽ ഓവർ പദ്ധതികളുടെ വിവരം സുലേഖ ചെലവുപത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ പദ്ധതികളുടെ എണ്ണം, അടങ്കൽതുക, ചെലവുതുക എന്നിവയിൽ വ്യത്യാസമുണ്ട്. അവ കൂടെ ഉൾപ്പെടുത്തിയാണ് ഖണ്ഡികയിൽ വിവരം ചേർത്തിരിക്കുന്നത്).

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| | | | (മറ്റുള്ളവ ഒഴിവാക്കി) | (മറ്റുള്ളവ ഒഴിവാക്കി) | |
| 269 | 161 | 108 | 22,17,90,730 | 67131160 | 30.26 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ അതത് മേഖലകളിൽ നടപ്പിലാക്കിയ പദ്ധതികളുടെ അടങ്കൽ, ചെലവ് എന്നിവയുടെ വിശദാംശം:

| നിർവ്വഹണോദ്യോഗസ്ഥർ | ഏറ്റെടുത്ത പദ്ധതികൾ (എണ്ണം) | നടപ്പിലാക്കിയ പദ്ധതികൾ (എണ്ണം) | നടപ്പിലാക്കാത്ത പദ്ധതികൾ (എണ്ണം) | ആകെ അടങ്കൽ (മറ്റുള്ളവ ഒഴികെ) | ആകെ ചെലവ് (മറ്റുള്ളവ ഒഴിവാക്കി) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 8 | 1 | 13,27,507 | 878383 | 66.16 |
| വെറ്റിനറി സർജൻ | 7 | 7 | 0 | 24,07,400 | 22,48,030 | 93.38 |
| മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 18 | 16 | 2 | 82,58,824 | 61,79,283 | 74.82 |
| മെഡിക്കൽ ഓഫീസർ - ഹോമിയോ | 3 | 3 | 0 | 6,30,000 | 6,30,000 | 100 |
| മെഡിക്കൽ ഓഫീസർ - ആയുർവേദം | 3 | 3 | 0 | 17,50,000 | 17,50,000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 22 | 12 | 10 | 11,39,35,156 | 1,57,75,134 | 13.84 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 20 | 19 | 1 | 1,01,53,639 | 92,10,312 | 90.71 |
| സെക്രട്ടറി | 37 | 28 | 9 | 1,56,03,737 | 1,31,62,229 | 84.35 |
| അസിസ്റ്റന്റ് സെക്രട്ടറി | 19 | 10 | 9 | 46,56,822 | 25,74,518 | 55.28 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 119 | 46 | 73 | 5,77,15,537 | 1,16,18,500 | 20.13 |
| ഹെഡ്മാസ്റ്റർ | 8 | 5 | 3 | 26,62,107 | 5,11,695 | 19.22 |
| ഡയറിഫാം ഇൻസ്ട്രക്ടർ | 2 | 2 | 0 | 26,00,000 | 25,49,820 | 98.07 |

| | | | | | | |
|---|---|---|---|---|---|---|
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 0 | 90,000 | 43,256 | 48.06 |

വിവിധ ഫണ്ടുകളിൽ നിന്നുള്ള പദ്ധതിച്ചെലവ് (സുലേഖ – ചെലവുപത്രിക പ്രകാരം).

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ചെലവിന്റെ ശതമാനം |
|---|---|---|---|
| വികസന ഫണ്ട് - ജനറൽ (സാധാരണവിഹിതം) | 3,06,89,738 | 2,27,51,530 | 74.13 |
| വികസന ഫണ്ട് - എസ്.സി.പി. | 68,69,990 | 50,50,030 | 73.50 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 1,89,97,735 | 50,00,073 | 26.32 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 79,44,276 | 42,23,571 | 53.16 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 6,25,10,724 | 14,20,000 | 02.27 |
| തനത് ഫണ്ട് | 1,40,59,920 | 31,04,410 | 22.08 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 1,02,38,000 | 37,22,889 | 36.36 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 3,17,19,000 | 68,78,000 | 21.68 |
| മെയിന്റനൻസ് റോഡ് | 1,39,83,096 | 57,03,349 | 40.78 |
| മെയിന്റനൻസ് നോൺ റോഡ് | 1,98,75,752 | 86,44,707 | 43.49 |
| ഹെൽത്ത് ഗ്രാന്റ് | 10,65,499 | 6,32,601 | 59.37 |
| മറ്റുള്ളവ | 13,77,06,834 | 1,97,59,821 | 14.35 |

## 1-6 ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

2023-24 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1. | കർഷക തൊഴിലാളി പെൻഷൻ | 26,35,600 | 199 |
| 2. | വിധവാ പെൻഷൻ | 1,77,98,300 | 1533 |
| 3. | വാർദ്ധക്യകാല പെൻഷൻ | 3,47,69,800 | 3399 |

| | | | |
|---|---|---|---|
| 4. | വികലാംഗ പെൻഷൻ | 53,37,200 | 418 |
| 5. | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90,000 | 3 |
| 6. | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 7,72,800 | 61 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.11.2024 തീയതിയിൽ 03:20 (Pm) സമയത്ത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18,442/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

**പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണവുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന കാര്യങ്ങൾ കൂടി ശ്രദ്ധിക്കേണ്ടതാണ്.**

* നിലവിൽ ഐ. എൽ. ജി. എം. എസ്.-ൽ നിന്നുള്ള സീറ്റ് വൈസ് റിപ്പോർട്ട് പ്രകാരം ഡിലെയ്ഡ് ഫയലുകൾ 568 എണ്ണവും പാർക്കിംഗ് ഫയലുകളുടെ സീറ്റ് വൈസ് കൗണ്ട് റിപ്പോർട്ട് പ്രകാരം പാർക്കിംഗ് ഫയലുകൾ 777 എണ്ണവും 46 പെന്റിംഗ് ഫയലുകളും ഉണ്ട്. ഫയലുകൾ തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
*ഇൻക്യുബെൻസി രജിസ്റ്റർ, സേവന പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്.
*ലൈസൻസ് അനുവദിക്കുന്നതുമായും വാടക, തൊഴിൽ നികുതി, വസ്തു നികുതി എന്നിവയുടെ ചുമത്തൽ ഈടാക്കൽ എന്നിവയുമായി ബന്ധപ്പെട്ടും അപാകങ്ങൾ ഉള്ളതായി കാണുന്നു

## 1-9-1 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - പൊതുസ്ഥലങ്ങളിൽ തണൽ വൃക്ഷങ്ങളും ഫലവൃക്ഷങ്ങളും നട്ട് പരിപാലിക്കൽ - അപാകങ്ങൾ

തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 2023-24 വർഷം പഞ്ചായത്ത്പരിധിക്കുള്ളിലെ പൊതുസ്ഥലങ്ങളിൽ തണൽ വൃക്ഷങ്ങളും ഫലവൃക്ഷങ്ങളും നട്ട് പരിപാലിക്കുന്നതിനായി 17 പ്രവൃത്തികൾ നിർവഹിച്ചിട്ടുണ്ട്. എന്നാൽ, നിലവിൽ പല ഇടങ്ങളിലും വൃക്ഷത്തൈകൾ

കാണാനാകുന്നില്ല. പ്രസ്തുത പ്രവൃത്തികളുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെപ്പറയുന്നു:

1) ആകെ എത്ര വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചു എന്നതിന്റെ റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) വൃക്ഷത്തൈകൾ ആരാണ് വിതരണം ചെയ്തത് എന്നത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല.

3) വൃക്ഷത്തൈകളുടെ പരിപാലനച്ചുമതല ആർക്കാണ് നല്കിയിരുന്നത് എന്ന വിവരം ലഭ്യമല്ല.

4) വൃക്ഷത്തൈകളുടെ പരിപാലനപ്രവർത്തനവും അതിജീവനവും ഉറപ്പാക്കുന്നതിന് ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും കൃഷി ഓഫീസർ കൺവീനറും ആയിട്ടുള്ള മോണിട്ടറിംഗ് സമിതി രൂപീകരിച്ചതിന്റെ വിവരവും ഫീൽഡ് തല പരിശോധനാ റിപ്പോർട്ടും ലഭ്യമല്ല.

5) വൃക്ഷത്തൈകളുടെ അതിജീവനത്തെ സംബന്ധിച്ച പ്രതിമാസ റിപ്പോർട്ട്, എം.ജി.എൻ.ആർ.ഇ.ജി.എസ്, അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസീയർ നടത്തിയ ഫീൽഡ് തല പരിശോധനാ റിപ്പോർട്ട് എന്നിവ ലഭ്യമല്ല.

6) വൃക്ഷത്തൈ നടീൽ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിവരം ലഭ്യമല്ല.

മേൽ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് 19.11.2024 ൽ എം.ജി.എൻ.ആർ.ഇ.ജി.എസ്, അക്രഡിറ്റഡ് എഞ്ചിനീയർക്ക് നല്കിയ 48/2023-24 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല. സർക്കാർ കാലാകാലം പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പാലിച്ച് യഥാവിധി രേഖകൾ/രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും തൊഴിലുറപ്പ് പ്രവൃത്തികൾ ഫലപ്രദമായ രീതിയിൽ നിർവഹിക്കേണ്ടതുമാണ്.

## 1-9 എം.ജി.എൻ.ആർ.ഇ.ജി.എസ് - അവലോകനം

അരുവിക്കര ഗ്രാമപ്പഞ്ചായത്തിലെ എം.ജി.എൻ.ആർ.ഇ.ജി.എസ് ന്റെ (മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ) 2023-24 വർഷത്തെ പ്രവർത്തനങ്ങളുടെ അവലോകനം ചുവടെ ചേർക്കുന്നു (ഓഡിറ്റ് എൻക്വയറി നം. 01/ 2023-24, 11.11.2024 ന് സെക്രട്ടറി 15.11.2024 ൽ ലഭ്യമാക്കിയ മറുപടി,അനുബന്ധരേഖകൾ എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്):

I) വരവ്-ചെലവ് വിവരം

| ഇനം | മുന്നിരിപ്പ് (Cash Book പ്രകാരം) | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (Cash Book പ്രകാരം) | നീക്കിയിരിപ്പ്(RP 40 B പ്രകാരം) |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| ഭരണചെലവുകൾ | 15,912.09* | 9,471 | 25,383 | 100,80 | 15,303.09 | 15,303 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്** | - | 5,55,30,000 | 5,55,30,000 | 5,55,30,000 | - | |
| ആകെ | 15,912.09 | 5,55,39,471 | 5,55,55,383 | 5,55,40,080 | 15,303.09 | |

ക്യാഷ് ബുക്ക്, വാർഷിക ധനകാര്യ പത്രിക എന്നിവയിലെയിലെ അപാകങ്ങൾ സംബന്ധിച്ച് 1-1-13 ൽ പരാമർശിച്ചിട്ടുണ്ട്.

II) പ്രവർത്തന വിവരം

| | |
|---|---|
| പുതിയതായി തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | 181 |
| പുതിയതായി തൊഴിൽ കാർഡ് എടുത്തവർ ഉൾപ്പെടെ ആകെ തൊഴിലാളികളുടെ എണ്ണം | 4350 |
| തൊഴിൽ ഡിമാൻഡ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 1648 |
| 100 തൊഴിൽ ദിനം ലഭിച്ചവരുടെ എണ്ണം | 903 |
| ഗ്രാമപ്പഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 320 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 320 |
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 20 |
| സോഷ്യൽ ഓഡിറ്റ് നടത്തിയ ഗ്രാമസഭകളുടെ എണ്ണം | 2 |
| വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 5491 |
| അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 5491 |
| തൻവർഷം പൂർത്തീകരിച്ച പുതിയ പദ്ധതികളുടെ എണ്ണം | 167 |
| തൻവർഷം പൂർത്തീകരിച്ച സ്പിൽ ഓവർ പദ്ധതികളുടെ എണ്ണം | 19 |
| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | 4846 |
| തൻവർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 123419 |
| ലേബർ കമ്പോണന്റ് ഇനത്തിലെ ആകെ പ്രവൃത്തികളുടെ എണ്ണം. | 189 |
| ലേബർ കമ്പോണന്റ് ഇനത്തിലെ ആകെ ചെലവ് | 410.28 (ലക്ഷം) |
| മെറ്റീരിയൽ കമ്പോണന്റ് ഇനത്തിലെ ആകെ പ്രവൃത്തികളുടെ എണ്ണം. | 68 |

| | |
|---|---|
| മെറ്റീരിയൽ കമ്പോണന്റ് ഇനത്തിലെ ആകെ ചെലവ് | 69.66 (ലക്ഷം) |

III) അംഗീകൃത ആക്ഷൻ പ്ലാൻ പ്രകാരമുള്ള പദ്ധതി നടത്തിപ്പിന്റെ വിവരം

| പ്രവൃത്തി ഇനം | ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവൃത്തികളുടെ വിവരം | | നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരം | | |
|---|---|---|---|---|---|
| | എണ്ണം | ആവശ്യമായ മനുഷ്യദിനങ്ങൾ | പ്രവൃത്തികളുടെ എണ്ണം | ഉപയോഗിച്ച മനുഷ്യദിനങ്ങൾ | നടപ്പിലാക്കലിന്റെ ശതമാനം |
| ചെറുകിട മണ്ണ് - ജല സംരക്ഷണം | 243 | 351608 | 86 | 104835 | 35.39 |
| തോട് പുനരുദ്ധാരണം | 142 | 92722 | 0 | 0 | 0 |
| നഴ്സറി നിർമാണം, റോഡ്സൈഡ് ട്രീ പ്ലാന്റേഷൻ, മുള, റബ്ബർ, പുൽമേട് | 65 | 69019 | 17 | 12318 | 26.15 |
| പൊതുഭൂമിയിലെ ഭൂവികസന പ്രവൃത്തികൾ | 23 | 19437 | 2 | 850 | 8.70 |
| അസോള ടാങ്ക് നിർമാണം | 150 | 483 | 0 | 0 | 0 |
| തീറ്റപ്പുൽ കൃഷി | 151 | 44509 | 0 | 0 | 0 |
| കമ്പോസ്റ്റ് പിറ്റ് നിർമാണം | 1120 | 9003 | 0 | 0 | 0 |
| കിണർ നിർമാണം | 152 | 15885 | 0 | 0 | 0 |
| റീച്ചാർജ് പിറ്റ് നിർമാണം | 151 | 1214 | 0 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| തോട്ടവിള കൃഷി, ഫാം ഫോറസ്റ്ററി | 10 | 6883 | 0 | 0 | 0 |
| പാട്ടക്കൃഷി | 76 | 72701 | 0 | 0 | 0 |
| ലൈഫ്, മറ്റ് കേന്ദ്ര / സംസ്ഥാന ആവിഷ്കൃത ഭവനനി◌ർമാണം | 598 | 53820 | 50 | 1400 | 8.36 |
| കോഴിക്കൂട്ടിർമാണം | 386 | 14897 | 10 | 300 | 2.59 |
| ആട്ടിൻ കൂട് നിർമാണം | 289 | 20908 | 8 | 272 | 2.77 |
| കാലിത്തൊഴുത്ത് നിർമാണം | 263 | 22199 | 4 | 144 | 1.52 |
| കുളം നിർമാണം | 104 | 52556 | 0 | 0 | 0 |
| വർക്ക്ഷെഡ് നിർമാണം | 10 | 5402 | 0 | 0 | 0 |
| സോക്പിറ്റ് നിർമാണം | 1022 | 3944 | 49 | 245 | 4.79 |
| ഓട നിർമാണം | 21 | 2026 | 0 | 0 | 0 |
| മൺറോഡ് നിർമാണം | 115 | 57140 | 0 | 0 | 0 |
| റോഡ് കോൺക്രീറ്റിംഗ് | 354 | 65000 | 23 | 2875 | 6.50 |
| മിനി എം.സി.എഫ് | 20 | 640 | 20 | 180 | 100 |
| പൊതുശൗചാലയം | 3 | 96 | 0 | 0 | 0 |
| കളിസ്ഥലം നിർമാണം | 2 | 1289 | 0 | 0 | 0 |
| കിച്ചൻ നിർമാണം, പഞ്ചായത്ത് ഭവൻ, | 3 | 284 | 0 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| മാർക്കറ്റ് | | | | | |
| **ആകെ** | **5473** | **983665** | **269** | **123419** | **4.91** |

IV) മെറ്റീരിയൽ വർക്ക് - പൂർത്തിയാക്കിയ പ്രവൃത്തികളുടെ വിവരം

| 2023-24 ൽ പൂർത്തിയാക്കിയ പ്രവൃത്തികളുടെ എണ്ണം | ചെലവു തുക | ലഭ്യമായ തുക | ലഭ്യമാകാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| 60 | 69,66,400 | 69,66,400 | 0 |

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തിയതി | കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30.03.2022 | 2/22 | ലഭിച്ചിട്ടില്ല |
| ഏ.ജി. ഓഡിറ്റ് | 22.08.2022 | 2019-2020 | 30.05.2022 |

## 1-11 ലൈസൻസ് രജിസ്റ്റർ, ട്രേഡ്സ് ലിസ്റ്റ് എന്നിവ കാലികമാക്കി സൂക്ഷിക്കുന്നില്ല.

ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളുടെ എണ്ണവും ട്രേഡ്സ് ലിസ്റ്റ് പ്രകാരം 2023-24 വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ അന്തരം നിലനിൽക്കുന്നു.

| | |
|---|---|
| ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങൾ | 307 |
| ട്രേഡ്സ് ലിസ്റ്റ് പ്രകാരം പഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങൾ | 340 |

ട്രേഡ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ബാക്കി സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നവയാണോ എന്ന ഓഡിറ്റ് അന്വേഷണത്തിന് (നം.55, 19.11.2024) അരുവിക്കര ഗ്രാമപഞ്ചായത്തിൽ തൻവർഷം 259 സ്ഥാപനങ്ങളും 2022-23 വർഷം അഡ്വാൻസായി തൻവർഷത്തേക്കുള്ള ലൈസൻസിനായി 58 സ്ഥാപനങ്ങളും ഉൾപ്പെടെ ആകെ 312 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട് എന്നും 23 സ്ഥാപനങ്ങൾ വിവിധ കാരണങ്ങളാൽ പ്രവർത്തനം അവസാനിപ്പിച്ചിട്ടുള്ളതാണ് ട്രേഡ്സ് ലിസ്റ്റുമായി അന്തരം നിലനിൽക്കാൻ കാരണമായത് എന്നും മറുപടി നൽകി.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വിശദമായ പരിശോധന നടത്തി ലൈസൻസില്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിനും ലൈസൻസ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ കാലികമാക്കി സൂക്ഷിക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-12 രസീത് ബുക്ക് പരിപാലനത്തിലെ അപാകങ്ങൾ.

വി. ഇ. ഒ തൻവർഷം കളക്ഷനായി ഉപയോഗിച്ച രസീത് ബുക്കിന്റെ പരിപാലനത്തിൽ ചുവടെ ചേർത്തിട്ടുള്ള അപാകങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

(1) ബയോ കംബോസ്റ്റർ ബിൻ പദ്ധതിയുമായി ബന്ധപ്പെട്ട് 16.03.2024-ന് 149/- രൂപ വീതം നാല് വ്യക്തികളിൽ നിന്നും ഗുണഭോക്തൃ വിഹിതം (രസീത് നം. 8, 9, 10, 11) കൈപറ്റിയിട്ടുണ്ട്. എന്നാൽ ടി തുക കൗണ്ടറിൽ ഒടുക്കിയത് 30.03.2024-നാണ് (കൗണ്ടർ രസീത് നം. 1230106422).

(2) രസീത് നം. 13 മുതൽ 38 വരെ ഉപയോഗിച്ചിട്ടുണ്ടെങ്കിലും രസീത് ബുക്കിലോ രജിസ്റ്ററിലോ തീയതി രേഖപ്പെടുത്തിയിട്ടില്ല. 30.03.2024-ന് ടി തുക കൗണ്ടറിൽ ഒടുക്കിയിട്ടുണ്ട്.

തുക കൗണ്ടറിൽ ഒടുക്കാൻ കാലതാമസം ഉണ്ടായതിന്റെയും ഗുണഭോക്തൃ വിഹിതം കൈപറ്റിയ തീയതി രേഖപ്പെടുത്താത്തതിന്റെയും കാരണങ്ങൾ വിശദമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 47, 19.11.2024) മറുപടി നൽകിയില്ല. മേൽചേർത്ത അപാകങ്ങൾ ഉള്ളതിനാൽ ഗുണഭോക്തൃ വിഹിതം കൈപറ്റിയ തീയതിയും തുക കൗണ്ടറിൽ ഒടുക്കിയ തീയതിയും തമ്മിൽ ഒത്തുനോക്കുവാൻ സാധ്യമല്ല. അപാകങ്ങൾ ഒഴിവാക്കി തുടർ വർഷങ്ങളിൽ രസീത് ബുക്കിലും രജിസ്റ്ററിലും തീയതി രേഖപ്പെടുത്തുകയും വ്യക്തികളിൽ നിന്നും കൈപറ്റുന്ന ഗുണഭോക്തൃ വിഹിതം കാലതാമസം ഉണ്ടാകാതെ ക്യാഷ് കൗണ്ടറിൽ ഒടുക്കുവാനും ഉദ്യോഗസ്ഥർ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-13 വാടക കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള കടമുറികളിൽ നിന്ന് വാടക പൂർണ്ണമായും ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | കടമുറി | വാടകയ്ക്ക് എടുത്ത വ്യക്തി | വാടക കുടിശ്ശിക (രജിസ്റ്റർ പ്രകാരം) | അടവാക്കാൻ അവശേഷിക്കുന്ന മാസങ്ങൾ |
|---|---|---|---|---|
| അരുവിക്കര ഷോപ്പിംഗ് കോംപ്ലക്സ് | | | | |
| 1 | 5,6 | മുഹമ്മദ് സലിം | 7,575 | നവംബർ, 2023 - മാർച്ച്, 2024 |
| 2 | 7 | മുഹമ്മദ് ഇസ്മയിൽ | 15,204 | സെപ്റ്റംബർ, 2023 - മാർച്ച്, 2024 |
| 3 | 8 | മുഹമ്മദ് ഹനീഫ | 55,020 | 2021-22, 2022-23, 2023-24 |
| 4 | II | ശശികുമാർ | 5,784 | ഏപ്രിൽ, 2023 - മാർച്ച്, 2024 |
| 5 | V | മനോഹരൻ | 5,532 | ഏപ്രിൽ, 2023 - മാർച്ച്, 2024 |
| കാച്ചാണി ഷോപ്പിംഗ് കോംപ്ലക്സ് | | | | |
| 6 | 2 | രാജൻ | 6,300 | നവംബർ, 2023 - മാർച്ച്, 2024 |
| 7 | 6 | പ്രസിഡന്റ്/ സെക്രട്ടറി | 24,687 | 2019-20, 2020-21, 2021-22, 2022-23, 2023-24 |
| 8 | 7 | ലതകുമാരി | 9,504 | ഏപ്രിൽ, 2023 - മാർച്ച്, 2024 |
| 9 | 8 | വിനു എ | 7,856 | ഡിസംബർ, 2023 - മാർച്ച്, 2024 |
| 10 | 9, 10 | ഷാജി | 27,358 | 2021-22, 2022-23, 2023-24 |
| 11 | 11 | അജികുമാർ | 25,340 | 2021-22, 2022-23, 2023-24 |
| 12 | 15 | വിൽസൺ | 40,010 | 2019-20, 2020-21, 2021-22, 2022-23, 2023-24 |
| | | ആകെ | **2,30,170** (പിഴപലിശ ഒഴികെ) | |

വാടകയിനത്തിൽ കുടിശ്ശികയായ തുക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.50/19.11.2024) മേൽചേർത്ത വ്യക്തികൾക്ക് വാടക ഒടുക്കണമെന്നാവശ്യപ്പെട്ട് നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും ആയത് അടവാക്കുന്ന മുറയ്ക്ക് രസീത് നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതാണെന്നും മറുപടി നൽകി. എന്നാൽ വാടക കരാർ പുതുക്കി നൽകിയ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. വാടകയിനത്തിൽ കുടിശ്ശിക നിലനിൽക്കെ കുടിശ്ശികകാർക്ക് തന്നെ കടമുറികൾ വീണ്ടും വാടകയ്ക്ക് നൽകുന്നത് ശരിയായ പ്രവണതയല്ല. തുടർച്ചയായ അറിയിപ്പുകൾക്ക് ശേഷവും നിലവിലെ കുടിശ്ശിക

ഒടുക്കാത്തവരിൽ നിന്നും ആയത് ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്. അടിയന്തിരമായി കുടിശ്ശിക തീർപ്പാക്കാത്തപക്ഷം പ്രസ്തുത വാടകക്കാരെ ഒഴിപ്പിച്ച് കടമുറികൾ ലേലത്തിൽ ഉൾപ്പെടുത്തുവാൻ പഞ്ചായത്ത് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

## 1-14 മാർക്കറ്റ് ഗേറ്റ് ഫീസ് പിരിച്ചെടുക്കാത്തതിലൂടെ വരുമാന നഷ്ടം സംഭവിക്കുന്നു-മാർക്കറ്റുകൾ പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

അരുവിക്കര ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന രണ്ട് മാർക്കറ്റുകൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. അരുവിക്കര മാർക്കറ്റ് പ്രവർത്തനരഹിതമായതിനാൽ മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവുമായി ബന്ധപ്പെട്ട് ലേല നടപടികൾ ചെയ്യുവാൻ സാധിക്കുന്നില്ലെന്നും കാച്ചാണി മാർക്കറ്റ് ഗേറ്റ് ഫീസ് ലേലത്തിൽ പങ്കെടുക്കുന്നതിന് ആരും തന്നെ മുന്നോട്ട് വന്നിരുന്നില്ലെന്നും ഓഡിറ്റ് അന്വേഷണത്തിന് (നം. 51, 19.11.2024) മറുപടി നൽകി. മാർക്കറ്റിന് പുറത്തുള്ള വഴിയോര കച്ചവടം ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ കച്ചവടക്കാർക്ക് നോട്ടീസ് നൽകുകയും അവർ അത് അവഗണിച്ചതിനെ തുടർന്ന് പോലീസിൽ പരാതി നൽകുകയും കൂടാതെ മാർക്കറ്റ് വികസന സമിതിയെ കാര്യങ്ങൾ ധരിപ്പിക്കുകയും ചെയ്തിട്ടുണ്ട് എന്നും മറുപടിയിൽ ചേർത്തിട്ടുണ്ട്.

മാർക്കറ്റ് ഗേറ്റ് ഫീസ് പിരിച്ചെടുക്കാത്തതിലൂടെ പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിക്കുന്നുണ്ട്. അനധികൃതമായി നടത്തുന്ന വഴിയോരകച്ചവടം തടയാൻ സാധിച്ചിട്ടില്ല. തനത് വരുമാനം കുറവായ പഞ്ചായത്തിൽ ഇത്തരം വരുമാന മാർഗ്ഗങ്ങൾ നഷ്ടപ്പെടുത്തുവാൻ പാടില്ല. അനധികൃതമായി നടത്തുന്ന വഴിയോരകച്ചവടം തടയുന്നതിനും മാർക്കറ്റുകളെ നവീകരിച്ച് പ്രവർത്തനക്ഷമമാക്കി ലേലം നടത്തുന്നതിനും ഗേറ്റ് ഫീസ് പിരിച്ചെടുക്കുന്നതിനുമുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. അതുവഴി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുവാനും അനധികൃത ചന്തകൾ പ്രവർത്തിക്കുന്നത് അവസാനിപ്പിക്കാനും സാധിക്കും. ഇതുമായി ബന്ധപ്പെട്ട് ശാശ്വതമായ പരിഹാരം കണ്ടെത്തുവാൻ പഞ്ചായത്ത് കമ്മിറ്റി പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-15-1 തൊഴിൽ നികുതി - സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്തിലോ അതിനു വെളിയിലോ തൊഴിലിലോ കലയിലോ ജോലിയിലോ

ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്തിൽ താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതുമായ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, സ്വകാര്യ സ്കൂൾ/ കോളേജ് ജീവനക്കാർ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി ( നം 6/2023-24, 12.11.2024)ക്ക് തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കുന്നതായും രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതായും അറിയിച്ചു. എന്നാൽ പഞ്ചായത്ത് പ്രദേശത്തെ തൊഴിൽ നികുതി ബാധകമായ സ്ഥാപനങ്ങൾ, പ്രൊഫഷണലുകൾ മുതലായവരുടെ വിവരം സൂക്ഷിക്കുന്നത് നികുതി പൂർണമായും ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നതിന് സഹായിക്കും. വരു വർഷങ്ങളിൽ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15-2 റേഷൻ കട ഉടമകളിൽ നിന്ന് തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204, 205 എന്നിവ പ്രകാരം 60 ദിവസത്തിലധികം ഒരു അർദ്ധവർഷത്തിൽ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ ആദായം ലഭിക്കുന്ന ഏതെങ്കിലും ഒരു ജോലിയിൽ ഏർപ്പെട്ടാൽ നികുതി അടവാക്കേണ്ടതാണ്. കൂടാതെ സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി.എസ്.) എ9 – 764/2019 സർക്കുലർ പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതി ഒടുക്കേണ്ടതാണെന്ന് വ്യക്തത വരുത്തിയിട്ടുണ്ട്. പഞ്ചായത്തിലെ എല്ലാ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശം, റേഷൻ കട ഉടമകളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തതിന്റെ വിവരം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി ( നം 6/2023-24, 12.11.2024)ക്ക് നോട്ടീസ് എല്ലാ വർഷവും നൽകാറുണ്ടെങ്കിലും കട ഉടമകൾ തൊഴിൽ നികുതി ഒടുക്കുന്നില്ല എന്ന മറുപടിയാണ് നൽകിയത്. പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകൾക്ക് ഡിമാൻഡ് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നതിനാവശ്യമായ നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-15-3 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം നിശ്ചിത ദിവസം പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ പട്ടിക പ്രകാരം ചുവടെ ചേർത്തിരിക്കുന്ന കരാറുകാരാണ് 2023-24 വർഷം ആറ് മാസത്തിലധികം പഞ്ചായത്ത് പരിധിയിൽ പ്രവൃത്തി ചെയ്തിട്ടുള്ളത്.

| പേര് |
|---|
| രാമചന്ദ്രൻ നായർ എസ് |
| ശശിധരൻ നായർ പി |
| അഭിജിത്ത് പി ആർ |
| ബഷീറുദ്ദീൻ എം |
| രഞ്ജിത് എസ് |
| അനീഷ് ജി |
| ശ്യാംജിത്ത് |
| വിജയകുമാർ റ്റി |
| സുരേഷ് റ്റി |
| വിപിൻ രാജ് ആർ ബി |
| സോമൻ ആശാരി |
| രാംകുമാർ എസ് പി |
| ബേബി നായർ |
| സലാഹുദ്ദീൻ |
| അലക്സ് ലാൽ |
| അഷ്ടജ മോഹൻ |
| രമേശൻ എസ് |
| ശ്രീജിത്ത് എസ് എം |

മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത വിവരം, തുക ഈടാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം, ഡിമാന്റ് ചെയ്തിട്ടില്ലായെങ്കിൽ ആയതിന്റെ കാരണം എന്നിവ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 06/2023-24, 12.11.2024) ക്ക് മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി നടപടി അടിയന്തിരമായി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15-4 തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല

സപ്ലൈകോ സുപ്പർ മാർക്കറ്റ്, അഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്ന് 2023-24 വർഷം തൊഴിൽ നികുതി സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല. പ്രസ്തുത സ്ഥാപനത്തിന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും തുക ഈടാക്കുന്നതാണെന്നും അറിയിച്ചു. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം 34/2023-24, 18.11.2024)

## 1-15 വസ്തു നികുതി അപാകങ്ങൾ

വസ്തു നികുതി പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

## 1-16-1 പൊളിച്ചു കളയുന്ന കെട്ടിടത്തിന് മുൻകാല പ്രാബല്ല്യത്തിൽ നികുതി ഒഴിവാക്കി നൽകി

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ചു കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. എന്നാൽ താഴെപ്പറയുന്ന കെട്ടിടത്തിന്റെ നികുതി പൂർണമായും ഈടാക്കിയിട്ടില്ല.

| അപേക്ഷ തീയതി | കെട്ടിട നം | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണം | ഒഴിവാക്കിയ കാലയളവ് | ഒഴിവാക്കിയ നികുതി |
|---|---|---|---|---|---|---|
| 11/09/2023 | 5/459A | രാജീവ് കുമാർ | പാർപ്പിടാവശ്യം | 174 | 2023 First Half | 8770 |
| 29/07/2024 | 6/251B | രജിത വി എസ് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ | 15 | 2024 First Half | 783 |

| | | | വിസ്തീർണ്ണം ഉള്ള ഷോപ്പുകൾ , | | | |
|---|---|---|---|---|---|---|

മേൽ കെട്ടിടങ്ങൾക്ക് മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകിയതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകചയറി (നം 21/2023-24 ,16.11.2024)ക്ക് പ്രസ്തുത കെട്ടിടങ്ങൾ വളരെ മുൻപ് പൊളിച്ചുകളഞ്ഞതാണെന്ന് മറുപടി നൽകി. ഭാവിയിൽ അപേക്ഷ നൽകിയ തീയതി പ്രാബല്ല്യത്തിൽ കെട്ടിടം പൊളിച്ച് കളഞ്ഞതായി കണക്കാക്കി നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16-2 വസ്തു നികുതി പരിഷ്കരണം പുതുക്കിയ നിരക്കിലുള്ള നികുതി ഈടാക്കിയില്ല

സ.ഉ(കൈ) നം. 77/2023/LSGD തീയതി 22.03.2023 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സ.ഉ(അ)നം.25/2023/തസ്വഭവ തീയതി 05.04.2023 ഉത്തരവ് പ്രകാരം ഉപയോഗക്രമമനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിനോ എണ്ണത്തിനോ ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ 2023 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ നിശ്ചയിച്ചിരുന്നു. ഇതിനെ തുടർന്ന് ഭരണസമിതിയുടെ 19/04/2023 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിന് ബാധകമായ വസ്തുനികുതി നിരക്കുകൾ അംഗീകരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത വിജ്ഞാപനം പ്രകാരം വാണിജ്യ ആവശ്യത്തിനായി ഉപയോഗിക്കുന്ന 100 ച.മീ മുകളിൽ 500 ച.മീ വരെയുള്ള കെട്ടിടങ്ങൾക്ക് 70/- രൂപാ നിരക്കിലാണ് വസ്തു നികുതി ഈടാക്കേണ്ടത്

ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ 2023-24 വർഷം പുതുക്കിയ നിരക്കിലുള്ള വസ്തു നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | വാർഡ് / കെട്ടിട നം | ഉപയോഗ ക്രമം | വിസ്തീർണ്ണം ($M^2$) | ഈടാക്കിയ അടിസ്ഥാന വസ്തുനികുതി | ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| 1 | 1/208A | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | 144.38 | 60 | 70 |
| 2 | 2/162/A | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | 161.5 | 60 | 70 |
| 3 | 2/162 B | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | 161.5 | 60 | 70 |
| 4 | 3/227B | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | 297.95 | 60 | 70 |
| 5 | 3/227C | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | 286.08 | 60 | 70 |
| 6 | 3/404/A | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | 248.91 | 60 | 70 |
| 7 | 3/543/A | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | 102 | 60 | 70 |

| | | | | | |
|---|---|---|---|---|---|
| 8 | 4/344/A | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | 683 | 60 | 100 |
| 9 | 4/561 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | 151.64 | 60 | 70 |
| 10 | 4/600/C | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | 120.87 | 60 | 70 |

അരുവിക്കര ഗ്രാമ പഞ്ചായത്തിലെ 20 വാർഡിലെ കെട്ടിടങ്ങൾക്കൊന്നും തന്നെ പുതുക്കിയ വസ്തു നികുതി നിരക്ക് ബാധകമാക്കാത്തതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം21/2023-24,16.11.2024)ക്ക് ഐ കെ എം അപ്ഡേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് നികുതി വർദ്ധിപ്പിക്കുന്നതാണെന്ന് മറുപടി നൽകി. വരുമാന നഷ്ടം ഉണ്ടാകാതെയിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16-3 മൊബൈൽ ടവറുകളുടെ കുടിശ്ശിക

പഞ്ചായത്ത് പരിധിയിലുള്ള മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കുവാനുള്ളതായി സഞ്ചയ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതിയും, ലൈബ്രറി സെസ്സും, കുടിശ്ശികയുമുൾപ്പെടെയുള്ള തുകകൾ ഈടാക്കുവാനുണ്ട്.

| ക്രമ നം | വാർഡ് നം/ കെട്ടിട നം | ഉടമസ്ഥന്റെ വിവരം | നികുതി അടവാക്കുവാനുള്ള കാലയളവ് | കുടിശ്ശിക (ലൈബ്രറി സെസ്സ് ഒഴികെ) |
|---|---|---|---|---|
| 1 | 2/579/1 | റിലയൻസ് കമ്മ്യൂണിക്കേഷൻസ് | 2021 മുതൽ 2024 വരെ | 1,85,993 |

| | | | | |
|---|---|---|---|---|
| 2 | 13/277/2 | റിലൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 2021 മുതൽ 2024 വരെ | 74,196 |
| 3 | 19/206/A | റിലയൻസ് ഇൻഫ്രാറ്റൽ ലിമിറ്റഡ് | 2021 മുതൽ 2024 വരെ | 67,271 |

ഓഡിറ്റ് എൻക്വയറി (നം.7/12.11.2024)ക്ക് പ്രസ്തുത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയെങ്കിലും അവ ഇൻസോൾവെൻസിയിലേക്ക് നീങ്ങുകയാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത തുകകൾ ഈടാക്കുന്നതിനാവശ്യമായ തുടർ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-16-4 വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയറിൽ ഗ്രാമപഞ്ചായത്തിലെ വാർഡ് 19 മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ലായെന്ന് കാണുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണം |
|---|---|---|---|---|
| 1 | 19/213/A | മുഹമ്മദ് ബഷീർ(തകിടിയിൽ വീട്,അഴിക്കോട്) | പാർപ്പിടം | താഴത്തെ നില (171ച മീ) |
| 2 | 19/353 | സി സരസ്വതി (സരസ്വതി വിലാസം) | പാർപ്പിടം | താഴത്തെ നില (70ച മീ) |
| 3 | 19/583 | സനൂജ എസ് എച്ച് (ഷബ്ന മൻസിൽ, ഊറ്റുകുഴി അഴിക്കോട്,) | പാർപ്പിടം | താഴത്തെ നില (108 മീ) |
| 4 | 19/652 | സൈനുലബ്ദീൻ (വളവെട്ടി, മുക്കോലയ്ക്കൽ, പുത്തൻ വീട്, അഴിക്കോട്) | പാർപ്പിടം | താഴത്തെ നില (110ച മീ) |

| | | | | |
|---|---|---|---|---|
| 5 | 19/790 | നസീർഖാൻ(കുന്നിൽവീട്, അഴിക്കോട്) | പാർപ്പിടം | താഴത്തെ നില (64ച മീ) |

പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി സഞ്ജയയിൽ രേഖപ്പെടുത്താത്തതിനാലാണ് അവ ഡിമാന്ററിൽ ഉൾപ്പെടാത്തതെന്നും സഞ്ജയയിൽ ഡേറ്റാ പ്യൂരിഫിക്കേഷൻ ചെയ്യുന്ന മുറയ്ക്ക് മേൽ കെട്ടിടങ്ങൾക്ക് നികുതി ഡിമാന്റ് ചെയ്യുന്നതാണെന്നും മറുപടിയായി അറിയിച്ചു.

## 1-16-5 പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്. പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി (നം 7/2023-24,12.11.2024)ക്ക് മറുപടി നൽകി. പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 വസ്തു നികുതി അപാകങ്ങൾ

വസ്തു നികുതി പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

## 1-17 വസ്തു നികുതി പിരിവിൽ ഗണ്യമായ കുറവ്

2023-24 ലെ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂൾ പ്രകാരം വാസയോഗ്യ കെട്ടിടങ്ങളിൽ നിന്നും കെട്ടിട നികുതി തൻവർഷം 746,514/-, അരിയർ 2,66,896/-. നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളിൽ നിന്നും തൻവർഷം 4,74,249/- അരിയർ 2,40,357/- എന്നിങ്ങനെ തുകകൾ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. സ.ഉ(കൈ)നം. 179/2022/ധന തീയതി 18/10/2022 ഉത്തരവ് പ്രകാരം ഡിമാന്റ് ചെയ്യപ്പെടുന്ന തനത് വരുമാനത്തിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ വികസന ഫണ്ടിൽ നിന്നും ഒരു ശതമാനം കുറവ് ചെയ്യുന്നതിന് തീരുമാനം ആയിരുന്നു. പ്രാദേശിക സർക്കാരുകൾക്ക് 2023-24 സാമ്പത്തിക വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു സ.ഉ. (സാധാ) നം. 2858/2024/ ധന തീയതി 22-03-2024 പ്രകാരം ലഭ്യമാക്കിയതിൽ, മുൻവർഷം തനത്

വരുമാനം പൂർണ്ണമായും പിരിച്ചെടുക്കാത്തതിനാൽ അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും 2,47,560/- രൂപ മേൽ ഉത്തരവ് പ്രകാരം കുറവ് ചെയ്തിട്ടുണ്ട്. തനതു വരുമാനം തുലോം കുറവായ പഞ്ചായത്തിൽ നികുതി ഇനത്തിലെ തുകകൾ പൂർണ്ണമായും ഈടാക്കാത്തത് കാരണം പ്ലാൻ ഫണ്ടിലും കുറവുണ്ടാക്കി. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം 53/2023-24 19.11.2024)ക്ക് വസ്തു നികുതി പിരിച്ചെടുക്കുന്നതിന് പരമാവധി ശ്രമിച്ചിരുന്നുവെന്ന് അറിയിച്ചു. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു. നികുതി പിരിവ് ഊർജ്ജിതമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 തനത് വരുമാനം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

1)കുടിശ്ശിക രജിസ്റ്റർ

സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി തനത് വരുമാനത്തിലെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ തയ്യാറാക്കണമെന്ന് ആറാം ധനകാര്യ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ 01.06.2022 ലെ സർക്കാർ ഉത്തരവ് നം. സ.ഉ.(കൈ)നം.117/2022/LSGD പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. കുടിശ്ശിക രജിസ്റ്റർ സ്ഥാപനത്തിൽ പരിപാലിക്കുന്നില്ല. ഓഡിറ്റ് എൻക്വയറി നമ്പർ 9/2023-24, 12.11.2024 ക്ക് വരും വർഷങ്ങളിൽ തനത് വരുമാന കുടിശ്ശിക രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് മറുപടി നൽകി. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി രജിസ്റ്റർ പരിപാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2)നികുതി നികുതിയേതര വരുമാനങ്ങളുടെ അവലോകനം

എല്ലാ നികുതി വരുമാനത്തിന്റെയും ഡി.സി.ബി. സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും പ്രാദേശിക സർക്കാർ ഭരണസമിതി, പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുമാണെന്ന് മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിൽ നടത്തേണ്ടതാണെന്നും മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഭരണസമിതി മിനിറ്റ്സും ഗ്രാമ സഭ മിനിറ്റ്സും പരിശോധിച്ചതിൽ ഇപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. ഭാവിയിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ഓഡിറ്റ് എൻക്വയറി നമ്പർ 9/2023-24, 12.11.2024

3)നികുതി കുടിശ്ശിക വിവരം പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച്

കെട്ടിട നികുതിയിൽ വൻകുടിശ്ശിക വീഴ്ച വരുത്തുന്നവരുടെ പത്രിക ഗ്രാമപഞ്ചായത്തിന്റെ നോട്ടീസ് ബോർഡിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വെബ്സൈറ്റിലും പ്രസിദ്ധീകരി ക്കേണ്ടതാണെന്ന് ആറാം ധനകാര്യ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ സ.ഉ(കൈ). നം.124/2022/തസ്വഭവ തീ.15.06.2022 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ വിവിധ നികുതി നികുതിയേതര തുകകൾ അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നവരുടെ പേരുവിവരങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഏതു തുകയ്ക്കുമേൽ വീഴ്ച വരുത്തുന്നവരുടെ പേരുകളാണ് പ്രസിദ്ധീകരിക്കേണ്ടതെന്ന് അതത് ഗ്രാമപഞ്ചായത്തുകൾക്ക് തീരുമാനിക്കാം എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം കുടിശ്ശിക വിവരം പ്രസിദ്ധീകരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/2023-24, 12.11.2024ക്ക് പ്രസ്തുത സർക്കാർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിരുന്നില്ലെന്നും വരും വർഷങ്ങളിൽ പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെ വൻകുടിശ്ശിക വരുത്തുന്നവരുടെ പേര് വിവരം നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നതാണെന്ന് അറിയിച്ചു. ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 കോർപ്പറേറ്റ് സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ

2023-24 ലൈസൻസ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ മൂന്ന് ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. ലൈസൻസ് ഇല്ലാതെ ക്വാറികൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 57/19.11.2024) നാല് ക്വാറികൾ പ്രവർത്തിക്കുന്നുണ്ടെന്നും നിലവിൽ ലൈസൻസ് ഇല്ലാതെ ക്വാറികൾ പ്രവർത്തിക്കുന്നില്ലെന്നും 2023-24 വർഷം ഹൈക്കോടതിയിൽ കേസ് നിലനിന്നിരുന്നതിനാൽ G-Sand ക്വാറിക്ക് ലൈസൻസ് നൽകിയിരുന്നില്ലെന്നും മറുപടി നൽകി.
പ്രധാന ക്വാറികൾ പരിസ്ഥിതി ക്ലിയറൻസ് ഉത്തരവ് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളതെന്നും ആയത് പ്രകാരം സി.എസ്.ആർ (Corporate Social Responsibility) പ്രവർത്തനങ്ങൾ സഹകരിച്ച് നടത്തുന്നുണ്ടെന്നും മറുപടിയിൽ ചേർത്തിട്ടുണ്ട്. ഓരോ ടൺ കല്ലിനും നിരക്ക് നിശ്ചയിച്ച് ആയത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ചെലവ് ചെയ്യുന്നുണ്ടെന്നും ടി തുക പദ്ധതി പ്രദേശത്തെ ജനങ്ങളുടെ ക്ഷേമത്തിനായി വിനിയോഗിക്കുന്നുണ്ടെന്നും മറുപടിയിലുണ്ട്.
അരുവിക്കര ഗ്രാമ പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനും മൈലം അങ്കണവാടിയിൽ റിക്രിയേഷൻ റൂം ഉൾപ്പെടെ മെയിന്റനൻസ് വർക്ക് ചെയ്ത് നൽകാമെന്നും ബഡ്സ് സ്കൂൾ റിക്രിയേഷൻ റൂം മെയിന്റനൻസ് കൂടാതെ ബഡ്സ് സ്കൂൾ കുട്ടികളെ

കൊണ്ടുപോകുന്നതിനുള്ള വാഹന ചെലവും ഉൾപ്പെടെയുള്ള സാമൂഹിക പ്രതിബദ്ധത പ്രവർത്തനങ്ങൾ ക്വാറി അധികൃതരുടെ നേതൃത്വത്തിൽ ചെയ്ത് തരാമെന്ന് അറിയിച്ചിട്ടുണ്ടെന്നും മറുപടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങൾ സാധ്യമാക്കുവാൻ വേണ്ട നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. ആയതിലേക്ക് പഞ്ചായത്ത് കമ്മിറ്റി പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-20 ദുരന്ത മാനേജ്മെന്റ് പ്രവർത്തനങ്ങൾ അനിവാര്യം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ദുരന്ത മാനേജ്മെന്റ് പദ്ധതി തയ്യാറാക്കേണ്ടതും പ്രസ്തുത പദ്ധതിയിൽ ദുരന്ത പ്രതിരോധത്തിനുള്ള തയ്യാറെടുപ്പുകൾ, ലഘൂകരണ പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുത്തേണ്ടതുമുണ്ട്. പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധപ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് 04.12.2019 ലെ സ.ഉ(കൈ)നം. 156/2019/ത.സ്വ.ഭ.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ, ദുരന്ത നിവാരണ പദ്ധതിരേഖ തയ്യാറാക്കുന്നതിന് ആവശ്യമായ നിർദേശങ്ങൾ 14.01.2020 ലെ സ.ഉ (കൈ) 14/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലൂടെ നല്കിയിട്ടുമുണ്ട്. മേൽ സർക്കാർ ഉത്തരവുകൾ പ്രകാരം താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ അവ നടപ്പിലാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

1) 14.01.2020 ലെ സ.ഉ (കൈ) 14/2020 ത.സ്വ.ഭ.വ നമ്പർ പ്രകാരം 2020 ൽ തയ്യാറാക്കിയ ദുരന്ത മാനേജ്മെന്റ് പദ്ധതി, 04.12.2019 ലെ സ.ഉ(കൈ) 156/2019/തസ്വഭവ നമ്പർ ഉത്തരവ് മുഖേന നല്കിയിരുന്ന മാർഗനിർദേശങ്ങൾ പാലിച്ച് പതിന്നാലാം പഞ്ചവത്സരപദ്ധതിയിൽ കാലികമായി പരിഷ്കരണം.

2) പതിന്നാലാം പഞ്ചവത്സരപദ്ധതി മാർഗരേഖയിലെ ഖണ്ഡിക 7.2(6) പ്രകാരം, ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് വിവിധ മേഖലകളിൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കൽ.

3) ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ കാലികമാക്കി പുതുക്കൽ.

4) പതിന്നാലാം പഞ്ചവത്സരപദ്ധതി മാർഗരേഖയിലെ ഖണ്ഡിക 7.3(1) പ്രകാരം, കാലാവസ്ഥാ വ്യതിയാനത്തിന്റെ ദൂഷ്യവശങ്ങൾ ലഘൂകരിക്കുന്നതിനുള്ള പ്രാദേശിക കർമപദ്ധതി രൂപീകരണം.

5) പ്രാദേശിക കർമപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് KILA പരിശീലനം നല്കൽ.

6) അടിയന്തര പ്രതികരണ ടീം (Emergency Response Team) രൂപീകരണം.

7) ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം എന്നീ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരണം.

8) ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് (LRG) രൂപീകരണവും പ്രവർത്തനവും.

18.05.2022 ലെ സ.ഉ.(കൈ) നം. 115/2022/ തസ്വഭവ സബ്സിഡി മാർഗരേഖ, ഖണ്ഡിക7.8.8 പ്രകാരം കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കാനും ദുരന്തസാധ്യതയും അതിന്റെ കാഠിന്യവും മനസ്സിലാക്കാനും താപനില, മഴയുടെ അളവ്, കാറ്റിന്റെ ഗതി തുടങ്ങിയവയുടെ വിവരശേഖരണവും അതിന്റെ അപഗ്രഥനവും നടത്തേണ്ടതുണ്ടെന്നും അതിനായി ഓരോ പ്രദേശത്തിന്റെയും ദിനാന്തരീക്ഷസ്ഥിതി മനസ്സിലാക്കുന്നതിനുള്ള വെതർസ്റ്റേഷൻ ഓരോ ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തും ഒരെണ്ണമെങ്കിലും സ്ഥാപിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അപ്രകാരം അരുവിക്കര ഗ്രാമപ്പഞ്ചായത്തിനുള്ളിൽ വെതർസ്റ്റേഷൻ സ്ഥാപിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല.

2003 ലെ കേരള പഞ്ചായത്തുരാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപ്പഞ്ചായത്ത് പ്രദേശങ്ങളിൽ താമസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തര ധനസഹായം നല്കുന്നതിനായി ഓരോ ഗ്രാമപ്പഞ്ചായത്തിനും ഒരു പ്രമേയം മൂലം, പഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണ്. അത്തരത്തിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22 / 2023-24, 18.11.2024) സെക്രട്ടറി മറുപടി നല്കിയിട്ടില്ല. നമ്മുടെ നാട് തുടർച്ചയായി പ്രകൃതിക്ഷോഭങ്ങളെ നേരിട്ടുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ ദുരന്ത മാനേജ്മെന്റ് പ്രവർത്തനങ്ങൾക്ക് അടിയന്തര പ്രാധാന്യം നല്കേണ്ടതുണ്ട്. പരാമർശത്തിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 വനിതകൾക്ക് അലങ്കാരമത്സ്യവിത്ത് ഉത്പാദനവും വളർത്തലും - 40,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതിയുടെ പേര് - വനിതകൾക്ക് അലങ്കാരമത്സ്യവിത്ത് ഉത്പാദനവും വളർത്തലും (ജനറൽ)

പദ്ധതി നം. - 118/24

നിർവഹണോദ്യോഗസ്ഥൻ - ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ

വികസന ഫണ്ട് - 40,000/-

ഗുണഭോക്തൃവിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) - 60,000/-

അടങ്കൽ - 1,00,000/-

ചെലവ് - 40,000/- (സുലേഖ പത്രിക പ്രകാരം)

പതിന്നാലാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗരേഖ, ഖണ്ഡിക 6.4.4 പ്രകാരം വനിതകൾക്ക് അലങ്കാരമത്സ്യവിത്ത് ഉത്പാദനവും വളർത്തലും നടത്തുന്നതിനാവശ്യമായ ധനസഹായം നല്കുന്നതിലേക്കായി ഗ്രാമപ്പഞ്ചായത്തുതലത്തിൽ പദ്ധതി രൂപീകരിക്കാവുന്നതാണ്. പദ്ധതിയുടെ യൂണിറ്റ് ചെലവ് 50,000/- രൂപയും നല്കാവുന്ന സബ്സിഡി 40 ശതമാനവും (ജനറൽ) ആണെന്ന് മാർഗരേഖ നിഷ്കർഷിച്ചിട്ടുണ്ട്.

2023-24 ൽ ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ നടപ്പാക്കിയ, വനിതകൾക്ക് അലങ്കാരമത്സ്യവിത്ത് ഉത്പാദനവും വളർത്തലും (ജനറൽ) പദ്ധതിയുടെ ഭാഗമായി 2 ഗുണഭോക്താക്കൾക്ക് 20,000/- രൂപ വീതം ആകെ 40,000/- രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട് (ട്രഷറി ബിൽ നം. 01 / 11.12.2023). പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) മുദ്രപ്പത്രത്തിനുപകരം വെള്ള പേപ്പറിലാണ് ഗുണഭോക്താക്കൾ കരാർ വച്ചിരിക്കുന്നത്.

2) എൽ.എസ്.ജി.ഡി ഓവർസീയറുടെ ILGMS2023/6386, 25.11.2023 (ഗുണഭോക്താവ് - സിന്ധു എം. ആർ), ILGMS2023/6386, 25.11.2023 (ഗുണഭോക്താവ് - ഉഷ കെ) എന്നീ വാല്യുവേഷൻ സർട്ടിഫിക്കറ്റുകൾ പ്രകാരം ഓരോന്നിന്റെയും യൂണിറ്റ് ചെലവ് 20,000/- രൂപ വീതമാണ്.

3) സുലേഖ പത്രിക പ്രകാരം, ഗുണഭോക്തൃവിഹിതമായി വകയിരുത്തിയിരുന്ന 60,000/- രൂപ ചെലവഴിച്ചിട്ടില്ല.

4) ഗുണഭോക്താവ് ഓരോ ദിവസത്തെയും പ്രവർത്തനങ്ങൾ രേഖപ്പെടുത്തി, മത്സ്യക്കൃഷി രജിസ്റ്റർ സൂക്ഷിക്കുന്നതാണെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

അപാകങ്ങൾ ചൂണ്ടിക്കാട്ടി 18.11.2024 ൽ നല്കിയ 23/ 2023-24 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗരേഖ പ്രകാരം, 50,000/- രൂപ യൂണിറ്റ് ചെലവുള്ള അലങ്കാരമത്സ്യവിത്ത് ഉത്പാദനവും വളർത്തലും നടത്തുന്നതിനാണ് 40% തുക സബ്സിഡിയായി അനുവദിക്കാവുന്നത്. ഓവർസീയർ 20,000/- രൂപ യൂണിറ്റ് ചെലവായി വാല്യുവേഷൻ നിർണയിച്ച പ്രവൃത്തികൾക്ക് മുഴുവൻ തുകയും സബ്സിഡി അനുവദിച്ചത് അംഗീകരിക്കാവുന്നതല്ല. ഈ

സാഹചര്യത്തിൽ, രണ്ട് ഗുണഭോക്താക്കൾക്ക് സബ്സിഡിയായി നല്കിയ 40,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകങ്ങൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-22 അനുപൂരക പോഷകാഹാരം അങ്കണവാടികളിൽ (പൊതുവിഭാഗം) - 14,11,895/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതി നം. - 19/24

പദ്ധതി പേര് - അനുപൂരക പോഷകാഹാരം അങ്കണവാടികളിൽ (പൊതുവിഭാഗം)

നിർവഹണോദ്യോഗസ്ഥൻ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

വികസന ഫണ്ട് - 25,27,000/-

കേന്ദ്രാവിഷ്കൃത പരിപാടി - 35,00,000/-

ആകെ അടങ്കൽ - 60,27,000/-

ആകെ ചെലവ് - 55,70,461/-

2023-24 വർഷം അങ്കണവാടികൾക്ക് അനുപൂരക പോഷകാഹാരം വിതരണം ചെയ്യുന്നതിനായി 4.11.2023 ലെ 1(1) നമ്പർ ഭരണസമിതി തീരുമാനപ്രകാരം നടപ്പിലാക്കിയ പദ്ധതിയാണ് 'അനുപൂരക പോഷകാഹാരം അങ്കണവാടികളിൽ'. എന്നാൽ പദ്ധതിയുടെ ഭാഗമായി മുൻ സാമ്പത്തികവർഷങ്ങളിലെ (2021-22, 2022-23) ചെലവുതുകകളും വിതരണക്കാർക്ക് നല്കിയിരിക്കുന്നു. കേന്ദ്രാവിഷ്കൃത പരിപാടിയിൽ നിന്നാണ് തുകകൾ അനുവദിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു:

| സ്ഥാപനം | ബിൽ / ഇൻവോയിസ് നം, തീയതി | തുക | ചെക്ക് നം. / തീയതി |
|---|---|---|---|
| Gramya Nutrimix Unit | 046 / 25.01.2023 | 1,39,430 | 137366 / 15.05.2023 |
| | 207 / 04.03.2023 | 1,21,936 | |
| | 042 / 29.12.2022 | 28,443 | |
| Mundela Service Co-Operative Bank | 59 / 14.02.2022 | 10,376 | 137368 / 13.12.2023 |
| | 556 / 14.01.2022 | 17,196 | |
| | 631 / 14.02.2022 | 16,621 | |
| | | | |

| | | | |
|---|---|---|---|
| | --- / 30.03.2022 | 13,922 (Limited To 6,403/-) | |
| Mundela Service Co-Operative Bank | 607 / 03.02.2023 | 2,15,742 | 137368 / 13.12.2023 |
| | 612 / 03.02.2023 | 19,800 | |
| | 319 / 05.08.2022 | 1,32,186 | |
| Mundela Service Co-Operative Bank | 616 / 03.02.2023 | 3,09,457 | 137368 / 13.12.2023 |
| | 384-22-23 / 31.03.2023 | 22,620 | |
| Mundela Service Co-Operative Bank | 566 / 01.10.2022 | 1,22,463 | 137368 / 13.12.2023 |
| | 582 / 03.11.2022 | 2,41,169 | |
| | 84 / 27.03.2023 | 2,850 | |
| | 82 / 01.10.2022 | 5,203 | |
| **ആകെ** | | **14,11,895** | |

മുൻ വർഷങ്ങളിലെ ബില്ലുകൾ പ്രകാരമുള്ള തുക 2023-24 ലെ പദ്ധതിയിൻ കീഴിൽ അനുവദിച്ചതിന് വിശദീകരണവും, ടി ബില്ലുകൾ പ്രകാരമുള്ള തുക മുൻവർഷങ്ങളിൽ മേൽ സ്ഥാപനങ്ങൾക്ക് മാറി നല്കിയിട്ടുണ്ടോ എന്ന വിവരം പരിശോധിച്ചുറപ്പിക്കാനുതകുന്ന രേഖകളും ലഭ്യമാക്കാനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/2023-24, 16.11.2024) നിർവഹണോദ്യോഗസ്ഥ, 18.11.2024 ൽ, സെക്രട്ടറി മുഖേന ഇപ്രകാരം മറുപടി നല്കുകയുണ്ടായി: “2022 മെയ് മാസത്തിൽ ചുമതല ഏറ്റെടുത്തപ്പോൾ മുൻ സൂപ്പർവൈസർ കൈമാറി നല്കിയ ബില്ലുകൾ ടി കാലയളവിലെ ക്യാഷ് ബുക്ക്, പദ്ധതി നിർവഹണ ഫയലുകൾ, സാംഖ്യ അക്കൗണ്ട് തുടങ്ങിയവയുമായി ഒത്തുനോക്കിയും പ്രസ്തുത സ്ഥാപനങ്ങളുമായി ചർച്ച നടത്തിയും തുക ലഭിച്ചിട്ടില്ലെന്ന് ബോധ്യമായതിന് ശേഷമാണ് തുക നല്കിയിട്ടുള്ളത്. കൂടാതെ, 2022-23 ൽ മുണ്ടേല സഹകരണ ബാങ്കിൽ നിന്ന് സമയബന്ധിതമായി ബില്ലുകൾ ലഭിക്കാതെ വന്നതിനാൽ ഫോൺ മുഖേന അറിയിപ്പ് നല്കുകയും മാർച്ച് മാസത്തിൽ ബില്ലുകൾ ഒരുമിച്ച് എത്തിക്കുകയുമാണ് ഉണ്ടായത്. ടി സാഹചര്യത്തിൽ പദ്ധതി റിവൈസ് ചെയ്യുന്നതിന് സാധ്യമല്ലാത്തതിനാലും ഫണ്ട് ലഭ്യമല്ലാത്തതിനാലും ടി തുക 2023-24 വർഷത്തെ കേന്ദ്ര വിഹിതത്തിൽ നിന്നുമാണ് നല്കിയിട്ടുള്ളത്”.

2022-23 വർഷം അനുപൂരക പോഷകാഹാരം പദ്ധതിക്കായി (നം. 13 / 23 – പൊതുവിഭാഗം) 24,52,981/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2021-22 വർഷത്തെ പൊതുവിഭാഗം അനുപൂരക പോഷകാഹാരം പദ്ധതിക്കായി (നം. 7/22) 32,10,754/- രൂപയും എസ്.സി.പി അനുപൂരക പോഷകാഹാരം പദ്ധതിക്കായി (നം.8/22) 50,417/- രൂപയും ചെലവഴിച്ചിട്ടുമുണ്ട്. 2022-23, 2021-22 വർഷങ്ങളിലെ പദ്ധതിച്ചെലവുകളിൽ 2023-24 വർഷം മാറി നല്കിയ ബില്ലുകൾ പ്രകാരമുള്ള തുക ഉൾപ്പെട്ടിട്ടില്ലെന്ന് ഉറപ്പിക്കാൻ ആവശ്യമായ രേഖകൾ പരിശോധനയ്ക്ക്

നല്കിയിട്ടില്ലാത്ത സാഹചര്യത്തിൽ മേൽ പട്ടികയിൽ വിശദമാക്കിയിട്ടുള്ള 14,11,895/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. എത്രയും വേഗം രേഖകൾ ഹാജരാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്താത്ത പക്ഷം, ചെലവ് നിരാകരിക്കുന്നതും നിർവഹണോദ്യോഗസ്ഥയുടെ ബാധ്യതയായി നിർണയിച്ച് തുടർനടപടി സ്വീകരിക്കുന്നതുമാണ്.

## 1-23 കേരളോത്സവം - ചെലവുരേഖകൾ ലഭ്യമല്ല - 1,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതിയുടെ പേര് - കേരളോത്സവം

പദ്ധതി നം. - 38/24

നിർവഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

ഫണ്ടിനം - വികസന ഫണ്ട് (പൊതുവിഭാഗം)

അടങ്കൽ - 1,50,000/-

ചെലവ് - 1,50,000/- (സുലേഖ പത്രിക പ്രകാരം)

ബിൽ നമ്പർ, തീയതി, തുക – 1) 336/18.11.2023 – 12812/-
2) 337/18.11.2023 – 10370/-
3) 348/23.11.2023 – 50000/-
4) 347/23.11.2023 – 2000/-
5) 350/23.11.2023 – 17000/-
6) 395/16.12.2023 – 57818/-

2023-24 വർഷം, കേരളോത്സവം പദ്ധതിക്കായി വികസനഫണ്ടിൽ നിന്ന് 1,50,000/- രൂപ ചെലവഴിച്ചതായി സുലേഖ ചെലവുപത്രികയിൽ നിന്ന് വ്യക്തമാകുന്നു. ഓഡിറ്റ് റിക്വസിഷൻ നം. 2 മുഖേന ആവശ്യപ്പെട്ടിട്ടും പ്രസ്തുത പദ്ധതിയുടെ ചെലവുരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ചെലവുരേഖകളുടെ അഭാവത്തിൽ, കേരള പഞ്ചായത്ത്രാജ് (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടം 12 അനുശാസിക്കുന്ന പ്രകാരം അത്തരം ചെലവ് നടന്നിട്ടില്ലെന്ന അനുമാനത്തിൽ, പ്രസ്തുത ചെലവ് തടസ്സപ്പെടുത്തുന്നു. 1,50,000/- രൂപ ചെലവഴിച്ചതിന്റെ രേഖകൾ എത്രയും വേഗം ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം, ചെലവ് നിരാകരിച്ച് നിർവഹണോദ്യോഗസ്ഥയുടെ പേർക്ക് ബാധ്യത ചുമത്തി തുടർനടപടി സ്വീകരിക്കുന്നതാണ്.

## 1-24 ഉപയോഗ ശൂന്യമായ പൊതു ടാപ്പുകൾ നീക്കം ചെയ്യൽ - നടത്തിപ്പിലെ അപാകങ്ങൾ - 2,50,946/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | SO300/24 |
| പ്രോജക്ടിന്റെ പേര് | ഉപയോഗയോഗ്യമല്ലാത്ത പൊതു ടാപ്പുകൾ നീക്കം ചെയ്യുന്നതിനുള്ള ചിലവ് |
| അടങ്കൽ | 3,00,000 (തനത് ഫണ്ട്) |
| ചെലവ് | 2,50,946 |
| ബിൽ നമ്പർ | 597/23-03-2024 |
| നിർവ്വഹണം | സെക്രട്ടറി |

ഉപയോഗയോഗ്യമല്ലാത്ത പൊതു ടാപ്പുകൾക്ക് പഞ്ചായത്ത് പ്രതിമാസം 5 ലക്ഷം രൂപ വെള്ളക്കരം ഒടുക്കി വരുന്നത് ഒഴിവാക്കുന്നതിനായി രൂപീകരിച്ച പദ്ധതി. പദ്ധതി പ്രകാരം പഞ്ചായത്തിലെ 442 പൊതു ടാപ്പുകളിൽ 175 എണ്ണം ഒഴിവാക്കുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 05.06.2023ലെ കെ ഡബ്ലിയുഎ/എച്ച് ഡബ്ലിയു ഡി/ഡി ബി 2/13588/2023 ാം നമ്പർ കത്ത് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ട്. 2,50,946.48/- രൂപയുടെ എസ്റ്റിമേറ്റാണ് നൽകിയത്.

22.02.2023 ലെ പഞ്ചായത്ത് ഭരണ സമിതി 4(5) തീരുമാന പ്രകാരം അരുവിക്കര ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലുമായി വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുള്ള പൊതു ടാപ്പുകൾ ഏറിയപങ്കും പ്രവർത്തന രഹിതമാണെന്നും, അത്തരം പൊതുടാപ്പുകൾക്ക് കൂടി നിലവിൽ പഞ്ചായത്ത് പണമടയ്ക്കുന്ന സ്ഥിതിവിശേഷമാണുള്ളതെന്നും യോഗം വിലയിരുത്തി. ആകെയുള്ള 442 പൊതു ടാപ്പുകളിൽ വളരെകുറച്ച് മാത്രമേ പ്രവർത്തനക്ഷമമായിട്ടുള്ളൂവെന്നും കൂടാതെ ജൽജീവൻ മിഷൻ പദ്ധതി ആരംഭിച്ചതോടെ പൊതുടാപ്പുകളുടെ പ്രസക്തി നഷ്ടപ്പെട്ടുവെന്നും യോഗം അഭിപ്രായപ്പെട്ടു. വാട്ടർ ചാർജ് തുക മൂന്നിരട്ടിയായി വർദ്ധിച്ച സാഹചര്യത്തിൽ ഇത്തരത്തിലുള്ള ഭീമമായ തുക ഒടുക്കുവരുത്തൽ സാമ്പത്തിക പിന്നാക്കാവസ്ഥയിലുള്ള പഞ്ചായത്തിന്റെ സാമ്പത്തികസ്ഥിതി കൂടുതൽ അപകടത്തിലാക്കുമെന്നും, പൊതു പണത്തിന്റെ നഷ്ടപ്പെടുത്തൽ അടിയന്തിരമായി ഒഴിവാക്കേണ്ടതാണെന്നും, അതിനായി ഉപയോഗരഹിതമായ പൊതുടാപ്പുകൾ വാട്ടർ അതോറിറ്റിയും പഞ്ചായത്തും സംയുക്തമായി പരിശോധന നടത്തി കണ്ടെത്തുന്നതിനായി അടിയന്തിര നടപടി കൈക്കൊള്ളുന്നതിന് യോഗത്തിൽ തീരുമാനിച്ചു.

**തുടർന്ന് സംയുക്ത പരിശോധന നടത്തുകയും അരുവിക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 15.06.2023 ലെ Sc3/101/2023 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിയും പഞ്ചായത്തും ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് 21.03.2023ൽ KWA/NDD/WSSn/PT/2023 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കത്ത് പ്രകാരം 175 ടാപ്പുകൾ ഉപയോഗ ശൂന്യമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുളളത്.**

ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

* 15.06.2023 ൽ സംയുക്ത പരിശോധനാ റിപ്പോർട്ട് പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് പ്രകാരമുളള തുക പഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുളളത് 23.03.2024 ൽ മാത്രമാണ്. ബിൽ രജിസ്റ്റർ പരിശോധിച്ചതിൽ തൻ വർഷം കുടിവെളള ചാർജ്ജിനത്തിൽ പ്രതിമാസം 5,36,257/- രൂപാ (442 ടാപ്പുകൾക്ക്) നിരക്കിൽ 12 മാസം 64,35,084/- രൂപയാണ് പഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് തനത് ഫണ്ടിൽ നിന്നും ഒടുക്കിയിട്ടുളളത്. തനത് ഫണ്ട് കുറവായതിനാൽ അതിവേഗം നടപടി സ്വീകരിക്കുവാനാവശ്യപ്പെട്ട് ഭരണസമിതി തീരുമാനം കൈക്കൊണ്ടിട്ടും 175 ടാപ്പുകൾ ഒഴിവാക്കുന്നതിന്റെ എസ്റ്റിമേറ്റ് തുകയായ 2,50,946/- രൂപ അടവാക്കുവാൻ കാലതാമസം നേരിട്ടു. തുക യഥാസമയം നൽകിയിരുന്നുവെങ്കിൽ 175 ടാപ്പുകളുടെ നിരക്ക് കുറവ് ചെയ്ത വാട്ടർ ചാർജ്ജ് പഞ്ചായത്തിന് ഒടുക്കിയാൽ മതിയായിരുന്നു. തനത് ഫണ്ട് അനാവശ്യമായി ചെലവഴിക്കുന്നത് ഒഴിവാക്കാമായിരുന്നു. ഇതു സംബന്ധിച്ച് വിശദാംശം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം 14/2023-24, 14.11.2024 ക്ക് പദ്ധതിക്ക് ഡിപിസി അംഗീകാരം ലഭിക്കാൻ കാലതാമസം നേരിട്ടതിനാലാണ് വാട്ടർ അതോറിറ്റിക്ക് തുക നൽകുന്നത് വൈകിയതെന്ന് മറുപടി നൽകി. എന്നാൽ പ്രോജക്ട് പരിശോധിച്ചതിൽ ഡിപിസി അംഗീകാരം 26.12.2023 ലഭിച്ചിട്ടുണ്ട്. പ്രോജക്ടിന് ഭരണാനുമതി പഞ്ചായത്ത് കമ്മിറ്റി നൽകിയത് 14.11.2023ൽ മാത്രമാണ്. പ്രതിമാസം 5 ലക്ഷം രൂപ ഒടുക്കി വരുന്നത് ഒഴിവാക്കുന്നതിനായി രൂപീകരിച്ച പദ്ധതി ഉദ്ദേശ്യം പൂർണ്ണമായി കൈവരിക്കാൻ ആയില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

* വാട്ടർ കണക്ഷൻ വിച്ഛേദിക്കൽ പദ്ധതി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് തീയതിയിലും ലഭ്യമായിട്ടില്ല

പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ പദ്ധതിയ്ക്ക് ചെലവായ 2,50,946/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ഭാവിയിൽ പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ അടിയന്തിര പ്രാധാന്യം

കണക്കിലെടുത്ത് വേഗത്തിൽ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-25 പോസ്റ്റ് മാറ്റൽ - വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 1,99,606/- തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S00100/24 |
| പ്രോജക്റ്റിന്റെ പേര് | വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റൽ |
| അടങ്കൽ | 2,00,000/- (വി ഫ ജനറൽ) |
| ചെലവ് | 1,99,606/- |
| ബിൽ നമ്പർ | 128/ 03-07-2023 – 27,288/-<br>152/ 25-07-2023 – 24,295/-<br>356/ 28-11-2023 – 16,947/-<br>492/ 02-02-2024 – 33,799/-<br>622/ 24-03-2024 – 32,244/-<br>625/ 24-03-2024 – 56,245/-<br>651/ 24-03-2024 - 8,788/- |
| നിർവ്വഹണം | സെക്രട്ടറി |

അപകടകരമായതും, പൊതുഗതാഗതത്തിനും, മരാമത്ത് പണികൾക്കും തടസ്സമായിട്ടുള്ള ഇലക്ട്രിക് പോസ്റ്റുകൾ കെ എസ് ഇ ബി കാച്ചാണി, ഉഴമലയ്ക്കൽ, വെള്ളനാട്, പൂവച്ചൽ ഓഫീസുകളിൽ നിന്ന് ലഭിക്കുന്ന എസ്റ്റിമേറ്റിൻ പ്രകാരം തുക പ്രോജക്റ്റിൽ നിന്ന് നൽകുന്നു. ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനായി കെഎസ്ഇബിയുടെ വിവിധ ഡിവിഷനുകളിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 1,99,606/- രൂപ കെഎസ്ഇബിക്ക് നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് - തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| എസ്റ്റിമേറ്റ്/തീയതി | തുക | ഇലക്ട്രിക്കൽ സെക്ഷൻ |
|---|---|---|
| DB14/VLD/2022-23, 12.06.2023 | 27,288 | വെള്ളനാട് |
| | | |

| | | |
|---|---|---|
| 11.07.2023 | 24,295 | വെള്ളനാട് |
| CW-4691-202324-39 | 16,947 | കാച്ചാണി |
| PT40/20, PT40/12/A(POST NO.) | 33,799 | വെള്ളനാട് |
| PT40/20, PT40/12/A(POST NO.) | 8,788 | വെള്ളനാട് |
| V/VC13/3, V/VB20.10.2022(POST NO.) | 32,244 | വെള്ളനാട് |
| V/MK, 18/3/2, V/MK18/3/4, V/MK-15/7 (POST NO.) | 56,245 | വെള്ളനാട് |

തുക കെഎസ്ഇബി കൈപ്പറ്റിയതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം. 54/2023-24, 19.11.2024) പ്രവൃത്തി പൂർത്തിയാക്കിയെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല എന്നറിയിച്ചു. 1,99,606/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 ആശ്വാസ് പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല- 72,000/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | SO158/24 സ്പിൽ ഓവർ |
| പ്രോജക്ടിന്റെ പേര് | ആശ്വാസ്- ഡയാലിസിസ് രോഗികൾക്ക് ചികിത്സാ സഹായം പദ്ധതി - തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറൽ |
| അടങ്കൽ | 1,44,000 (72000 വി ഫ ജ; 72000ജില്ലാ പഞ്ച വി.) |
| ചെലവ് | 72,000 |
| ബിൽ നമ്പർ | 377/ 08-12-2023 |
| നിർവ്വഹണം | സെക്രട്ടറി |

അരുവിക്കര ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് ഉള്ള വൃക്ക രോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിന് ആവശ്യമായ തുക ജില്ലാ പഞ്ചായത്തിന് കൈമാറുന്നതിനായി പ്രോജക്ട് വിഭാവനം ചെയ്യുന്നു. സർക്കാർ ഉത്തരവ് കൈ 115/2022/ തസ്വഭവ തീയതി 28.05.2022 ഖണ്ഡിക 7.6.7 .1 പ്രകാരം മാർഗരേഖയിലെ 2.15(1), 2.15(2) എന്നിവയിലെ വരുമാന പരിധിക്ക് വിധേയമായി എല്ലാ വിഭാഗം വൃക്ക രോഗികൾക്കും ഡയാലിസിസ് നടത്തുന്നതിനുള്ള സഹായം ആഴ്ചയിൽ 1,000/- രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 4,000/- രൂപ നൽകാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വരുമാനം തെളിയിക്കുന്നതിനുള്ള രേഖ സംബന്ധിച്ച് ഖണ്ഡിക 2.16 ലെ ഒരു വർഷക്കാലയളവിനുള്ളിൽ വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങിയ

വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 01.12.2023 ലെ ഇ3/570/2021/TDP/2023 നമ്പർ കത്ത് പ്രകാരം 2,00,000/- രൂപ അടവാക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

72,000/- രൂപയാണ് ആശ്വാസ് പദ്ധതിക്കായി ജില്ലാപഞ്ചായത്തിന് കൈമാറിയിട്ടുള്ളത്. മൂന്ന് രോഗികളുടെ വിശദാംശമാണ് ഫയലിൽ ലഭ്യമാക്കിയിട്ടുള്ളത്. ഈ മൂന്ന് പേർക്ക് വേണ്ടി മാത്രമാണോ ഈ തുക ഒടുക്കിയിട്ടുള്ളതെന്ന് വ്യക്തമല്ല. മുൻവർഷങ്ങളിൽ ചികിത്സയിൽ ഉണ്ടായിരുന്ന രോഗികളെ ഒഴിവാക്കിയതിന്റെ വിശദാംശവും ഫയലിൽ ലഭ്യമല്ല. ഓഡിറ്റ് എൻക്വയറി (നം 39/2023-24 , 19.11.2024)ക്ക് ജില്ലാ പഞ്ചായത്തിന് തുക കൈമാറുകയാണ് ചെയ്തിട്ടുള്ളതെന്നറിയിച്ചു. ജില്ലാ പഞ്ചായത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം, ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ വിവരം എന്നിവ ലഭിക്കാത്തതിനാൽ 72,000/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കാവുന്നതാണ്.

## 1-27 തെരുവ് വിളക്ക് പരിപാലനം - നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| പദ്ധതിയുടെ പേര് | തെരുവ് വിളക്ക് പരിപാലനം |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ | SO059/24 |
| അടങ്കൽ | 8,00,240/- (വികസന ഫണ്ട് സി.എഫ്.സി - Untied) |
| ചെലവ് | 5,27,686/- |

അരുവിക്കര ഗ്രാമ പഞ്ചായത്തിലെ 20 വാർഡുകളിലേയും തെരുവ് വിളക്കുകൾ അടാട്ട് മാതൃകയിൽ അറ്റകുറ്റപണി നടത്തുന്നതിനായി തയ്യാറാക്കിയ പദ്ധതി പ്രകാരം 2 ഇലക്ട്രീഷ്യൻ - കം - ഡ്രൈവർമാരെ നിയമിക്കുകയും അവർക്ക് വേതനം നൽക്കുകയും തെരുവ് വിളക്ക് അറ്റകുറ്റപണികൾക്കായി വാഹനം വാടകയ്ക്ക് എടുക്കുകയും ആയതിന്റെ ഇന്ധനചെലവ് അടവാക്കുകയും, ഇലക്ട്രീഷ്യൻമാർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ യൂണിഫോം, കയ്യുറകൾ, ഹെൽമറ്റ് എന്നിവ വാങ്ങി നൽകുകയുമാണ് ചെയ്തിട്ടുള്ളത്. കൂടാതെ ആവശ്യമായ തെരുവ് വിളക്ക് ഉപകരണങ്ങൾ ഇലക്ട്രീഷ്യൻമാരുടെ ആവശ്യപ്രകാരം സർക്കാർ സ്ഥാപനമായ യുണൈറ്റഡ് ഇലക്ട്രിക്കൽ കൊല്ലം എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങുന്നതിനാണ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്.

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി ഇലക്ട്രീഷ്യൻ -കം- ഡ്രൈവർമാരുമായി പഞ്ചായത്ത് സെക്രട്ടറി 15.04.2023ൽ തയ്യാറാക്കിയ കരാർ ഉടമ്പടി പരിശോധിച്ചതിൽ

ശ്രീ ബിപിൻ എസ്സ്, സുബിൻ ഭവൻ, ചാലുവള്ളി, മീൻമുട്ടി (പി.ഒ), ശ്രീ ശരൺ എസ്സ്, തടത്തരികത്തു വീട്, വെള്ളൂർക്കോണം, മഞ്ച (പി.ഒ), ശ്രീ അനീഷ് കുമാർ ആർ. എസ്, രാജ്ഭവൻ, മുല്ലശ്ശേരി, കരകുളം (പി.ഒ) എന്നിവരാണ് കരാർ ചമച്ചിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1) ഇലക്ട്രീഷ്യന്മാരെ തെരഞ്ഞെടുക്കുന്നതിനായി സ്വീകരിച്ച നടപടിക്രമം സംബന്ധിച്ച് വിശദാംശം ഫയലിൽ ലഭ്യമല്ല. കൂടാതെ തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഇലക്ട്രീഷ്യൻ കം ഡ്രൈവർ കരാർ ജീവനക്കാരായ ബിബിൻ എസ്, ശരൺ എസ് എന്നിവർ കരാർ ഉടമ്പടിയിൽ ഒപ്പു വെച്ചിട്ടില്ല.

2) കരാർ നിബന്ധന I -3 പ്രകാരം ലൈനിൽ പ്രവർത്തിക്കുന്ന ദിവസം കുറഞ്ഞത് 15 മുതൽ 25 പോസ്റ്റുകളിൽ/ റിപ്പയർ ചെയ്യുന്ന ദിവസം കുറഞ്ഞത് 30 വിളക്കുകൾ റിപ്പയർ ചെയ്യേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിബന്ധനകൾ പാലിച്ചിട്ടില്ല. ഒരു ദിവസം 15 ലൈറ്റുകളിൽ കൂടുതൽ റിപ്പയർ ചെയ്തിട്ടുള്ളതായും വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതായും അറിയിച്ചു. (ഓഡിറ്റ് എൻക്വയറി നം 13/23-24, 14/11/2024ന്റെ മറുപടി)

3) കരാർ നിബന്ധന II -1 പ്രകാരം പ്രവർത്തി നിർവ്വഹിക്കേണ്ട തെരുവ് വിളക്കുകളെ സംബന്ധിച്ചുള്ള പരിപൂർണ്ണ വിവരം വാർഡടിസ്ഥാനത്തിൽ പഞ്ചായത്തിന്റേയും വാർഡ് മെമ്പറുടേയും സഹായത്താൽ ശേഖരിച്ച് ക്രോഡീകരിച്ച് വാർഡ് തിരിച്ച് രജിസ്റ്ററായി സൂക്ഷിക്കേണ്ടതും കാലാനുസൃതമായി പുതുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ 17-08-2015 ലെ ജി.2/44274/15 ാം നമ്പറായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശത്തിൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ കേടായ സാധനങ്ങളുടെ വിവരം അതത് ദിവസം രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ പരിപാലിക്കണമെന്നും പ്രസ്തുത മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ രജിസ്റ്റർ 2024-25 വർഷം പരിപാലിക്കുന്നുണ്ടെന്ന് അറിയിച്ചുവെങ്കിലും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

4) മേൽ ഉത്തരവ് പ്രകാരം അടാട്ട് മാതൃക അവലംബിക്കുന്ന പഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതി സ്വീകരിക്കലും തുടർ പ്രവർത്തനങ്ങൾക്കുമായി നോഡൽ ആഫീസറെയും നോഡൽ പോയിന്റുകളും നിശ്ചയിക്കേണ്ടതാണെന്ന് ഉത്തരവിൽ നിഷ്കർഷിക്കുന്നു. പരാതികൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും നോഡൽ ഓഫീസർ ഇത് മെയിന്റനൻസ് ടീമിന് കൈമാറുകയും ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തെരുവുവിളക്കിനെപ്പറ്റിയുള്ള പരാതി

സ്വീകരിക്കുന്നതിനുള്ള സംവിധാനം പഞ്ചായത്തിൽ നിലവിലില്ലായെന്നും 2024-25 വർഷം നോഡൽ ഓഫീസറെ നിയമിക്കുമെന്ന് അറിയിച്ചു.( ഓഡിറ്റ് എൻകചയറി നം 13/23-24, 14/11/2024ന്റെ മറുപടി)

5) ലൈറ്റുകൾ റിപ്പയർ ചെയ്തതായി മെമ്പർ സാക്ഷ്യപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് ഇലക്ട്രീഷ്യന് വേതനവും വാഹനവാടകയും അനുവദിക്കുന്നത്. എന്നാൽ ടി.ആർ - 59 (ഇ) ബിൽ നം. 186/17-08-23, 523/23-02-24, 679/24-03-24 എന്നീ ബില്ലുകളോടൊപ്പം മെമ്പർ സാക്ഷ്യപ്പെടുത്തിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. മെമ്പർമാരുടെ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നറിയിച്ചു. ( ഓഡിറ്റ് എൻകചയറി നം 13/23-24, 14/11/2024ന്റെ മറുപടി)

6) സുലേഖ ചെലവ് പത്രിക, ACR പത്രിക എന്നിവ പരിശോധിച്ചതിൽ 90,000/-, 30800/- എന്നീ തുകകളുടെ ടി.ആർ. 59 (ഇ) ബിൽ, അനുബന്ധ രേഖകൾ എന്നിവ പരിശോധനയിൽ ലഭ്യമാക്കിയിട്ടില്ല.

7) 05.09.2011-ലെ സർക്കുലർ നം.3055/ഡി.എസ്.3/2011/തസ്വഭവ പ്രകാരം തെരുവ് വിളക്കുകൾസ്ഥാപിക്കുന്നത് കെ.എസ്.ഇ.ബി-യുടെ മേൽനോട്ടത്തിലും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുമായിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി മേൽനോട്ടം വഹിച്ചിട്ടില്ല.

8) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 07.11.2017ലെ 177/ഡി.എ.3/2017/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്ക് പരിപാലനം നടത്തുന്നതിന് കോൺട്രാക്ട് ഏറ്റെടുക്കുന്നവർക്ക് സൂപ്പർവൈസറി ലൈസൻസും ബി ക്ലാസ്സ് ലൈസൻസും തൊഴിലാളിക്ക് ഇലക്ട്രിഷ്യൻ ലൈസൻസും ഉണ്ടായിരിക്കേണ്ടതാണ്. ആയത് തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്. ആവശ്യമായ യോഗ്യതയുള്ളവരെയാണ് ഇലക്ട്രീഷ്യൻമാരായി നിയമിച്ചിട്ടുള്ളതെന്നറിയിച്ചു. എന്നാൽ മേൽ സർക്കലറിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയതിന്റെ വിശദാംശവും ലഭ്യമാക്കിയില്ല.

9) 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേമെന്റ് വ്യക്തികൾക്ക് നൽകുമ്പോൾ അല്ലെങ്കിൽ ആകെ ഒരു വർഷം ഒരു ലക്ഷത്തിൽ കൂടുതൽ തുക നൽകുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും ആദായ നികുതി ഇനത്തിൽ കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. മേൽ പ്രവൃത്തിയിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടില്ല. ദിനം പ്രതി 700/- രൂപ നിരക്കിൽ തുക നൽകിയതിനാലാണ് ആദായനികുതി ഈടാക്കാതിരുന്നതെന്നും 2024-25 വർഷം ഈടാക്കുന്നതാണെന്നും അറിയിച്ചു. (ഓഡിറ്റ് എൻകചയറി നം. 13/23-24, 14/11/2024ന്റെ മറുപടി).

10) തെരുവ് വിളക്ക് മെയിന്റനൻസുമായി ബന്ധപ്പെട്ട് വാഹനത്തിന്റെ വാടകയിനത്തിൽ തുക നൽകുമ്പോൾ ട്രിപ്പ് ഷീറ്റിൽ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ട്രിപ്പ് ഷീറ്റുകളൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിലുള്ള സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിനും പൊതുപണം ചെലവഴിക്കുമ്പോൾ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

മേൽ പരാമർശിച്ച അപാകങ്ങൾക്ക് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.

## 1-28 സ്പിൽ ഓവർ പദ്ധതികളുടെ ചെലവ് സുലേഖ പത്രികയിൽ ഉൾപ്പെടുത്തിയില്ല.

| | |
|---|---|
| പദ്ധതി നം. | S0174/24 |
| പദ്ധതിയുടെ പേര് | ആർദ്രം മിഷൻ - താൽക്കാലിക ഫാർമസിസ്റ്റിന് വേതനം നൽകൽ |
| അടങ്കൽ | ₹12,841/- (വികസന ഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം)<br>₹14,000/- (തനത് ഫണ്ട്) |
| ചെലവ് | ₹14,000/- (തനത് ഫണ്ട്) |
| ബിൽ നം./ തീയതി | 13/06.05.2023 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി/സി.എച്ച്.സി |

| | |
|---|---|
| പദ്ധതി നം. | S0176/24 |
| പദ്ധതിയുടെ പേര് | ആർദ്രം മിഷൻ താൽക്കാലിക ലാബ് ടെക്നീഷ്യന് വേതനം നൽകൽ |
| അടങ്കൽ | ₹3,202/- (വികസന ഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം)<br>₹14,000/- (തനത് ഫണ്ട്) |
| ചെലവ് | ₹14,000/- (തനത് ഫണ്ട്) |
| ബിൽ നം./ തീയതി | 10/06.05.2023 |

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി/സി.എച്ച്.സി |

മേൽചേർത്ത സ്പിൽ ഓവർ പദ്ധതികളുടെ ചെലവ് തൻവർഷം സുലേഖ പത്രികയിൽ ലഭ്യമല്ല. എന്നാൽ തൻവർഷം എ.സി.ആർ-ൽ ടി പദ്ധതികളുടെ ചെലവ് ഉൾപ്പെട്ടിട്ടുണ്ട്. സുലേഖ പത്രികയിൽ ചെലവ് ലഭ്യമല്ലാത്തതിന്റെ കാരണം വ്യക്തമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 31/18.11.2024) ടി സ്പിൽ ഓവർ പദ്ധതികൾ പ്രകാരമുള്ള തുക ചെലവഴിച്ചിട്ടുള്ളതാണ് എന്നും എന്നാൽ ടി പദ്ധതികൾ സാംഖ്യ പോർട്ടലിൽ അപ്ഡേറ്റ് ചെയ്തിട്ടില്ല എന്നും മറുപടി നൽകി. ടി പദ്ധതികൾ പഞ്ചായത്ത് മുഖേന അപ്ഡേറ്റ് ചെയ്താൽ മാത്രമേ സുലേഖ പത്രികയിൽ വിവരം ലഭ്യമാവുകയുള്ളു എന്നും ടി പദ്ധതികൾ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള അപേക്ഷ പഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ട് എന്നും നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു. ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## <u>1-29 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി - 2,80,577/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു</u>

| | |
|---|---|
| പദ്ധതി നം. | S0078/24 |
| പദ്ധതിയുടെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹5,00,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | ₹5,00,000/- |
| ബിൽ നം./തീയതി | 547/29.02.2024 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ - ഹോമിയോ |

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിന് 5,00,000/- രൂപ (UTR No. RBI0722434617182) കേരള സംസ്ഥാന ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് (ഹോംകോ) നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച മരുന്നിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം./തീയതി | തുക |
|---|---|
| എൽ എഫ് -21/23-24, 24.04.2024 | 1,13,615/- |
| എൽ എഫ് -428/23-24, 20.06.2024 | 1,05,808/- |
| ആകെ | 2,19,423/- |

2,80,577/- രൂപയുടെ മരുന്ന് ഇനിയും ലഭിക്കാൻ അവശേഷിക്കുന്നു. മേൽ തുകയ്ക്കുള്ള മരുന്നു ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 32, 18.11.2024) മറുപടി നൽകിയില്ല. 2,80,577/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 സിദ്ധ ആശുപത്രിയിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ രൂപീകരണം സംബന്ധിച്ച്

1994 കേരള പഞ്ചായത്ത് രാജ് നിയമത്തിൽ 1999 ലെ ആക്ട് 13 പ്രകാരം കൂട്ടിചേർത്ത വകുപ്പ് 173 എ പ്രകാരം സർക്കാരിൽ നിന്ന് പഞ്ചായത്തിന് കൈമാറ്റം ചെയ്യപ്പെട്ട ഓരോ പൊതുജന ആരോഗ്യ സ്ഥാപനത്തിനും വേണ്ടി ചെയർമാൻ ഉൾപ്പെടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ 2010 ൽ പുതുക്കിയ കേരള പഞ്ചായത്ത് രാജ് (പൊതുജന ആരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്ത് തീരുമാന പ്രകാരം മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചു കൊണ്ട് മെഡിക്കൽ ഓഫീസർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ് (ചട്ടം 3 (4)).

അരുവിക്കര പഞ്ചായത്തിലെ സിദ്ധ ആശുപത്രിയിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ (എച്ച്.എം.സി.) രൂപീകരണവും പ്രവർത്തനവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 33/18.11.2024) ടി ആശുപത്രിയിൽ 01.06.2016-ൽ എച്ച്.എം.സി. രൂപീകരിച്ചിട്ടുണ്ട് എന്ന് മറുപടി നൽകി. എന്നാൽ നിലവിൽ ടി സ്ഥാപനത്തിൽ ഒ.പി. ടിക്കറ്റിന് ഫീസ് ഈടാക്കുന്നില്ലെന്നും ആയതിനാൽ ബാങ്ക് അക്കൗണ്ട് രൂപീകരിച്ചിട്ടില്ലെന്നും വരവ്-ചെലവ് കണക്കുകൾ തയ്യാറാക്കിയിട്ടില്ലെന്നും മറുപടിയിൽ ചേർത്തിട്ടുണ്ട്.

പ്രസ്തുത എച്ച്.എം.സി. യുടെ നാളിതുവരെയുള്ള വരവ്-ചെലവ് കണക്കുകൾ തയ്യാറാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-31 ഹരിതകർമ്മസേന - പ്രവർത്തനാവലോകനം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പിന് കീഴിലുള്ള മൂന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്ക്കരണം ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഹരിതകർമ്മസേന മുഖാന്തിരം നടപ്പാക്കിയ വിവിധ പ്രവർത്തനങ്ങളുടെയും പ്രസ്തുത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളുടെയും (ഓഡിറ്റ്

എൻകപയറി നമ്പർ 01/08.10.2024 ന് ലഭ്യമാക്കിയ മറുപടി) അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

മാലിന്യ ശേഖരണം - അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1 | പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 20 |
| 2 | വാസഗൃഹങ്ങളുടെ എണ്ണം | 8806 |
| 3 | സ്ഥാപനങ്ങൾ | 763 |
| 4 | പൊതു ചന്തകളുടെ എണ്ണം | 2 |
| 5 | ഓഡിറ്റോറിയങ്ങളുടെ എണ്ണം | 5 |
| 5 | ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണം | 41 |
| 6 | പാഴ് വസ്തുക്കൾ ഏറ്റെടുക്കുന്നതിനായി കരാറിൽ ഏർപ്പെട്ടിട്ടുള്ള സ്ഥാപനം | ക്ലീൻ കേരള കമ്പനി ലിമിറ്റഡ് |
| 7 | മിനി എം.സി.എഫ് | 25 |
| 8 | എം.സി.എഫ് | 1 |

ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി 20 വാർഡുകളിലായി ആകെ 41 അംഗങ്ങളെയാണ് നിയോഗിച്ചിട്ടുള്ളത്.

{(സ.ഉ(സാധാ)നം.2470/2017/തസ്വഭവ തീ.15.07.2017 പ്രകാരം രൂപീകൃതമായി).

ഗ്രാമപഞ്ചായത്തിൽ 100 % വാതിൽപ്പടി ശേഖരണം നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ {20.05.2023 ലെ സ.ഉ. (സാധാ) നം. 1068/2023/LSGD ഉത്തരവ് പ്രകാരം} ശുചിത്വ മിഷൻ കലണ്ടർ പ്രകാരമുള്ള വാതിൽപ്പടി സേവനം 2023-24 വർഷം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ട്. 100% വാതിൽപ്പടി ശേഖരണം പൂർത്തിയാക്കുവാൻ സാധിച്ചതായി അറിയിച്ചിട്ടുണ്ട്.

ഹരിതകർമ്മസേനയ്ക്കായി ഒരു ആപെ മോഡൽ വാഹനമാണുള്ളത് (KL21/W8664) ദിവസ വേതനാടിസ്ഥാനത്തിൽ ഡ്രൈവറെ നിയമിച്ചിട്ടുണ്ട്. ഹരിത കർമ്മ സേനാംഗങ്ങൾക്ക് കുടുംബശ്രീ മുഖേന ഡ്രൈവിംഗ് പരിശീലനം നൽകിയിട്ടുണ്ട്. ഹരിത കർമ്മ സേനയുടെ സേവനം ഉറപ്പാക്കുന്നതിനും ഹരിത കർമ്മ സേനയ്ക്ക് ലഭിക്കേണ്ട സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനം ഹരിത കർമ്മ സേനയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. (സ.ഉ.(സാധാ) നം.1496/2020/ത.സ.ഭ.വ തീ.12.08.2020,സ.ഉ. (സാധാ)നം. 1971/2023/LSGD തീ.07.10.2023). ഹരിതകർമ്മസേന

കൺസോർഷ്യത്തിന്റെ വരവു ചെലുവു കണക്കുകൾ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതായി അറിയിച്ചിട്ടുണ്ട്.

**മാലിന്യം ഉറവിടത്തിൽ തരം തിരിക്കൽ**

ഉല്പാദകരുടെ ഉത്തരവാദിതപത്തിൽ ഉറവിടത്തിൽ തന്നെ ജൈവ/അജൈവ മാലിന്യം സംസ്കരിക്കുന്നതിനാവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്തിൽ പൂർണ്ണ തോതിൽ നടപ്പിലാക്കിയിട്ടില്ല. മാലിന്യങ്ങൾ/പാഴ്‌വസ്തുക്കൾ ഉറവിടത്തിൽ തരംതിരിക്കുന്നതിനായി ബാസ്ക്കറ്റുകളോ, ബിന്നുകളോ, ചാക്കുകളോ ഉപഭോക്താക്കൾക്ക് നൽകിയിട്ടില്ല.

മാലിന്യങ്ങൾ/പാഴ്‌വസ്തുക്കൾ ഉറവിടത്തിൽ തരംതിരിക്കാൻ പ്രത്യേക പദ്ധതികളും പഞ്ചായത്തിൽ നടപ്പിലാക്കുന്നില്ല. {സ.ഉ. (സാധാ) നം. 1971/2023/LSGD തീ.07.10.2023}. ഉറവിടത്തിൽ തന്നെ, തരം തിരിച്ച ജൈവ/അജൈവ മാലിന്യങ്ങൾ കൈയ്യൊഴിയുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഗ്രാമപഞ്ചായത്ത് മുഖേന നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**മിനി എം.സി.എഫ്, എം.സി.എഫ്, ആർ.ആർ.എഫ്**

ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 20 വാർഡുകളിലുമായി 20 മിനി എം.സി.എഫുകളാണ് നിലവിൽ സ്ഥാപിച്ചിട്ടുള്ളത്. സോർട്ടിംഗ് ഏരിയ, സ്റ്റോറേജ് ഏരിയ ടിപ്പിംഗ് ഏരിയ, മെഷീണറി ഏരിയ എന്നിവ വേർതിരിച്ചിട്ടില്ല. ബെയലിംഗ് മെഷീൻ സ്ഥാപിച്ചിട്ടില്ല. കൂടാതെ സോർട്ടിംഗ് ടേബിൾ കൺവെയർ ബെൽറ്റ് എന്നിവയും എം.സി.എഫിൽ സ്ഥാപിച്ചിട്ടില്ല. നിലവിലെ എം സി എഫ് 2024 ജനുവരി 17ാം തീയതി കത്തി നശിക്കുകയുണ്ടായി. തീ പിടുത്തത്തെ തുടർന്ന് കെട്ടിടത്തിൽ സൂക്ഷിച്ചിരുന്ന തരം തിരിച്ച രണ്ടര ടൺ അജൈവ മാലിന്യങ്ങൾ കത്തി നശിച്ചതായും എൻകയറിക്ക് മറുപടിയായി അറിയിച്ചു. സിസിടിവി, എം.സി.എഫിലെ അടിസ്ഥാന സൗകര്യങ്ങൾ, ഫയർസേഫ്ററി ഉപകരണങ്ങൾ, സ്റ്റോറേജ് ഫെസിലിറ്റി എന്നിവ ഉറപ്പാക്കുന്നതിന് {സ.ഉ. (സാധാ) നം. 1971/2023/LSGD തീ.07.10.2023} പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

**എം.സി.എഫ്.**

മാലിന്യം ശേഖരണം, നീക്കം ചെയ്യൽ

ഹരിതകർമ്മസേന മുഖേന ശേഖരിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി ക്ലീൻ കേരള കമ്പനിയുമായാണ് ഗ്രാമപഞ്ചായത്ത് കരാർ ചമച്ചിട്ടുള്ളത്. 2023-24 വർഷം പ്രവർത്തനകലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. 2023-24 വർഷത്തെ മാലിന്യ നീക്കത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഓഡിറ്റ് വർഷം ശേഖരിച്ച ആകെ മാലിന്യത്തിന്റെ അളവ് | 14020 Kg |

| | |
|---|---|
| കരാർ സ്ഥാപനത്തിന് തരം തിരിച്ച് നൽകിയ മാലിന്യത്തിന്റെ/പാഴ്വസ്തുക്കളുടെ അളവ് | 7585.445 Kg |
| തരം തിരിക്കാതെ നൽകിയ മാലിന്യത്തിന്റെ (ലെഗസി) അളവ് | 1020 Kg |
| മാലിന്യം/പാഴ്വസ്തുക്കൾ വിറ്റ വകയിൽ ലഭിച്ച തുക | 9,421/- |
| ലെഗസി മാലിന്യം ഏറ്റെടുത്ത വകയിൽ കരാർ സ്ഥാപനത്തിന് നൽകിയ തുക | 0 |

ബന്ധപ്പെട്ട ഏജൻസി നിലവിൽ ഷെഡ്യൂൾ പ്രകാരമുള്ള കാലയളവിൽ മാലിന്യം നീക്കം ചെയ്യുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ പൊതു ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നിലവിൽ നടപ്പാക്കിയിട്ടില്ല. എം ജി എൻ ആർ ഇ ജി എസ് മുഖേന വീടുകളിൽ സോക്ക് പിറ്റ്, കമ്പോസ്റ്റ് പിറ്റ് എന്നിവ നിർമ്മിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ പഞ്ചായത്തിലെ ജനസംഖ്യയുമായി താരതമ്യം ചെയ്യുമ്പോൾ അപര്യാപ്തമാണെന്ന് കാണുന്നു. കൂടുതൽ മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ പഞ്ചായത്തിൽ നടപ്പിലാക്കേണ്ടതുണ്ട്.

## ആപത്കരമായ മാലിന്യങ്ങൾ, ബയോ മെഡിക്കൽ മാലിന്യങ്ങൾ

വ്യാപാര സ്ഥാപനങ്ങളിൽ ഉൾപ്പെടെ ആപത്കരമായ മാലിന്യം ശേഖരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് മുഖേന പ്രത്യേക ബിന്നുകൾ സ്ഥാപിക്കുന്നതിന് {സ.ഉ. (സാധാ) നം. 1971/2023/LSGD തീ.07.10.2023, G.O. (Rt) No. 922/2023/LSGD, തീ. 26.04.2023, സ.ഉ. (സാധാ) നം. 1068/2023/LSGD തീ. 20.05.2023.} നടപടികൾ സ്വീകരിച്ചിട്ടില്ല. കൂടാതെ ഗാർഹിക ബയോമെഡിക്കൽ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും നീക്കം ചെയ്യുന്നതിനും ഗ്രാമപഞ്ചായത്ത് പ്രത്യേകം സംവിധാനം ഒരുക്കിയിട്ടില്ല ( 16.05.2022 ലെ സ.ഉ. (സാധാ) നം. 1227/2022/LSGD). ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ആശുപത്രികളിലെ ബയോ മെഡിക്കൽ മാലിന്യങ്ങൾ ഇമേജ് എന്ന സ്ഥാപനം മുഖാന്തിരം നീക്കം ചെയ്യുന്നുണ്ട്. നാപ്കിനുകൾ, സാനിട്ടറി പാഡുകൾ എന്നിവ സംസ്കരിക്കുന്നതിനുള്ള സൌകര്യം ലഭ്യമല്ല. ആപത്കരമായ മാലിന്യങ്ങൾ, ബയോമെഡിക്കൽ മാലിന്യങ്ങൾ എന്നിവ ശേഖരിക്കുന്നതിനും നീക്കം ചെയ്യുന്നതിനുമായി സർക്കാർ നിർദ്ദേശ പ്രകാരമുള്ള സംവിധാനങ്ങൾ ഗ്രാമപഞ്ചായത്ത് മുഖേന നടപ്പാക്കേണ്ടതാണ്.

## പൊതു ഇടങ്ങളിലേയും, ജല സ്ത്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യൽ

പൊതു ഇടങ്ങളിലേയും, ജല സ്ത്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു (26.04.2023 ലെ G.O.(Rt)No. 922/2023/LSGD). 2023-24 വർഷം ഗ്രാമപഞ്ചായത്തിൽ ഇതിനായി പ്രത്യേക പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കാവുന്നതാണ്. ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച {WP(C)No.7844/2023(S)}

നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും പൊതു ഇടങ്ങളിലേയും, ജല സ്ത്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യുന്നതിനായി കൂടുതൽ കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

## ഹരിതമിത്രം ആപ്പ്, ഹരിത കർമ്മസേനയുടെ യൂസർ ഫീ, മറ്റ് വരവുകൾ

ഹരിത കർമ്മസേനയുടെ പ്രതിമാസ യൂസർ ഫീ കളക്ഷൻ ഹരിതമിത്രം ആപ്പ് മുഖേന നടപ്പാക്കുന്നുണ്ട്. നിലവിൽ ഹരിത മിത്രം ആപ്പ് മുഖേന ഗ്രാമപഞ്ചായത്തിലെ 100% വീടുകളുടെയും/സ്ഥാപനങ്ങളുടെയും ഡേറ്റാ എൻട്രി പൂർത്തീകരിച്ച് കളക്ഷൻ ആരംഭിച്ചിട്ടുള്ളതായാണ് അറിയിച്ചിട്ടുള്ളത്. പൂട്ടിയിട്ട വീടുകളുടെ/സ്ഥാപനങ്ങളിൽ നിന്നും ഒഴികെ ഡേറ്റാ എൻട്രി പൂർത്തീകരിച്ച വീടുകളുടെ/ സ്ഥാപനങ്ങളിൽ നിന്നും പ്രതിമാസ കളക്ഷൻ സ്വീകരിച്ചു വരുന്നതായും അറിയിച്ചിട്ടുണ്ട്. പൂട്ടിയിട്ട വീടുകൾ/സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ അജൈവ മാലിന്യം ഉത്പാദിപ്പിക്കപ്പെടുന്നില്ല എന്ന് ഹരിതകർമ്മസേന ഉറപ്പുവരുത്തുന്നുണ്ട്. സ.ഉ.(സാധാ)നം.2481/2023/LSGD തീ.13.12.2023 പ്രകാരമുള്ള വിവിധ വിഭാഗത്തിൽപ്പെട്ടവർക്ക് അടിസ്ഥാനത്തിൽ യൂസർ ഫീ ഇളവ് നൽകിയിട്ടില്ല. പൊതു പരിപാടികൾ, ആഘോഷങ്ങൾ, മീറ്റിംഗുകൾ, ഓഡിറ്റോറിയങ്ങൾ എന്നിടങ്ങളിലെ അധിക മാലിന്യ ശേഖരണത്തിനും, ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനും ഹരിതകർമ്മസേനാംഗങ്ങളെ നിയോഗിച്ച് ഗ്രീൻ പ്രോട്ടോക്കോൾ ഉറപ്പാക്കാന്നുണ്ട്. (07.10.2023 ലെ സ.ഉ.(സാധാ)നം. 1971/2023/LSGD). ഹരിതകർമസേനയുടെ 2023-24 വർഷത്തെ പ്രധാന വരവ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഓഡിറ്റ് വർഷം യൂസർ ഫീ ഇനത്തിൽ ലഭിച്ച തുക | 32,82,150/- രൂപ |
| ഹരിത ചട്ട ലംഘനങ്ങളുടെ പിഴ ഈടാക്കിയ ഇനത്തിൽ ലഭിച്ച തുക | 10,000/- രൂപ |
| മാലിന്യം/പാഴ്വസ്തുക്കൾ വിറ്റ വകയിൽ ലഭിച്ച തുക | 9,421/- രൂപ |

മാലിന്യമുക്ത കേരളം ക്യാമ്പയിൻ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ (07.10.2023 ലെ സ.ഉ.(സാധാ)നം. 1971/2023/LSGD) ഭാഗമായി ശരാശരി 10,000/- രൂപ മാസവരുമാനം പഞ്ചായത്തിലെ എല്ലാ ഹരിതകർമ്മസേന അംഗങ്ങൾക്കും ലഭിക്കുന്നില്ല. യൂസർഫീ നൽകാത്ത വീടുകൾക്ക് നോട്ടീസുകൾ നൽകിയും പ്ലാസ്റ്റിക്ക് സെഗ്രഗേറ്റ് ചെയ്ത് വരുമാനം വർദ്ധിപ്പിച്ചും അംഗങ്ങൾക്ക് 10,000/- രൂപ വേതനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഹരിത കർമ്മസേനയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി സ.ഉ. (സാധാ)നം. 1496/2020/LSGD തീ. 12.08.2020 ഖണ്ഡിക 13, 14 എന്നിവ പ്രകാരമുള്ള സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തേണ്ടതാണ്.

## മാലിന്യ ചട്ടങ്ങളുടെ ലംഘനം

2016 ലെ ഖരമാലിന്യ ചട്ടങ്ങൾ ലംഘിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ഹെൽത്ത് ഇൻസ്പെക്ടർ, അസി.സെക്രട്ടറി, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, സെക്ഷൻ ക്ലാർക്ക്, വിഇഒ മാർ, ശുചിത്വമിഷൻ അംഗങ്ങൾ എന്നിവരടങ്ങിയ പ്രത്യേക വിജിലൻസ് സ്ക്വാഡ് രൂപീകരിച്ചിട്ടില്ല. (04.08.2023 ലെ തദ്ദേശ സ്വയം ഭരണ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 1/5826040/23 -ാം നമ്പർ സർക്കുലർ പ്രകാരം).

2023-24 സാമ്പത്തിക വർഷത്തിൽ മാലിന്യച്ചട്ടങ്ങൾ ലംഘിച്ചവർക്കെതിരെ നോട്ടീസുകളും മുന്നറിയിപ്പ കത്തുകളും ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഒരു ബൾക്ക് വേസ്റ്റ് ജനറേറ്റർ സ്ഥാപനം പ്രവർത്തിക്കുന്നു. ബൾക്ക് വേസ്റ്റ് ജനറേറ്ററുകളായ ചിക്കൻ കട്ടിംഗ് സെന്ററുകൾ, സ്റ്റാളുകൾ, ചിക്കൻ റെന്ററിംഗ് യൂണിറ്റുകൾ എന്നിവയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. മാലിന്യം സംസ്ക്കരണം ഉറപ്പാക്കുന്നതിനായി ഇത്തരം സ്ഥാനങ്ങളുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെടേണ്ടതാണ്. നിശ്ചിത ഇടവേളകളിൽ വിജിലൻസ് സ്ക്വാഡ് പരിശോധന കർശനമായി നടപ്പാക്കേണ്ടതും മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിലെ ചട്ടലംഘനങ്ങൾ തടയേണ്ടതുമാണ്.

## ബോധവത്കരണം, പ്രചാരണം

മാലിന്യനിർമാർജനത്തിനായി ബോധവത്കരണം നടത്തുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾ, റസിഡൻസ് അസോസിയേഷനുകൾ, വ്യാപാരി വ്യവസായി പ്രതിനിധികൾ എന്നിവരുമായി ചേർന്ന് പദ്ധതികൾ രൂപീകരിക്കേണ്ടതാണ്. യുവജന വിദ്യാർത്ഥി സംഘടനകൾ, ക്ലബ്ബുകൾ മറ്റ് കൂട്ടായ്മകൾ എന്നിവയെ പരമാവധി പ്രയോജനപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്. സ.ഉ.(സാധാ)നം. 1971/2023/LSGD തീ.07.10.2023). കൂടാതെ സ.ഉ(സാധാ)നം. 1200/2023/LSGD തീ.09.06.2023 പ്രകാരമുള്ള പാരിതോഷികങ്ങൾ നൽകുന്നതിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതും ആയതിന് പരാമവധി പ്രചാരണം നൽകേണ്ടതുമാണ്.

## മോണിറ്ററിംഗ്

ഹരിത കർമ്മ സേനയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും, മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കുമായി 2023-24 വർഷം ഗ്രാമപഞ്ചായത്ത് 7 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനാവശ്യമായ സി.സി.ടി.വി ക്യാമറ സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടില്ല. {സ.ഉ.(സാധാ)നം.1971/2023/LSGD തീ.07.10.2023} ഹരിത കർമ്മസേന പ്രവർത്തനങ്ങൾ മോണിറ്ററിംഗ് ചെയ്യുന്നതിനായി ഹരിതമിത്രം ആപ്പ് വഴി ജനറേറ്റ് ചെയ്യുന്ന റിപ്പോർട്ടുകൾ ആഴ്ചയിലൊരിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അവലോകനം ചെയ്യേണ്ടതും വാർഡ് അടിസ്ഥാനത്തിലുള്ള റിപ്പോർട്ടുകൾ, വാർഡ് മെമ്പർമാർക്ക് നൽകേണ്ടതുമാണ്

{സ.ഉ.(സാധാ)നം.2231/2023/LSGD തീ.12.11.2023 പ്രകാരം} എല്ലാ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങളിലും ഹരിതമിത്രം ആപ്ലിക്കേഷൻ മോണിറ്ററിംഗ് നടത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് തലത്തിലുള്ള മോണിറ്ററിംഗ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതും പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനാവശ്യമായ സി.സി.ടി.വി ക്യാമറകൾ കൂടുതൽ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടപ്പാക്കി ഗ്രാമപഞ്ചായത്തിനെ മാലിന്യ മുക്തമാക്കുന്നതിന് നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

മാലിന്യ നിർമ്മാർജ്ജനം കൂടുതൽ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനുള്ള പൊതുവായ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

*പ്രവർത്തന കലണ്ടർ അനുസരിച്ച് വിവിധ മാലിന്യങ്ങളുടെ ശേഖരണം കർശനമാക്കി ഗാർഹിക-വാണിജ്യ സ്ഥാപനങ്ങളിൽ അവ കെട്ടിക്കിടക്കുന്നത് ഒഴിവാക്കാവുന്നതാണ്.

*ഹരിത കർമസേനാംഗങ്ങൾക്കിടയിലുള്ള പരാതികൾ പരിഹരിക്കുന്നതിന് ഒരു പരാതി പരിഹാര സമിതി രൂപീകരിക്കാവുന്നതാണ്.

*ഉറവിട മാലിന്യ സംസ്കരണത്തിനായി ഗാർഹികതല സബ്സിഡി അനുവദിക്കുന്നതിനുള്ള പ്രോജക്റ്റുകൾ ഏറ്റെടുക്കേണ്ടതാണ്.

*മാലിന്യമുക്ത പഞ്ചായത്ത് എന്ന ലക്ഷ്യത്തിലേക്കായി എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഉചിതമായ ഉറവിട മാലിന്യ പരിപാലന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനായി ആവശ്യകതാ നിർണ്ണയ സർവെ നടത്തി, സബ്സിഡി നിരക്കിൽ ഇത്തരത്തിലുള്ള സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

*ഗ്രാമപഞ്ചായത്തിന്റെ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ മാലിന്യങ്ങൾ തരംതിരിച്ച് ജൈവമാലിന്യങ്ങൾ വേർതിരിച്ചു ശേഖരിച്ച് ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള പരിശോധന കർശനമാക്കേണ്ടതാണ്.

*സമയബന്ധിതമായും, കൃത്യമായ ഇടവേളകളിലും പഞ്ചായത്തുമായി കരാറിലേർപ്പെട്ടിരിക്കുന്ന സ്ഥാപനം മാലിന്യം ഏറ്റെടുക്കുകയും കരാർ വ്യവസ്ഥ പ്രകാരം തുക നൽകുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

*ബദൽ ഉൽപന്നങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കേണ്ടതാണ്. ഹരിതകർമ്മസേനയുടെ പ്രവർത്തനം വിപുലീകരിച്ച് എല്ലാ വീടുകളിലേയും കച്ചവട സ്ഥാപനങ്ങളിലേയും അജൈവ

മാലിന്യങ്ങൾ എം.എസി.എഫിൽ എത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

*മാലിന്യം സ്രോതസ്സിൽ നിന്ന് തന്നെ തരംതിരിച്ച് ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

*പാഴ്വസ്തുക്കളുടെ ശേഖരണത്തിനും എം.സി.എഫി ൽ സൂക്ഷിക്കുന്നതിനും മുൻഗണന നൽകുകയും അത്തരം പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാത്ത വിധത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള മറ്റ് സേവനങ്ങൾക്ക് ഹരിതകർമ്മസേനാംഗങ്ങളെ നിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.മാലിന്യ സംസ്ക്കരണം, തരം തിരിക്കൽ എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

*മാലിന്യം വേർതിരിച്ച് ഏജൻസിക്ക് നൽകി വരുമാനം ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.യൂസർ ഫീ കൃത്യമായി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

*അംഗീകൃത പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ പ്രകാരമുള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കേണ്ടതാണ്.

*എം.സി.എഫിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

*ഹരിതകർമസേനാംഗങ്ങൾക്ക് വരുമാനദായകമായ സംരംഭങ്ങൾ തുടങ്ങാൻ ധനസഹായം അനുവദിക്കുന്ന പ്രോജക്റ്റുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. ഹരിത കർമസേനാംഗങ്ങൾക്ക് ആരോഗ്യ പരിരക്ഷാ പദ്ധതികൾ, ഇ.എസ്.ഐ സൗകര്യം, നിശ്ചിത കാലയളവിൽ സൗജന്യ ആരോഗ്യ പരിശോധനകൾ എന്നിവ ഉറപ്പു വരുത്താവുന്നതാണ്.

*പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 220(C) അനുസരിച്ചുള്ള ശിക്ഷാ രീതികൾ കർശനമാക്കേണ്ടതാണ്.

## 1-32 ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

2018-19 വർഷം മുതലുള്ള ലൈഫ് അക്വിറ്റൻസ് രജിസ്റ്റർ (എസ് സി, ജനറൽ) പരിശോധിച്ചതിൽ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | അവസാനം തുക കൈപ്പറ്റിയത് | ആകെ കൈപ്പറ്റിയത് | റിമാർക്സ് |
|---|---|---|---|
| സുനിത വി | 11.8.2023 | 3,00,000 | മേൽക്കൂര നിർമ്മിക്കൽ |

| | | | |
|---|---|---|---|
| സുപ്രഭ സി | 28.3.2023 | 3,00,000 | പണി തുടരുമെന്ന് അറിയിച്ചിട്ടുണ്ട് |
| അപർണ്ണ | 9.8.2021 | 40,000 | ബേസ് മെന്റ് അനുബന്ധ പ്രവർത്തി |
| ഉഷാകുമാരി | 7.12.2022 | 2,00,000 | ലിന്റൽ |
| അശ്വതി ബി | 7.12.2022 | 2,40,000 | ലിന്റൽ, അനുബന്ധ പ്രവൃത്തി |
| രാജൻ എം | 9.8.2021 | 40,000 | ബേസ്മെന്റ് |
| ഷാജി എൽ | 9.8.2021 | 40,000 | ബേസ്മെന്റ്, അനുബന്ധ പ്രവൃത്തി |
| മിനിമോൾ | 9.8.2021 | 1,40,000 | ബേസ്മെന്റ്, അനുബന്ധ പ്രവൃത്തി |
| പ്രജീഷ് | 27.2.2023 | 2,80,000 | ലിന്റൽ |
| സന്തോഷ് | 20.1.2024 | 1,60,000 | മേൽക്കൂര വാർക്കൽ |
| സുമേഷ് | 27.2.2023 | 3,00,000 | മേൽക്കൂര വാർക്കൽ |

ഗുണഭോക്താക്കളുമായി ഏർപ്പെടുന്ന കരാർ പ്രകാരം 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തികരിക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ കരാർ വച്ച് 2 വർഷം കഴിഞ്ഞിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി 2/8-10-24 ന് നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## <u>1-33 ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കാനുള്ള തുക പൂർണ്ണമായും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചില്ല - ലഭിച്ച തുക ഗ്രാമ പഞ്ചായത്തിൽ ഒടുക്കുവരുത്തിയിട്ടുമില്ല.</u>

മരാമത്ത് പ്രവർത്തികൾ ഇ ടെണ്ടർ ചെയ്യുമ്പോൾ ടെണ്ടർ ഫീസ് അതത് ഓഫീസിലേക്ക് എടുക്കുന്നതിനായാണ് ചീഫ് എഞ്ചിനീയറുടെ സർക്കുലർ പ്രകാരം കറന്റ് അക്കൗണ്ട് ആരംഭിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ രേഖകൾ പ്രകാരം 30-

12-2016 ന് SBI വെള്ളനാട് ശാഖയിൽ ആരംഭിച്ചത് സേവിംഗ്സ് ബാങ്ക് അക്കൌണ്ടാണ് (A/C No-67386318540). ടി അക്കൗണ്ട് MAP ചെയ്തതിനുശേഷം 8-10-23 മുതലുള്ള ടെണ്ടർ ഫോറം വിലയായ 45,295/- രൂപയാണ് ടി അക്കൗണ്ടിൽ ലഭിച്ചിട്ടുള്ളത് എന്ന് ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 3/11-11-24 ന് മറുപടി യായി അറിയിച്ചിട്ടുണ്ട്. എന്നാൽ ടി തുക ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീറുടെ അക്കൌണ്ട് 2023 നവംബറിൽ MAP ചെയ്തതായി ഐ കെ എം ൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടും 2022-23, വർഷത്തെയും (93,485/- രൂപയും) 1-4-23 മുതൽ 8-10-23 വരെയുള്ള 23,090/- രൂപയും ജില്ലാ പഞ്ചായത്തിൽ നിന്നും കൈമാറി കിട്ടിയിട്ടില്ല. 16-11-24 നു മാത്രമാണ് ടി തുക അനുവദിക്കുന്നതിനായി ജില്ലാ പഞ്ചായത്തിലേക്ക് കത്ത് നൽകിയിട്ടുള്ളത്. 2022-23 വർഷത്തെ തുകയും 1-4-23 മുതൽ 8-10-23 വരെയുള്ള തുകയും ലഭ്യമായതിന്റെ വിവരവും നിലവിൽ ലഭ്യമായ തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കിയതിന്റെ വിവരവും 2022-23 മുൻപുള്ള സാമ്പത്തിക വർഷങ്ങളിലെ തുക ലഭ്യമായിട്ടുണ്ടോ എന്നുള്ളതിന്റെ വിവരവും പരിശോധിച്ച് രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-34 സകർമ്മ മിനുട്സ് യഥാസമയം പ്രസിദ്ധപ്പെടുത്തുന്നില്ല

1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ, ചട്ടം 26 പ്രകാരം ഭരണസമിതിയോഗം പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറിയും പ്രസിഡന്റും ഒപ്പ് വച്ച് സെക്രട്ടറി വായിച്ച ശേഷം, യോഗം തീർന്നാലുടൻ ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. അംഗീകരിച്ച തീരുമാനങ്ങളുടെയും പ്രമേയങ്ങളുടെയും പകർപ്പ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനകം എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നൽകേണ്ടതാണ്. യോഗനടപടികുറിപ്പുകളുടെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് 3 ദിവസത്തിനകം അദ്ധ്യക്ഷന്റെ അംഗീകാരത്തിന് നൽകേണ്ടതാണ്. ആയത് ലഭിച്ച് 24 മണിക്കുറിനകം പ്രസിഡന്റ് സെക്രട്ടറിയ്ക്ക് തിരിച്ച് നൽകേണ്ടതാണ്. അദ്ധ്യക്ഷൻ അംഗീകരിച്ചാൽ ഉടൻതന്നെ മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങി ആയതിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. എന്നാൽ 2023-24 ലെ സാമ്പത്തിക വർഷത്തിൽ ഭരണതലത്തിൽ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച യോഗമിനിട്ട്സുകൾ സമയബന്ധിതമായി പൂർത്തിയാക്കി പൊതുജനങ്ങളുടെ അറിവിലേയ്ക്ക് നൽകുന്നതിൽ കാല താമസം വന്നതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പഞ്ചായത്ത് കമ്മിറ്റി കൂടിയ തിയതി | മിനിട്ട്സ് സെക്രട്ടറി അംഗീകരിച്ച തീയതി | മിനിട്ട്സ് പ്രസിഡന്റ് അംഗീകരിച്ച തീയതി |
|---|---|---|
| 19-4-23 | 9-6-23 | 9-6-23 |

| | | |
|---|---|---|
| 28-4-23 | 14-6-23 | 14-6-23 |
| 14-6-23 | 8-8-23 | 8-8-23 |
| 27-6-23 | 8-8-23 | 8-8-23 |
| 7-7-23 | 10-10-23 | 10-10-23 |
| 17-1-24 | 11-7-24 | 11-7-24 |
| 9-2-24 | 26-9-24 | 26-9-24 |
| 21-2-24 | 11-7-24 | 11-7-24 |
| 6-3-24 | 26-9-24 | 26-9-24 |

ചട്ടപ്രകാരമുള്ള കാലയളവിൽ മിനിട്ട്സ് പൂർത്തീകരിച്ച് പ്രസിദ്ധപ്പെടുത്താത്തതിന് കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/18-11-24) ജീവനക്കാരുടെ കുറവ് വന്നതിനാലാണ് യഥാസമയം സകർമ്മ സോഫ്റ്റ്‌വെയറിൽ ഡേറ്റാ എൻട്രി ചെയ്ത് മിനിട്ട്സ് യഥാസമയം പൂർത്തിയാക്കാൻ സാധിക്കാത്തത് എന്ന് മറുപടി നൽകി. പഞ്ചായത്ത് രാജ് ചട്ടം അനുശാസിക്കുന്ന കാലയളവിൽ തന്നെ മിനിട്ട്സ് പൂർത്തിയാക്കി പ്രസിദ്ധപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-35 എസ്.എൽ.ബി.പി പദ്ധതിക്കായി തുക കൈമാറൽ വിനിയോഗവിവരം ലഭ്യമല്ല - 1,69,991/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം | 150/24 |
| പ്രോജക്റ്റിന്റെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലനം |
| അടങ്കൽ | 4,00,000 + 4,00,000<br>(വികസന ഫണ്ട് -ജനറൽ, ഗുണഭോക്തൃ വിഹിതം |
| ചെലവ് | 4,00,000/- (വികസന ഫണ്ട് -ജനറൽ) |
| എ.സി.ആർ ബിൽ നം. | 43/16-5-23, തുക- 4,00,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജ്ജൻ |
| ഓഡിറ്റ് എൻക്വയറി നം. | 5/11-11-24 |

ഗ്രാമപഞ്ചായത്തിലെ കന്നുകുട്ടികൾക്ക് ശരിയായ പോഷണം നൽകി പാൽ ഉല്പാദനം കൂട്ടുകയുംരോഗ പ്രതിരോധ ശേഷി കൂട്ടുകയും വഴി കർഷകർക്ക് കൂടുതൽ സാമ്പത്തിക ലാഭം നേടി കൊടുക്കുന്നതിനും വേണ്ടി 32 കന്നുകുട്ടികൾക്ക് 2022-23 വർഷം ആവിഷ്കരിച്ചതാണ് മേൽ പദ്ധതി. 32

കന്നുകുട്ടികൾക്ക് സംസ്ഥാന വിഹിതവും പഞ്ചായത്ത് വിഹിതവും അടക്കം 12,500/- രൂപ വച്ച് 4,00,000/- രൂപയാണ് എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൌണ്ടിലേക്ക് കൈമാറിയിരിക്കുന്നത്.

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകങ്ങൾ കണ്ടു.

1. മേൽ ബിൽ പ്രകാരം എസ് എൽ ബി പി ക്കു കൈമാറിയ 4,00,000/- രൂപയിൽ നിന്നും 15-11-24 വരെ 2,55,009/- രൂപ വിനിയോഗിച്ചതായും ബാക്കി 1,44,991/- രൂപ വിനിയോഗിക്കാൻ ബാക്കി നിൽക്കുന്നു.

2. മിനി, മിനിഭവൻ, നേസാ മണി കുളമടയിൽ ഹൗസ് എന്നീ ഗുണഭോക്താക്കളെ പദ്ധതിയിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു. എന്നുമുതലാണ് ഒഴിവാക്കിയതെന്ന വിവരം ലഭ്യമല്ല.

വിനിയോഗിക്കാൻ ബാക്കിയുള്ള 1,44,991/- രൂപയുടെ ചെലവും പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെട്ട രണ്ടു ഗുണഭോക്താക്കളുടെ വിഹിതമായ 25,000/-(12,500x2) രൂപയുടെ ചെലവും ആകെ 1,69,991/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. തുകയുടെ വിനിയോഗ വിവരവും ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കളുടെ വിഹിതം എസ് എൽ ബി പിയിൽ നിന്നും തിരികെ ലഭിച്ചതിന്റെ വിവരവും സംബന്ധിച്ച രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-36 ടോയ്ലറ്റ് നിർമ്മാണത്തിനായി തുക നൽകൽ - രേഖകൾ ലഭ്യമല്ല - 2,16,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം | 235/24(New) |
| പ്രോജക്റ്റിന്റെ പേര് | ടോയ്ലറ്റ് നിർമ്മാണം- (ജനറൽ) |
| അടങ്കൽ | 12,00,000/- (വികസന ഫണ്ട് Scp) |
| ചെലവ് | 3,78,000/- |
| ബിൽ/വൌച്ചർ നം | 22301028/13-3-24- 12,000<br>22301062/24-3-24- 60,000<br>223001083/28-3-24- 18,000<br>22301123/29-3-24- 96,000<br>22301067/25-3-24- 72,000<br>22301070/27-2-24- 6,000<br>22301126/3-3-24- 18,000<br>22301121/29-3-24- 48,000 |

| | |
|---|---|
| | 22301125/27-3-24- 48,000 |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ-1 |
| ഓഡിറ്റ് എൻകന്വയറി നം | 49/19-11-24 |

ഗ്രാമ പഞ്ചായത്തിലെ 20 വാർഡുകളിലും ഉൾപ്പെട്ട ടോയ്‌ലറ്റ് ഇല്ലാത്ത ഗുണഭോക്താക്കൾക്കും ശുചിത്വമിഷൻ ഫണ്ട് ഉപയോഗിച്ച് ടോയ്‌ലറ്റ് നിർമ്മാണത്തിന് 12,000 രൂപ നിരക്കിൽ 100 ഗുണഭോക്താക്കൾക്ക് നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന അപാകങ്ങൾ കാണുന്നു.

**<u>A- ഫോട്ടോ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയില്ല.</u>**

ചുവടെ പരാമർശിക്കുന്ന ഗുണഭോക്താക്കൾ ടോയ്‌ലറ്റ് നിർമ്മാണം പൂർത്തീകരിച്ചതിന്റെ ഫോട്ടോയും മോണിറ്ററിംഗ് റിപ്പോർട്ട്, ഗുണഭോക്തൃലിസ്റ്റ്, പരാമർശിച്ച മറ്റ് രേഖകൾ എന്നിവ ലഭ്യമാക്കിയില്ല.

1. ശാരി വി, (12,000)
2. നാൻസി. സി. എച്ച്. (12,000)
3. ശാന്ത. ബി, (12,000)
4. സുനിത. ഡി, (12,000)
5. ബേബി (12,000)
6. ദേവകി. എം, (12000) (റേഷൻ കാർഡ് പകർപ്പ്, ഓണർ ഷിപ്പ് സർട്ടിഫിക്കറ്റ്, എന്നിവയും ഇല്ല)
7. മേബിൾ (12000)
8. ശ്രീകുമാർ. എസ്. (12000)
9. രമണി. ബി. (12000)
10. ഷൈലജ. (12000)
11. B വിജയമ്മ (6000)
12. പൂമണി (6000)
13. വാസുദേവൻ പിള്ള (6000)
14. ശകുന്തള (6000) (ഓണർ ഷിപ്പ് സർട്ടിഫിക്കറ്റ് ഇല്ല)

15. സുശീല (6000)

16. ദീപ്തി (12000)

17. നിഷ. ബി (12000)

18. അംബിക (6000)

19. റീത്ത. (12000)

20. ബേബി. സി (12000)

21. പദ്മിനി. (12000)

B. മനോജ്, മനോജ് ഭവൻ എന്ന ഗുണഭോക്താവിന് 12,000/- രൂപ നൽകിയിട്ടുണ്ട്. ടിയാന്റെ ഫയലിലെ രേഖ പ്രകാരം അക്കൗണ്ട് നം. 853410510001488 ആണ്. എന്നാൽ തുക കൈമാറിയത് 853410510001488 എന്ന അക്കൌണ്ട് നമ്പറിലേക്കാണ്. ഗുണഭോക്താവിന് തുക ലഭിച്ചു എന്നുറപ്പു വരുത്താനുതകുന്ന രേഖ ലഭ്യമല്ല.

മേൽ പരാമർശ പ്രകാരമുള്ള രേഖകൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം. -49/19-11-24 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രേഖകളെല്ലാം ലഭ്യമാക്കേണ്ടതാണ് ആയതു വരെക്കും മേൽ പരാമർശിച്ച 21 ഗുണഭോക്താക്കൾക്കായി നൽകിയ 2,16,000/- രൂപയുടെ ചെലവ് (15x12000 + 6x6000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-37 ഭവന പുനരുദ്ധാരണം - വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല - 1,50,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം | 24/24(New) |
| പ്രോജക്റ്റിന്റെ പേര് | വീട് വാസയോഗ്യമാക്കൽ(Sc) |
| അടങ്കൽ | 13,00,000/- (വികസന ഫണ്ട് Scp) |
| ചെലവ് | 6,00,000/- |
| ബിൽ നം | 510/ 16-2-2024- 1,50,000<br>499/ 9-2-2024- 2,00,000<br>633/ 24-3-2024- 2,00,000<br>634/24-3-24- 50,000 |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ-2 |
| ഓഡിറ്റ് എൻക്വയറി നം | 29/18-11-24 |

പട്ടിക ജാതി കുടുംബങ്ങളുടെ വീട് വാസയോഗ്യമാക്കൽ പദ്ധതിക്കായി 13,00,000/- രൂപ വകയിരുത്തി ഭവന പുനരുദ്ധാരണം പൂർത്തിയാക്കി വരുന്ന ഗുണഭോക്താക്കൾക്ക് എൽ എസ് ജി ഡി ഓവർസിയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ തുക നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. 12 ഗുണഭോക്താക്കൾക്കാണ് തൻവർഷം ആദ്യ ഗഡുവായി 50,000/- രൂപ വീതം നൽകിയിരിക്കുന്നത്.

പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ താഴെ ചേർക്കുന്ന അപാകങ്ങൾ കാണുകയുണ്ടായി.

1. പദ്ധതിയിലുൾപ്പെടുത്തി ഒന്നാം ഗഡു ആനുകൂല്യം അനുവദിച്ച താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ വാല്യുവേഷൻ ഹാജരാക്കി രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല.

എ. സരസു, കരിംകുറ്റി ഹരിജൻ കോളനി (കരാറിൽ രേഖപ്പെടുത്തലില്ല, എസ്റ്റിമേറ്റില്ല, വരുമാനം തെളിയിക്കുന്ന രേഖയില്ല.

ബി. ജോതിഷ്, വിനീത് ഭവൻ കൊക്കോതമംഗലം ( എസ്റ്റിമേറ്റ് ഇല്ല, ബ്ളോക്കിൽ നിന്നും ഈയിനത്തിൽ ധന സഹായം ലഭിച്ചില്ല എന്നുള്ള സാക്ഷ്യപത്രം ലഭ്യമല്ല.),

സി. സുധ. ജെ, സരള കോളനി

2. രാഹുൽ. എം ആർ. രത്നവിലാസം, മുണ്ടേല എന്ന ഗുണഭോക്താവിന്റെ ഫയലിലെ രേഖപ്രകാരം ബാങ്ക് അക്കൗണ്ട് നം. 102312327000773 ആണ്. എന്നാൽ തുക കൈമാറിയിരിക്കുന്നത് 10720100159301 എന്ന അക്കൌണ്ടിലേക്കാണ്. അക്കൌണ്ട് ഗുണഭോക്താവിന്റെതാണെന്ന് തെളിയിക്കുന്ന രേഖ ലഭ്യമാക്കേണ്ടതാണ്.

3. താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ ലഭ്യമാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല

*ജലജ. സി, രാജശ്രീ ഭവൻ

*എസ്. സുധ, സൗമ്യ ഭവൻ

4. ആനുകൂല്യം കൈപ്പറ്റിയ ഭൂരിഭാഗം ഗുഭോക്താക്കളുടെയും ഫയലിൽ ബ്ളോക്ക് പഞ്ചായത്തിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ല എന്നത് തെളിയിക്കുന്ന സാക്ഷ്യ പത്രം ലഭ്യമല്ല.

5. താഴെ ചേർക്കുന്ന ഗുണഭോക്താക്കളുടെ ഫയലിൽ എസ്റ്റിമേറ്റും വരുമാന സാക്ഷ്യ പത്രവും ലഭ്യമല്ല.

*വിനി. ബി.വി.

*ജലജ. സി.

ഇക്കാര്യത്തിൽ വ്യക്തത ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക‌്വയറി നം. 29/18-11-24 ന് മറുപടി ലഭ്യമാക്കിയില്ല. വാല്യുവേഷൻ ഹാജരാക്കാത്ത 3 ഗുണഭോക്താക്കൾക്ക് അനുവദിച്ച 1,50,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. പരാമർശിച്ച മുഴുവൻ അപാകങ്ങൾക്കും രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-38 ലൈഫ് ഭവന നിർമ്മാണം - അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നം. | 26/24(New) |
| പ്രോജക്റ്റിന്റെ പേര് | ലൈഫ് ഭവന നിർമ്മാണം (Sc) |
| അടങ്കൽ | 3,92,00,000/- |
| ചെലവ് | 61,36,993/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ-2 |
| ഓഡിറ്റ് എൻക‌്വയറി നം | 59/20-11-24 |

പട്ടിക ജാതി വിഭാഗത്തിൽ പെട്ട 98 പേർക്ക് ഭവന നിർമ്മാണത്തിനായി 4,00,000/- രൂപ വീതം നൽകുന്നതിനായി രൂപീകരിച്ച പദ്ധതിയാണിത്.

പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകങ്ങൾ കണ്ടു.

1. സുരഭി. എസ്. എസ്. എന്ന ഗുണഭോക്താവിന്റെ അക്കൗണ്ട് നം -അക്വിറ്റൻസ് പ്രകാരം 042801000021540(I0b) ആണ് എന്നാൽ തുക കൈമാറിയിരിക്കുന്നത് 042810000428 എന്ന അക്കൗണ്ടിലേക്കാണ്. തുക കൈമാറിയ അക്കൗണ്ട് ഗുണഭോക്താവിന്റേതു തന്നെയാണെന്ന് തെളിയിക്കുന്ന രേഖ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

2. 2023-24 വർഷം കരാർ വച്ച ബേബി. റ്റി, ശ്രീജ. ആർ എന്നിവർ ആദ്യ ഗഡു മാത്രമെ കൈപ്പറ്റികാണുന്നുള്ളു.

3. സനിത വിജയൻ, ഷേർലി എന്നീ ഗുണഭോക്താക്കൾക്ക് വിവിധ ബില്ലുകൾ പ്രകാരം യഥാക്രമം 1,80,000, 80,000* എന്നിങ്ങനെ തുക നൽകിയിട്ടുണ്ട്, എന്നാൽ ഫയൽ അക്വിറ്റൻസ് എന്നിവ ലഭ്യമല്ല.

4. 2023-24 വർഷം തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഫയൽ പരിശോധിച്ചതിൽ ബ്ളോക്ക് പഞ്ചായത്തിൽ നിന്നും ഭവന നിർമ്മാണത്തിനായി ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യ പത്രം ലഭ്യമല്ല.

5. ജില്ലാ പഞ്ചായത്ത് ഷെയറിൽ നിന്നും 21-12-23 ന് അജിത. കെ.ജി. എന്ന ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് 40,000/- രൂപയും സ്റ്റേറ്റ്ഷെയറിൽ നിന്നും വൗച്ചർ നം. 22300935/15-1-24 പ്രകാരം 60,000 നൽകിയിട്ടുണ്ട്. എന്നാൽ ആയത് അകിറ്റൻസിൽ രേഖപ്പെടുത്തിയില്ല.

6. സ്റ്റേറ്റ്ഷെയറിൽ നിന്നും 15-1-24 ന് തുക ലഭിച്ച താഴെ ചേർക്കുന്ന ഗുണഭോക്താക്കളുടെ അകിറ്റൻസ് പേജുകൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകങ്ങൾ കാണുന്നു.

A. രേഷ്മ. ആർ. എസ്, മഞ്ജുഷ. ആർ - പെൻസിൽ വച്ച് തുക 60,000/- എന്ന രേഖപ്പെടുത്തിയിരിക്കുന്നു.

B. സനൂജ, പത്മാവതി, സുപ്രഭ, സുശാന്തി രാജ്, ശരണ്യ ജി.എസ്., വിനോദ് വിന്ദുജ, ഷീല, എന്നിവർക്ക് നൽകിയ തുകകൾ അകിറ്റൻസിൽ (60,000/-രൂപ വീതം) രേഖപ്പെടുത്തിയിട്ടില്ല.

C. ഷീന എന്നയാൾക്ക് സ്റ്റേറ്റ് ഷെയറിൽ നിന്നും 15-2-24 ന് (വൗച്ചർ നം. 22300936/15-2-24) നല്കിയ 60,000/- രൂപയും 29-2-24ന് (വൗച്ചർ നം. 22300968/29-2-24) സൗദ്യ എന്ന ഗുണഭോക്താവിന് അനുവദിച്ച 60,000 രൂപയും അകിറ്റൻസിൽ രേഖപ്പെടുത്തിയിട്ടില്ല.

7. സ്നേഹലത എന്ന ഗുണഭോക്താവിന് പദ്ധതി 25/24 ൽ ഉൾപ്പെടുത്തി ബ്ളോക്ക് വിഹിതമായി 40,000/- രൂപ അനുവദിച്ചത് അകിറ്റൻസിൽ രേഖപ്പെടുത്തിയിട്ടില്ല.

8. ആതിര. എസ്. 16-1-24 ന് അനുവദിച്ച തുക പെൻസിൽ കൊണ്ട് രേഖപ്പെടുത്തൽ വരുത്തിയിരിക്കുന്നു.
അപാകങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 59/20-11-24 ന് മറുപടി ലഭ്യമാക്കിയില്ല. അപാകങ്ങൾ പരിഹരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-39 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി.

| | |
|---|---|
| പ്രോജക്റ്റ് നം. | 149/24(So) |
| പ്രോജക്റ്റിന്റെ പേര് | അടുക്കളമുറ്റത്തെ മുട്ടക്കോഴി വളർത്തൽ |
| അടങ്കൽ | 2,57,400/- (വികസന ഫണ്ട് – ജനറൽ) |
| ചെലവ് | 2,39,400/- (വികസന ഫണ്ട് – ജനറൽ) |
| എ.സി.ആർ ബിൽ നം. | 41/16-5-23, തുക - 2,39,400/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജ്ജൻ |

| ഓഡിറ്റ് എൻക്വയറി നം. | 22/18-11-24 |
|---|---|

40-60 ദിവസം പ്രായമുള്ള 5 മുട്ടകോഴി കുഞ്ഞുങ്ങളെ വീതം കുഞ്ഞൊന്നിന് 120/- രൂപ നിരക്കിൽ (5X120=600) ഓരോ ഗുണഭോക്താവിനും വാങ്ങി നൽകുന്നു. ഇപ്രകാരം 1300 ഗുണഭോക്താക്കൾക്ക് കോഴി കുഞ്ഞുങ്ങളെ നൽകുന്നതിനായി 2022-23 വർഷം രൂപീകരിച്ച പദ്ധതിയാണിത്.

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കോഴി കുഞ്ഞുങ്ങളെ കൈപ്പറ്റിയ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതായി കണ്ടു.

എ. സൗമ്യ എസ്. (വെള്ളൂർക്കോണം ക്രമ നം. – 26)

ബി. തങ്കം, സൗമ്യ, അഞ്ജു (മൈലം മൂട്, ക്രമ നം. 66, 67, 69)

സി. അസീജ, നാദിറ ബീവി (കുളത്തറ, ക്രമ നം. - 38, 45)

ഡി. ജോയിസ്, ഷീലാ ദേവി (അരുവിക്കര വാർഡ്- ജോയിസ്-, ഷീലാ ദേവി ക്രമ നം. – 57, 63)

ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വ്യക്തികൾക്ക് ആനുകൂല്യം അനുവദിക്കാനിടയായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 22/18-11-24 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ സാഹചര്യത്തെ കുറിച്ച് പരാമർശിച്ചിട്ടില്ലാത്തതാകുന്നു. ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികളെ ഗ്രാമസഭയും പഞ്ചായത്ത് കമ്മിറ്റിയും അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-40 മരാമത്ത് പ്രവർത്തികൾ - ഇൻഷുറൻസ് എടുക്കാത്ത പ്രവർത്തികൾക്ക് പിഴ ഈടാക്കിയില്ല.

പൊതുമരാമത്ത് പ്രവൃത്തികളിൽ ഓരോ പ്രവൃത്തിക്കും (കോൺട്രാക്ട് തുകയുടെ 0.5%, മിനിമം 2,00,000/- മാക്സിമം 5,00,000/-) ഇൻഷ്വറൻസ് കവറേജ് ആയി പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം കരാറുകാരൻ സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാർ തുകയുടെ 0.2% ഫൈൻ ഇനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ ഇപ്രകാരം ഫൈൻ ഇനത്തിൽ തുക ഈടാക്കാത്തതായി കാണുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | കരാറുകാരന്റെ പേര് | സെലക്ഷൻ നോട്ടീസ് തീയതി | കരാർ ചമച്ച തീയതി, | ഈടാക്കേണ്ട തുക |
|---|---|---|---|---|---|

| | | | | കരാർ തുക | |
|---|---|---|---|---|---|
| 1 | 214/24(SO) വെള്ളൂർക്കോണം സി.എസ്.ഐ ചർച്ച് കണിയാംകോണം റോഡ് റീടാറിംഗ് | **സുരേഷ്.റ്റി** | **7-12-22** | 7/12/22 5,06,268/- | 1013 |
| 2 | 219/24(SO) കെൽട്രോൺ റോഡ് മെയിന്റനൻസ് | **രാമചന്ദ്രൻ നായർ** | **31-3-23** | 31-3-23 1,52,811/- | 306 |

പിഴ ഈടാക്കാത്തതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി (46/19-11-24, 44/19-11-24) പിഴ അടവാക്കുന്നതിന് കരാറുകാരന് കത്തു നൽകിയതായി അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിശദാംശം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-41 തുമ്പൂർ മുഴി മാലിന്യ സംസ്ക്കരണ സംവിധാനം പ്രവർത്തനം ആരംഭിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 184/24 |
| പ്രോജക്റ്റിന്റെ പേര് | എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് അരുവിക്കര മാർക്കറ്റിൽ സ്ഥാപിക്കൽ |
| അടങ്കൽ | 1,89,000/- (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവ് | 1,06,816/- |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

2021-22 വർഷം 3,00,000/- രൂപ അടങ്കൽ വച്ച് ആരംഭിച്ച പദ്ധതിയാണിത്. 2022-23 വർഷം 81,000/- രൂപയുടെയും 2023-24 വർഷം 1,06,816/- രൂപയും ചെലവഴിച്ച് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും 19-11-23 തിയ്യതിയിൽ നടത്തിയ സ്ഥല പരിശോധനയിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതായി കണ്ടു. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഗ്രാമ പഞ്ചായത്തിലെ കടകളിൽ നിന്നും ജൈവ മാലിന്യം ശേഖരിച്ച് തുമ്പൂർ മുഴി മാലിന്യ സംസ്കരണ കേന്ദ്രത്തിലെത്തിച്ച് ഇനോക്കുലം ഉപയോഗിച്ച് ജൈവ മാലിന്യം കമ്പോസ്റ്റാക്കി മാറ്റി കൃഷിക്ക് ഉപയോഗിക്കാം എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് തുമ്പൂർമുഴി മാലിന്യ സംസ്കരണ സംവിധാന പ്രവർത്തനങ്ങൾആരംഭിച്ചതെന്നും ടി

സംസ്കരണ പ്രവർത്തികൾക്കായി ദിവസ വേതനത്തിൽ ഒരാളെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം ഇതുവരെ പ്രവർത്തനം ആരംഭിക്കാൻ സാധിച്ചിട്ടില്ല എന്നും ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് വരും വർഷങ്ങളിൽ പ്രവർത്തനം തുടങ്ങുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി പണം ചെലവഴിച്ച് നിർമ്മിച്ച ആസ്തികൾ ഉപയോഗക്ഷമമാക്കാത്തത് പദ്ധതി പണം പാഴാക്കുന്നതിനു തുല്യമാണ്. പ്രവർത്തനം ആരംഭിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.





## 1-42 കരാർ വക്കുന്നതിന് കാലതാമസം - പിഴ ഈടാക്കിയില്ല

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാനവലിലെ സെക്ഷൻ 2009.6 പ്രകാരം ഒരു പ്രവൃത്തിയുടെ ടെൻഡർ സ്വീകരിച്ച് ഏഴ് ദിവസത്തിനകം കരാറുകാരൻ ടെൻഡർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻ നോട്ടീസ്) നൽകേണ്ടതും ആയത് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസങ്ങൾക്കുള്ളിൽ പ്രവൃത്തി ലഭിച്ച കരാറുകാരൻ കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതുമാണ്. പ്രസ്തുത കാലയളവിനുള്ളിൽ കരാർ ചമക്കാത്ത പക്ഷം തുടർന്നുള്ള 10 ദിവസങ്ങളിൽ കരാർ തുകയുടെ 1% പിഴ (മിനിമം 1,000/- രൂപ, പരമാവധി 25,000/- രൂപ) ഈടാക്കിക്കൊണ്ട് കരാർ ചമക്കാൻ അനുവദിക്കാവുന്നതാണ്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ നിശ്ചിത സമയ പരിധിയ്ക്കകം കരാർ ചമക്കാത്തതിന് കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്റ്റ് നം | കരാറുകാരന്റെ പേര് | സെലക്ഷൻ നോട്ടീസ് തീയതി | പിഴ കൂടാതെ കരാർ വയ്ക്കാനുള്ള അവസാന തീയതി | കരാർ ചമച്ച തീയതി, കരാർ തുക | ഈടാക്കേണ്ട തുക |
|---|---|---|---|---|---|---|
| 1 | 208/24(SO)കടമ്പനാട് കലുങ്ക് ജംഗ്ഷൻചിറ റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം | **അഭിരാം.ജി.** | **31-3-23** | 14-4-23 | 28-4-23-/140465 | 1,404/- |

കരാർ ചമക്കുന്നതിലെ കാലതാമസത്തിന് പിഴ ഈടാക്കിയിട്ടുണ്ടോ എന്ന് ഓഡിറ്റ് എൻകയറി നം. 43/19-11-24 പ്രകാരം ആരാഞ്ഞതിന് കരാറുകാരനിൽ നിന്നും പിഴ ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. കരാർ ചമയ്ക്കുന്നതിലെ കാലതാമസത്തിന് പിഴ ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## <u>1-43-1 ആസ്തിയിലുൾപ്പെടുത്തിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.</u>

**1. 14-6-23** ലെ അജണ്ട-**1** തീരുമാനം-**3** പ്രകാരം ഗ്രാമപഞ്ചായത്തിലെ മൈലമൂട് വാർഡിലെ 112 -ം നമ്പർ അങ്കണവാടി കെട്ടിടം സ്ഥിതി ചെയ്യുന്ന വസ്തുവിൽ ആയതിന് സമീപത്തായി പുതുതായി സിദ്ധ ആശുപത്രി കെട്ടിടം പഞ്ചായത്ത് വാർഷിക പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്.അരുവിക്കര വില്ലേജ് ബ്ലോക്ക് നമ്പർ 40 ൽ സർവ്വേ നമ്പർ 454 ലെ ടി വസ്തുവിന്റെ റവന്യൂ രേഖകൾ പ്രകാരം വാട്ടർ അതോറിട്ടി ക്യാച്ച്മെന്റ് ഏര്യ എന്നാണ് കാണുന്നത്. മേൽ സർവ്വേ നമ്പർ വസ്തു പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെടുത്തുന്നതിനായി, വസ്തുവിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിന് ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിന് അരുവിക്കര വാട്ടർ അതോറിട്ടി എക്സിക്യൂട്ടീവ് എഞ്ചിനിയറോട് അഭ്യർഥിച്ചു തീരുമാനിച്ചിട്ടുണ്ട്.

2. 7-2-24 ലെ അജണ്ട-8 തീരുമാനം -6 പ്രകാരം ഗ്രാമ പഞ്ചായത്തിലെ അരുവിക്കര വാർഡിലെ രണ്ട് റോഡുകളായ ഇടമൺമുകൾ കുളിക്കടവ് റോഡു്, കൈത്തറി കണ്ണങ്കാരം റോഡ് എന്നിവ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിന് എൽ എസ് ജി ഡി എ ഇ യെ ചുമതലപ്പെടുത്തുന്നതിന് അംഗീകരിച്ച് തീരുമാനിച്ചിട്ടുണ്ട്.

3. 25-10-23 ലെ അജണ്ട9 തീരുമാനം-2 പ്രകാരം മണ്ണ് സംരക്ഷണ വകുപ്പ് മുഖേന അരുവിക്കര പഞ്ചായത്തിലെ വാർഡുകളിൽ നടപ്പിലാക്കിയ മീനമ്പള്ളി തോട് നീർത്തട പദ്ധതിയിൽ ചുവടെ ചേർക്കുന്ന പൊതു പ്രവർത്തനങ്ങൾ നിർവ്വഹിച്ചിട്ടുള്ളതായ/സൃഷ്ടിക്കപ്പെട്ട താഴെ ചേർക്കുന്ന ആസ്തികൾ ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിനും ആസ്തി രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കുന്നതിന് സാങ്കേതിക വിഭാഗം അസ്സി എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്.

1-Retaining Wall Type A-8.70 Rm

Type B - 77.20 Rm
Type C - 36.30 Rm In Mannayam Area, Cheriyakonni Ward

2-Retaining Wall Type A - 123.05 Rm
Type B - 67.205 Rm In Mannayam Area, Erayamcode Ward

**മേൽ പ്രകാരമുള്ള ആസ്തികൾ പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെട്ടതിന്റെ തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.**

## 1-43-2 പുറമ്പോക്ക് ഭൂമിയുടെ കയ്യേറ്റം - തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്

താഴെ ചേർക്കുന്ന കമ്മറ്റി തീരുമാനങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലെ പുറമ്പോക്ക് ഭൂമികൾ കയ്യേറ്റത്തിൽ നിന്നും ഒഴിപ്പിക്കുന്നതിനായി തീരുമാനമെടുത്തിട്ടുള്ളതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1) 17-5-23** ലെ അജണ്ട**-2** തീരുമാനം നം **11** പ്രകാരം അഴിക്കോട് -നെടുമങ്ങാട് റോഡിനോട് ചേർന്ന് പടിഞ്ഞാറ് വശത്തായും, അഴിക്കോട് യു.പി. സ്കൂളിന് സമീപം പാലത്തിന് സമീപവുമുള്ള, കരകുളം വില്ലേജിൽ ബ്ലോക്ക് നമ്പർ **34** ൽ റീസർവ്വേ **106/3** ലും, **106/3/1** ൽ ഉൾപ്പെട്ടതും എ.ആർ. പ്രഭ, എ.ആർ. കല എന്നിവരുടെ വസ്തുവിനോട് ചേർന്നുള്ള ഏകദേശം **20** സെന്റ് പുറമ്പോക്ക് ഭൂമി സ്വകാര്യ വ്യക്തികളുടെ കൈയ്യേറ്റത്തിൽനിന്നും സംരക്ഷണിക്കമെന്നാവിശ്യപ്പെട്ട് അഴിക്കോട് പൗരസമിതി നല്കിയ കത്ത് യോഗം വിശദമായി പരിശോധിക്കുകയും നിർദ്ദിഷ്ട **20** സെന്റ് പുറമ്പോക്ക് ഭൂമിയുടെ കൈവശം സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കരകുളം വില്ലേജ് ഓഫീസറോട് അഭ്യർത്ഥിച്ചു തീരുമാനിച്ചിട്ടുണ്ട്.

2) **14-6-23** ലെ അജണ്ട-**10** തീ**രുമാനം -24** പ്രകാരം അരുവിക്കര ഗ്രാമപഞ്ചായത്ത് വെള്ളൂർക്കോണം വാർഡിൽ പുലച്ച ഭാഗത്തുള്ള പഞ്ചായത്ത് പുറമ്പോക്ക് ഭൂമി സ്വകാര്യ വ്യക്തികൾ കൈയ്യേറ്റ ശ്രമം നടത്തുന്നവെന്നുള്ള വാർഡ് മെമ്പർ ശ്രീമതി സിന്ധു ആർ.എസ്.ന്റെ കത്ത് യോഗം വിശദമായി ചർച്ച ചെയ്തു. അരുവിക്കര വില്ലേജ് ബ്ലോക്ക് നമ്പർ **40** ൽ സർവ്വേ **32/18-2** ന് സമീപത്തായി സ്ഥിതി ചെയ്യുന്ന നിർദ്ദിഷ്ട പഞ്ചായത്ത് ഭൂമി അളന്ന് തിരിച്ച് കല്ലിടുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിന് നെടുമങ്ങാട് താലൂക്ക് സർവ്വേയറോട് അഭ്യർത്ഥിച്ചു തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിലെ തുടർ നടപടി വിവരം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻകയറി നം. 58/20-11-23 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. ഇക്കാര്യത്തിലെ തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-43-3 കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ വാട്ടർ ചാർജ്ജ് കുടിശ്ശിക- തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

**14-6-23** ലെ അജണ്ട-**10** തീരുമാനങ്ങൾ -9,10,11 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് ഗവ.എൽ.പി.എസ് അരുവിക്കരയുടെ വർഷങ്ങളായുള്ള വാട്ടർചാർജ്ജ് കുടിശ്ശിക തുകയായ 2,68,589/- രൂപയും കംഫർട്ട് സ്റ്റേഷന്റെ വർഷങ്ങളായുള്ള വാട്ടർ ചാർജജ് കുടിശ്ശിക തുകയായ 80,328/- രൂപയും, മൃഗാശുപത്രിയുടെ വർഷങ്ങളായുള്ള വാട്ടർ ചാർജ്ജ് കുടിശ്ശിക തുക യായ 3,03,533/- രൂപയുടെയും ബില്ലുകൾ പരിശോധിക്കുകയും ഘടകസ്ഥാപനങ്ങളുടെ വാട്ടർ ബിൽ പഞ്ചായത്ത് ഓഫീസിൽ യഥാസമയം സമർപ്പിക്കാത്തിനാലാണ് ഇത്തരത്തിലുള്ള ഭീമമായ തുകകൾ ബില്ലായി വരുന്നതിന് കാരണമെന്ന് യോഗം വിലയിരുത്തുകയും നിലവിലെ സാഹചര്യത്തിൽ ഇത്രയും തുക ഒടുക്കുന്നതിനുള്ള സാമ്പത്തികവസ്ഥയിലല്ല പഞ്ചായത്തെന്നും യോഗം അഭിപ്രായപ്പെട്ടു. ആകയാൽ ഇത്രയും വലിയ തുക കുടിശ്ശിക വരാനിടയായ സാഹചര്യം വിശദമാക്കുന്നതിന് ചുമതലയുള്ള ഉദ്യോഗസ്ഥർക്കും വാട്ടർ അതോറിട്ടി അധികൃതർക്കും കത്ത് നല്കുന്നതിന് യോഗം സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിലെ തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-43 കമ്മിറ്റി തീരുമാനങ്ങളിൻ മേൽ എടുത്ത തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിലെ സകർമ്മ മിനുട്ട്സ് പരിശോധിച്ചതിൽ താഴെപ്പറയുന്ന പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങളിന്മേൽ സ്വീകരിച്ച തുടർനടപടി വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1) ഗ്രാമ പഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷത്തിൽ ചെറിയകൊണ്ണി കോട്ടറവിള എസ് ജെ ഭവനിൽ ശ്രീമതി ജീനാരാജിയെ ആട്ടിൻകൂട് നിർമ്മാണത്തിന് ഗുണഭോക്താവായി തെരഞ്ഞെടുക്കുകയും ആട്ടിൻകൂട് നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിരുന്നു. 75,212/- രൂപയാണ് ആകെ ബിൽതുകയായിട്ടുള്ളത്. മെറ്റീരിയൽ ഇനത്തിൽ ചിലവായ തുകയായ 58,246.52/- രൂപ 14/07/2022 മെറ്റീരിയൽ ഫണ്ട് വന്നപ്പോൾ ഡി.ബി.എഫ്.എൽ മെസേജ് പ്രകാരം എഫ്.റ്റി.ഒ റിജക്ട് ചെയ്യുന്ന സാഹചര്യമാണുണ്ടായത്. ഇതിനുശേഷം എഫ്.റ്റി.ഒ തയ്യാറാക്കുന്നതിനായി വെണ്ടർ പി.എഫ്.എം.എസ് ഐഡി ജനറേറ്റ് ആകാതെ വന്ന കാരണത്താൽ ഗുണഭോക്താവിന് മെറ്റീരിയൽ ഇനത്തിൽ ചിലവായ തുകയായ 58,246/- രൂപ നാളിതുവരെയും നൽകുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ 07/08/2023 ൽ പി.എം.എസ്.ഐ.ഡി ജനറേറ്റ് ചെയ്തു വരികയും ടി ഗുണഭോക്താവിന് മെറ്റീരിയിൽ തുക ലഭ്യമാക്കുന്നതിനായി എഫ്.റ്റി.ഒ തയ്യാറാക്കുകയും ചെയ്തിരുന്നു. എന്നാൽ ടി ഗുണഭോക്താവ് എം.ജി.എൻ.ആർ.ഇ.ജി.എസ് ബഹു. ഓംബുഡ്സ്മാനിൽ പരാതി നൽകുകയും 19/08/2023 ശനിയാഴ്ച ബഹു. ഓബുഡ്സ്മാൻ നടത്തിയ ഹിയറിംഗിൽ ടി ഗുണഭോക്താവിന് ഒരു മാസത്തിനകം ഫണ്ട് നൽകുന്നതിനായി 26/08/2023 ൽ 119/2023/ഒബിഎൻ റ്റി/ എം.ജി.എൻ.ആർ.ഇ.ജി.എസ് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. എന്നാൽ നാളിതുവരെ ആയിട്ടും മെറ്റീരിയൽ ഫണ്ട് വരാത്ത സാഹചര്യത്തിൽ ടി ഗുണഭോക്തവുമായി തദ്ദേശസ്വയംഭരണവകുപ്പിലെ സ.ഉ.(സാധാ)നം2056/2020/ത.സ്വ.ഭ.വ 02/11/2020 ലെ ഉത്തരവ് പ്രകാരം നിയമാനുസൃത കരാറിലേർപ്പെട്ട് തുക അനുവദിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി 29-9-23 ലെ അജണ്ട-3 തീരുമാനം-1 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത തുക ഗുണഭോക്താവിന് അനുവദിച്ചിട്ടുണ്ടൊ എന്നതിന്റെയും ഈയിനത്തിലെ കേന്ദ്ര ഫണ്ട് ലഭ്യമായിട്ടുണ്ടോ ആയത് തനതു ഫണ്ടിലേക്ക് റീകൂപ്പ് ചെയ്തിട്ടുണ്ടൊ എന്നതിന്റെയും വിവരം ലഭ്യമാക്കേണ്ടതാണ്.

2) അരുവിക്കര ഗ്രാമപഞ്ചായത്ത് പരിധിയിലെ വട്ടക്കുളം വാർഡിലെ ഹരിജൻ കോളനി പ്രദേശത്ത് സ്ഥിതിചെയ്യുന്ന ആരോഗ്യ സബ്സെന്ററിൽ അനാവശ്യമായി കൂട്ടിയിട്ടിരിക്കുന്ന പഞ്ചായത്ത് വക ആക്രിസാധനങ്ങൾ അപകടകരമായ അവസ്ഥ സൃഷ്ടിക്കുന്നതിനാൽ പ്രസ്തുത ആക്രിസാധനങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിന് 17-1-24 ലെ അജണ്ട-10, തീരുമാനം -10 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

3. ഗ്രാമപഞ്ചായത്തിലെ വെള്ളൂർക്കോണം ഗവ. എൽ.പി.എസ്-ലെ ഉപയോഗശൂന്യമായ ഇരുമ്പ് അലമാര, ഇരുമ്പ് മേശ, ഇരുമ്പ് റാക്ക് ചെറുത്-4 എണ്ണം, പ്ലാസ്റ്റിക് ബേബി ചെയർ-7 എണ്ണം, ബേബി സൈക്കിൾ

എന്നിവ കൂട്ടിയിട്ടിരിക്കുന്നത് സ്കൂൾ ലൈബ്രറി ക്രമീകരിക്കാനുദ്ദേശിക്കുന്ന റൂമിലാണെന്നും ആയത് ലേലം ചെയ്യുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കണമെന്നുമുള്ള സ്കൂൾ ഹെഡ്മിസ്ട്രസിന്റെ അപേക്ഷ, ലേലം ചെയ്യുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് **14-6-23** ലെ അജണ്ട-**8** തീ-**2** പ്രകാരം സ്കൂൾ ഹെഡ്മിസ്ട്രസിനെ ചുമതപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിലെ തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-44 ടേക്ക് എ ബ്രേക്ക് - നിർമ്മാണം പൂർത്തീകരിച്ചില്ല

2020-21 വർഷം പ്രോജക്ട് നം. 181/24 ൽ 18,50,000/- രൂപ അടങ്കലും 2021-22 ൽ 115/22 നമ്പറായി 35,27,000/- രൂപ അടങ്കലും ആകെ 53,77,000/- രൂപ അടങ്കൽ വച്ച് ആരംഭിച്ചതാണ് ടേക്ക് എ ബ്രേക്ക് സമുച്ചയം നിർമ്മാണം. ടേക്ക് എ ബ്രേക്കുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരം 20,00,000/- രൂപയാണ് പ്രീമിയർ വിഭാഗത്തിലുൾപ്പെട്ട ശൗചാലയ സമുച്ചയത്തിനായി ചെലവഴിക്കാവുന്നത്. അമ്പത്തിമൂന്ന് ലക്ഷത്തിലേറെ പ്രസ്തുത നിർമ്മിതിക്കായി അടങ്കൽ വച്ചതിന്റെ കാരണം വ്യക്തമല്ല. 2021-22 ൽ 5,10,000/- രൂപയും 2022-23 ൽ 11,96,455/- രൂപയും ആകെ 17,06,455/- രൂപ 2022-23 വർഷം വരെ ചെലവഴിച്ചിട്ടുണ്ട്. 2023-24 വർഷം ചെലവില്ല. കിള്ളിയാറിനോട് ചേർന്നാണ് സമുച്ചയം നിർമ്മിച്ചിരിക്കുന്നത് CRZ മാനദണ്ഡങ്ങൾ പാലിച്ചാണോ എന്നത് വ്യക്തമാക്കേണ്ടതും പദ്ധതി തുടങ്ങി നാലു വർഷമായിട്ടും പ്രവർത്തി പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം. 52/19-11-23) മറുപടി ലഭ്യമാക്കിയില്ല.





**<u>1-45 എം.സി.എഫ് - അജൈവ മാലിന്യം നീക്കം ചെയ്യാത്ത നിലയിലും കെട്ടിടം തീപ്പിടുത്തത്തിൽ കേടു പാടുകൾ സംഭവിച്ച നിലയിലും</u>**

2019-20 വർഷം പ്രോജക്റ്റ് നം 166/20 പ്രകാരം അരുവിക്കര മാർക്കറ്റ് എം സി എഫ് കെട്ടിട നവീകരണത്തിനായി 7,89,451/- രൂപയും 2020-21 വർഷം പ്രോജക്റ്റ് നം-29/24 -ൽ ഉൾപ്പെടുത്തി 6,91,707/- രൂപയടക്കം ആകെ 14,81,158/- രൂപ ചെലവഴിച്ചിട്ടുണ്ട്. 18-11-23 ന് നടത്തിയ സ്ഥലപരിശോധനയിൽ നിലവിൽ തീപ്പിടുത്തത്തിൽ കേടുപാടുകൾ സംഭവിച്ച നിലയിലും അജൈവ മാലിന്യം നീക്കം ചെയ്യാത്ത നിലയിലും ആണ്. ഇക്കാര്യം സംബന്ധിച്ച് പരാതി /കേസ് നിലവിലുണ്ടോ എന്നുള്ളതിന്റെ വിവരം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം. 52/19-11-24 നൽകിയതിന് മറുപടിയായി കെട്ടിടം സാമൂഹ്യ വിരുദ്ധർ തീയിട്ട് നശിപ്പിച്ചതിന് കേസ് കൊടുത്തെങ്കിലും ഇതു വരെയും ആരെയും അറസ്റ്റ് ചെയ്തിട്ടില്ല എന്നും അജൈവ മാലിന്യം 27-11-24 ന് യൂണിവേഴ്സൽ ബയോ സൊല്യൂഷന് എന്ന സ്ഥാപനത്തിന് കൈമാറുന്ന നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിലെ തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

 

## 1-46 അരുവിക്കര മാർക്കറ്റിൽ ജില്ലാ പഞ്ചായത്ത് നിർമ്മിച്ച് ഗ്രാമ പഞ്ചായത്തിന് കൈമാറിയ കെട്ടിടം വാടകക്ക് നല്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

18-11-24 ന് നടത്തിയ സ്ഥല പരിശോധനയിൽ അരുവിക്കര മാർക്കറ്റിൽ ജില്ലാ പഞ്ചായത്ത് നിർമ്മിച്ച് ഗ്രാമ പഞ്ചായത്തിന് കൈമാറിയ കെട്ടിടത്തിൽ നിലവിൽ സാധനങ്ങൾ സൂക്ഷിച്ച നിലയിൽ കണ്ടു. കെട്ടിടം വാടകയ്ക്ക് നൽകിയതിന്റെ വിശദാംശം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി നം. 52/19-11-24 ന് മറുപടിയായി നാളിതു വരെയായിട്ടും ആർക്കും വാടകക്ക് നൽകിയിട്ടില്ലെന്നും കാർഷിക വിപണന കേന്ദ്രമായി പ്രവർത്തിപ്പിക്കുന്നതിനു വേണ്ടിയാണ് ടി കെട്ടിടം നിർമ്മിച്ചിട്ടുള്ളതെന്നും അരുവിക്കര മാർക്കറ്റ് ഇപ്പോൾ പ്രവർത്തന രഹിതമായതിനാൽ ടി കെട്ടിടം വാടകക്ക് എടുക്കുന്നതിന് ആരും വരുന്നില്ല എന്നും ഒഴിഞ്ഞുകിടക്കുന്നതിനാൽ സ്ട്രീറ്റ് ലൈറ്റുമായി ബന്ധപ്പെട്ട സാമഗ്രികളാണ് അവിടെ സൂക്ഷിക്കുന്നതെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. കെട്ടിടം വാടകക്ക് നൽകുന്നതിനുള്ള നടപടി

സ്വീകരിക്കേണ്ടതാണ്.




## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് (സുലേഖ പ്രകാരം) | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | | 2023-24 | 10,56,993 | ലൈഫ്- എസ്.സി(26/24) | 10,56,993 | 0 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | | 2023-24 | 17,37,896 | ലൈഫ്- ജനറൽ(25/24) | 17,37,896 | |
| 3 | ബ്ലോക്ക് പഞ്ചായത്ത് | | 2023-24 | 4,28,000 | സ്നേഹ സ്പർശം(20/24) | 4,28,000 | |
| 4 | ബ്ലോക്ക് പഞ്ചായത്ത് | | 2023-24 | 5,00,000 | ക്ഷീര സമൃദ്ധി | 5,00,000 | |
| | **ആകെ** | **2,00,000** | | **37,22,889** | | **37,22,889** | **0*** |
| 5 | ജില്ലാ പഞ്ചായത്ത് | | 2023-24 | 14,40,000 | ലൈഫ്- എസ്.സി(26/24) | 14,40,000 | 0 |
| 6 | ജില്ലാ പഞ്ചായത്ത് | | 2023-24 | 4,28,000 | സ്നേഹ സ്പർശം(20/24) | 4,28,000 | 0 |
| 7 | ജില്ലാ പഞ്ചായത്ത് | | 2023-24 | 49,60,000 | ലൈഫ്- ജനറൽ(25/24) | 49,60,000 | 0 |
| 8 | ജില്ലാ പഞ്ചായത്ത് | | 2023-24 | 50,000 | ക്ഷീര സമൃദ്ധി | 50,000 | 0 |
| | **ആകെ** | **0** | | **68,78,000** | | **68,78,000** | **0** |

ബ്ലോക്ക് പഞ്ചായത്ത് മുന്നിരിപ്പുണ്ടായിരുന്ന 2,00,000/- രൂപയുടെ ചെലവ് സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | മുന്നിരിപ്പ് (രൂ.) | 2023-24 വർഷത്തെ പ്രവൃത്തിയുടെ പേര് | 2023-24 വർഷത്തെ മുൻകൂർ നൽകിയ തുക (രൂ.) | 2023-24 വർഷം യു.സി ലഭിച്ചത് സ്ഥാപനത്തിലേക്ക് റീഫണ്ട് ചെയ്ത തുക (രൂ.) | ബാക്കിയുള്ള തുക (രൂ.) | മുന്നിരിപ്പ് ഉൾപ്പെടെ ബാക്കി തുക (രൂ.) |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | | വിവിധ വാർഡുകളിലെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (100/24) | 1,99,606 | -- | 1,99,606 | |
| KWA | | ടാപ്പ് ഡിസ്മാന്റിലിംഗ് (300/24) | 2,50,946 | | 2,50,946 | |

<u>വാർഷിക ധനകാര്യ പത്രിക പ്രകാരം</u>

| | മുന്നിരിപ്പ് (രൂ.) | 2023-24 വർഷത്തെ നിക്ഷേപം (രൂ.) | ആകെ (രൂ.) | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് (രൂ.) | നീക്കിയിരിപ്പ് (രൂ.) | 2023-24 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് (രൂ.) |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 16,45,580 | 2,50,946 | 18,96,526 | -- | 18,96,526 | 14,704 |
| കെ.എസ്. ഇ. ബി. | 22,02,059 | 1,99,606 | 24,01,665 | 19,18,958 | 4,82,707 | 2,83,101 |
| PWD | **5,80,000** | -- | -- | -- | **5,80,000** | **5,80,000** |

കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി എന്നിവയുടെ നീക്കിയിരിപ്പിലെ വ്യത്യാസം ഖണ്ഡിക-1-1-15 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ് നമ്പർ / തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (മുൻ വർഷത്തെ B-5 ഷെഡ്യൂൾ പ്രകാരം) | തൻവർഷം ലഭിച്ച തുക (RP -31 പ്രകാരം) | തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (B-5 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|---|
| KURDFC | GO (Rt) 3113/2023/Fin Dt 19.04.2023<br>GO (Rt) 5631/2023/Fin Dt 29.07.2023<br>GO (Rt) 2858/2024/Fin Dt 22.03.2024 | 3,34,15,697 | 2,42,83,214 | 40,04,595 | 5,36,94,316 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | തുക ഒടുക്കിയത് | തുക ഒടുക്കിയ തീയതി |
|---|---|---|---|---|---|
| 1 | 2017-18 | 2.4.5 | 563 | സെക്രട്ടറി | 29-9-2023 |
| 2 | 2017-18 | 2.4.2 | 248 | സുലൈമാൻ | 17-10-2023 |
| 3 | 2017-18 | 2.4.4 | 84 | ബിന്ദു | 17-10-2023 |

| | | | | | |
|---|---|---|---|---|---|
| | | ആകെ | 895 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 2,60,31,530/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,65,37,699/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,99,07,293/- |
| നീക്കിയിരിപ്പ് | 5,26,61,936/- |
| വരവിനങ്ങളിലെ നഷ്ടം | -- |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **29,41,015/-** |

(ബി) പഞ്ചായത്തു ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 40,000 | ശ്രീ. പ്രശാന്ത്. എസ്, ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ |
| 1-22 | 14,11,895 | ശ്രീമതി നയന താര. ജി.ജി, ഐ.സി.ഡി.എസ് സൂപ്പർ വൈസർ |
| 1-23 | 1,50,000 | ശ്രീമതി റാണി. എസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 1-24 | 2,50,946 | ശ്രീമതി അജിത. എസ്.എസ്., സെക്രട്ടറി |
| 1-25 | 1,99,606 | (51,583/-) – ശ്രീ. ഷിബു പ്രണബ്, സെക്രട്ടറി |

| | | |
|---|---|---|
| | | (1,48,023/-) – ശ്രീമതി അജിത. എസ്. എസ്., സെക്രട്ടറി |
| 1-26 | 72,000 | ശ്രീമതി അജിത. എസ്. എസ്., സെക്രട്ടറി |
| 1-29 | 2,80,577 | ഡോ. വി. എസ്. അജിത്ത്, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-35 | 1,69,991 | ഡോ. മേരി വിനി ഏഞ്ചൽ, വെറ്ററിനറി സർജ്ജൻ |
| 1-36 | 2,16,000 | ശ്രീമതി പുഷ്പ കുമാരി, വി.ഇ.ഒ-1 |
| 1-37 | 1,50,000 | ശ്രീമതി അശ്വതി. എ. വിജയൻ, വി.ഇ.ഒ-2 |
| **ആകെ** | **29,41,015** | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പ്രശാന്ത്. എസ്, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ, മൽസ്യ ഭവൻ, കാട്ടാക്കട | സരിത ഭവൻ മടന്തക്കോട്, നെല്ലിമുക്ക് പി.ഒ. കൊല്ലം |
| ശ്രീമതി നയന താര. ജി.ജി, ഐ.സി.ഡി.എസ് സൂപ്പർ വൈസർ | ഉഴവൂർ ഐ.സി.ഡി.എസ് പ്രോജക്റ്റ്, കോഴ പി.ഒ, കോട്ടയം | മണ്ഡപത്തിൽ, മുല്ലക്കാനം, ജോസ് ഗിരി പി.ഒ, ഇടുക്കി |
| | | |

| | | |
|---|---|---|
| ശ്രീമതി റാണി. എസ്, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, അരുവിക്കര ഗ്രാമപഞ്ചായത്ത് | നികുഞ്ജം, റ്റി.സി. 30/332, (8) ആനയറ പി.ഒ., തിരുവനന്തപുരം. |
| ശ്രീമതി അജിത. എസ്. എസ്, സെക്രട്ടറി | സെക്രട്ടറി, അരുവിക്കര ഗ്രാമപഞ്ചായത്ത് | നന്ദനം, കളത്തറ, മഞ്ച. പി.ഒ. |
| ശ്രീ. ഷിബു പ്രണബ്, സെക്രട്ടറി | സെക്രട്ടറി, വിതുര ഗ്രാമപഞ്ചായത്ത് | സാരംഗ്, ചെറുവള്ളി ലെയിൻ, ഏണിക്കര, കരകുളം. |
| ഡോ. വി. എസ്. അജിത്ത്, മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ, ഹോമിയോ, അരുവിക്കര ഗ്രാമ പഞ്ചായത്ത് | റ്റി.സി.28/1689/(1)TENRA(131) ദേവി തീർത്ഥം, തൈക്കാട് പി.ഒ, തിരുവന്തപുരം |
| ഡോ. മേരി വിനി ഏഞ്ചൽ, വെറ്ററിനറി സർജ്ജൻ | വെറ്ററിനറി സർജ്ജൻ, അരുവിക്കര ഗ്രാമ പഞ്ചായത്ത് | ഏഞ്ചൽ, എവർഗ്രീൻ ലെയിൻ, കൊടുങ്ങാനൂർ പി.ഒ, തിരുവന്തപുരം |
| ശ്രീമതി പുഷ്പ കുമാരി, വി.ഇ.ഒ-1 | വി.ഇ.ഒ-1, അരുവിക്കര ഗ്രാമപഞ്ചായത്ത് | തെക്കുംക വീട്, ചെറുകോട്, മുളയറ പി.ഒ. |
| ശ്രീമതി അശ്വതി. എ. വിജയൻ, വി.ഇ.ഒ-2 | വി ഇ ഒ-2, അരുവിക്കര ഗ്രാമപഞ്ചായത്ത് | രോഹിണി, വിമല പുരം, തച്ചോട്ടുകാവ്, പേയാട്. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്ന് പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| | | |

| | | |
|---|---|---|
| 1999-2000 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 5 |
| 2002-03 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 21 |
| 2003-04 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 4 |
| 2004-05 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 4 |
| 2005-06 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 2 |
| 2006-07 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 5 |
| 2007-08 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 4 |
| 2009-10 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 3 |
| 2010-11 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 7 |
| 2011-12 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 7 |
| 2012-13 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 10 |
| 2013-14 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 9 |
| 2014-15 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 4 |
| 2015-16 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 8 |
| 2016-17 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 7 |
| 2017-18 | കെ എസ് എ റ്റി വി എം/ജി പി 6/ 2590/18, തീ 09.01.2020 | 24 |
| 2018-19 | കെ എസ് എ റ്റി വി എം/ജി പി 6/ 804/20, തീ 15.10.2020 | 40 |
| 2019-20 | കെ എസ് എ റ്റി വി എം/ജി പി 6/668/21, തീ 31.03.2021 | 50 |
| 2020-21 | കെ എസ് എ റ്റി വി എം/ജി പി 6/580/22, തീ 30.06.22 | 40 |
| 2022-23 | കെ എസ് എ റ്റി വി എം/ജി പി 7/1580/2023, തീ 16/11/2023 | 31 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**Annexure-1**

**Audit Certificate**

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 11-06-2024 and submitted on 21-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Aruvikkara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Aruvikkara Grama Panchayat as on 31-03-2024

**Date: 22/12/2024**

Deputy Director

Kerala State Audit Department

# Audit Report appended to the Audit Certificate of Aruvikkara Grama Panchayat for the Year 2023-2024.

## 1.Major Observations

Nil

## 2.Other Observations

1. Mandatory documents like The financial ratios, notes to accounts B-1 Schedule (Adjusted performance for the current year) etc are not submitted along with AFS for audit.

2. Demand entries in respect of tax revenue has not been made periodically on accrual basis.

3. The valuation of stock and stores has not been done at the end of the financial year and recorded in the B-14 Schedule of Balance Sheet under Stock in hand (inventories).

4. Cash flow statement-Net increase/decrease in cash and cash equivalents (2,66,30,406/-) doesnot match with the net cash generated through operating, financing and investing activities (1,31,71,157/-).

5. As per Balance Sheet Schedule B-11(b) - Capital Work in Progress, is recorded as Rs. 22,26,836/-.Whereas as per the reports of Assistant Engineer the amount spent as part bill for such projects by the Assistant Engineer during 2023-24 is 1,64,287/-only.

6. Non disclosure of expenses due : outstanding expenses such as honorarium for members, fuel expenses due in the current financial year etc are not included in balance sheet as provision of expenses due (B-9).

7. The following bank accounts maintained by Panchayath are not included in the annual financial statement. Details are as follows:

1) Treasury A/c - 799013100000370 -(Joint Venture Account)

2) Treasury A/c - 799011400000133

3) State Bank of India - 41745741639 MGNREGS

8. Closing balance of specific purpose grant namely,Central Finance Commission Grant in B 4 Schedule does not agree with the amount recorded in B-17 and RP 40 b Schedules of Balance Sheet.

9. Net Difference of Prior Period income and Expenditure as shown in the Income and Expenditure after deducting Prior period Expenditure (-545261) from Prior period Income(20053) is recorded as (-525208) instead of 5,65,314/-.

10. The closing balance of the two following mentioned non existing bank account is wrongly entered in the RP 40(b) schedule. (A/c 5764547173 CB 0, A/c no 576547173 CB 1,68,617/-)

11. The closing balance of Distress Relief Fund as per B-2 Schedule differs from that of RP40(b) and B-17 Schedule.

12.The details of administrative expenses of MGNREGS and the amount credited directly to beneficiaries are not included in the Annual Financial Stratement.

13. The advance amount to be recouped as per MGNREGS cash book differs from that of AFS. Details are as shown below.

| | Amount to be recouped at the beginning of the year | Amount recouped during the year | Advance amount given during the year | Amount to be recouped at the end of the year |
|---|---|---|---|---|
| As per AFS | 20,59,387 | 16,09,519 | 14,12,000 | 22,56,906 |
| As per Cashbook | not available | 14,12,000 | 14,12,000 | not available |

14. The amount expended in respect of deposit works (Rs.19,906/- to KSEB and Rs. 2,50,946/- to Kerala Water Authority) is not included in B-18 Schedule of AFS.

# അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്